കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2016 മേയ്
വില ₹15



# ഇരട്ടി പുണ്യം



## കാരുണ്യയും കാരുണ്യ പ്ലസും

### കാരുണ്യ പ്ലസ്

എല്ലാ വ്യാഴാഴ്ചയും

ഒന്നാം സമ്മാനം

₹1 കോടി

രണ്ടാം സമ്മാനം

₹15 ലക്ഷം

മൂന്നാം സമ്മാനം

₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

ടിക്കറ്റ് വില ₹50

10000, 5000, 1000, 500,100

രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

### കാരുണ്യ

**ചികിത്സാ ധനസഹായ പദ്ധതി**

കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള ലാഭം വിനിയോഗിക്കുന്നു ഇതുവരെ ചികിത്സാ സഹായമായി 92458 രോഗികൾക്ക് നൽകിയത് 746.76 കോടി രൂപ

**കാരുണ്യ, കാരുണ്യ പ്ലസ്**

ഭാഗ്യക്കുറികൾ വാങ്ങൂ..

ഭാഗ്യം പരീക്ഷിക്കൂ...

ഇതു നമ്മുടെ കടമ കൂടിയാണ്

### കാരുണ്യ

എല്ലാ ശനിയാഴ്ചയും

ഒന്നാം സമ്മാനം

1 കോടി

ടിക്കറ്റ് വില ₹50

രണ്ടാം സമ്മാനം

₹10 ലക്ഷം

മൂന്നാം സമ്മാനം

₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

**കേരള സംസ്ഥാന ഭാഗ്യക്കുറി** വിശ്വസ്തം സുതാര്യം ജനകീയം

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**മേയ് 2016**
**വില ₹15**
**വാർഷികവരിസംഖ്യ ₹160**

## ഉള്ളടക്കം

## ഭാവിയിലേക്ക് ചൊല്ലിയും തുഴഞ്ഞും

**വിഷ്ണുനാരായണൻ നമ്പൂതിരി** **6**



മലയാളത്തിലെ പ്രമുഖ കവിയായ വിഷ്ണുനാരായണൻ നമ്പൂതിരി അദ്ദേഹത്തിന്റെ കുട്ടിക്കാലാനുഭവങ്ങൾ ഓർത്തെടുക്കുന്നു. അന്നത്തെ ജീവിത രീതിയും അനുഭവങ്ങളും കവിയായും ഗുരുവായും വളർന്നപ്പോഴും മറക്കാതിരുന്ന കഥ.

## അറാൽക്കടലിന്റെ കഥ

**എസ് ശാന്തി** **10**



മധ്യേഷയിൽ കസാക്കിസ്താനും ഉസ്ബക്കിസ്താനും ഇടയിലാണ് അറാൽക്കടൽ പക്ഷേ അവിടമിന്ന് ഒരു മരുഭൂമി യാണ്. അറാൽക്കടലിലേക്ക് വെള്ളമെത്തിക്കുന്ന രണ്ടു നദി കളുടെ വഴിതിരിച്ചുവിടൽ. അത് ഒരു കടലിനെത്തന്നെ കൊന്ന കഥ വായിക്കൂ.

## ശ്രീബുദ്ധനും പണ്ഡിതനും

**എം എൻ കാരശ്ശേരി** **16**

മാതൃഭാഷയെപ്പറ്റി ഒരു പുതിയ പംക്തി ആരംഭിക്കുന്നു. വിരൽ തൂലികയാക്കി മണലിലെഴുതി ഭാഷ തുടങ്ങുന്ന മലയാളികൾക്കായി വിരലും മണലും എന്ന പംക്തി. 'ശ്രീബുദ്ധനും പണ്ഡി തനും' എന്ന ലേഖനമാണ് ആദ്യം.



**സ്നേഹപൂർവ്വം**.........................4
കെ സി ജോസഫ്
**മുൻമൊഴി** .................................5
സുഗതകുമാരി
**കവിതാപരിചയം**.......................14
വൈലോപ്പിള്ളിൽ ശ്രീധരമേനോൻ
**ഇഴജന്തുക്കളും മനുഷ്യരും**......18
എൻ എ നസീർ
**വേനൽ**.......................................21
കെ കെ പല്ലശ്ശന
**കിളിമരം**.....................................22
ഗ്രേസി
**മഞ്ഞ്**.........................................25
ഇന്ദിരാ അശോക്
**ഇരട്ടത്തൊട്ടിൽ**........................26
പി വത്സല
**ആരു നൽകി?**...........................29
ഹിത പി വി
**ജാതകകഥ**.................................32
വെങ്കി
**കീടാണു**....................................35
കുരീപ്പുഴ വിൻസെന്റ്
**സ്കൂളറിവ്**.................................36
വൈശാഖൻ തമ്പി
**എസ് എസ് എൽ സി കഴിഞ്ഞു, ഇനിയെന്ത്**............................36
പ്രൊഫ. സി പി അരവിന്ദാക്ഷൻ
**സ്വർണക്കോട്ടയിലെ മയിൽ**.......40
സത്യജിത് റായ്
പുനരാഖ്യാനം : എം ചന്ദ്രപ്രകാശ്
**മഹാഭാരതം**...............................44
സുഗതകുമാരി
**അക്ഷരചിത്രം**..........................51
ഭരണിക്കാവ് കൃഷ്ണൻ

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)
ചീഫ് എഡിറ്റർ
**സുഗതകുമാരി**
എഡിറ്റർ & ഡയറക്ടർ
**ഡോ. പോൾ മണലിൽ**
എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ
**ബോബി എം പ്രഭ**
ആർട്ട്
**അരുണ ആലഞ്ചേരി**
ലേ ഔട്ട്
**വിഷ്ണു പി എസ്**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org,**
**director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

## സ്നേഹപൂർവ്വം

പ്രിയപ്പെട്ട കുട്ടികളേ,

മേയ് 22 ലോക ജൈവവവൈവിദ്ധ്യദിനമാണ്. നമ്മുടെ ചുറ്റുപാടും എത്രത്തോളം ജീവരൂപങ്ങൾ ഉണ്ടെന്നോ! അവയുടെ എണ്ണം എത്ര കൂടുന്നുവോ അത്രത്തോളം ജൈവവൈവിദ്ധ്യം അവിടെയുണ്ടാകും. സസ്യങ്ങളോ ജന്തുക്കളോ മാത്രമായാൽ ജൈവവൈവിദ്ധ്യം ആകില്ല. അവയുടെ ആവാസവ്യവസ്ഥ കൂടി പരിഗണിക്കണം. ആവാസവ്യവസ്ഥയിൽ മാറ്റം വന്നാൽ ആ ജീവികൾ തന്നെ ഇല്ലാതാവാം. ജീവികൾ ഇല്ലാതായാൽ നമ്മൾ മനുഷ്യർപോലും ഇല്ലാതായേക്കാം. അത്രയ്ക്കുണ്ട് അതിന്റെ പ്രാധാന്യം.

ജൈവവൈവിദ്ധ്യത്തിന്റെ പ്രാധാന്യം നമ്മുടെ സാധാരണ ജനങ്ങളിലേക്കും എത്തിക്കണ്ടേ? അതിന് നമുക്കൊരു പരിപാടി ആസൂത്രണം ചെയ്യാം. മുതിർന്നവരുടെ സഹായവും ഇക്കാര്യത്തിൽ വേണം. ജൈവവൈവിദ്ധ്യവുമായി ബന്ധപ്പെട്ട് നിരവധി വീഡിയോ ഡോക്യുമെന്ററികൾ ലഭ്യമാണ്. ഇന്റർനെറ്റിൽ നിന്നും ഇവ ശേഖരിക്കാനാകും. ഈ ഡോക്യുമെന്ററികൾ ഉപയോഗിച്ച് നമുക്കൊരു പ്രദർശനം സംഘടിപ്പിക്കാം. ജൈവവൈവിദ്ധ്യവും അതിന്റെ പ്രാധാന്യവും നാട്ടിലെ സാധാരണ മനുഷ്യർക്കു ബോധ്യപ്പെടുത്താനായ് ഒരു പ്രദർശനം.

ഡോക്യുമെന്ററികൾ പലതും ഇംഗ്ലീഷിലായിരിക്കും. അതുകൊണ്ടുതന്നെ അവ വെറുതേ കാണിച്ചാൽ എല്ലാവർക്കും മനസ്സിലാകണമെന്നില്ല. ഇവിടെയാണ് നിങ്ങൾ ഇടപെടേണ്ടത്. നല്ല മുന്നൊരുക്കം നടത്തിവേണം ഈ പരിപാടികൾ സംഘടിപ്പിക്കാൻ. പ്രദർശനത്തിനു മുൻപ് നിങ്ങൾ ഒന്നിച്ചിരുന്ന് ഈ ഡോക്യുമെന്ററികൾ കാണണം. അധ്യാപകരുടെയോ പരിസ്ഥിതി പ്രവർത്തകരുടെയോ സഹായത്തോടെ അവയിലെ ഓരോ കാര്യവും വിശദമായി മനസ്സിലാക്കുകയും വേണം.

നാട്ടുകാർക്കായുള്ള പ്രദർശനസമയത്ത് നിങ്ങൾ ഇടയ്ക്കിടെ അതിൽ ഇടപെടണം. ഡോക്യുമെന്ററിയിൽ പറയുന്ന കാര്യങ്ങൾ നാട്ടുകാരുമായി പങ്കുവയ്ക്കണം. അതിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തണം. കുട്ടികൾ പറഞ്ഞാൽ അവർ കേൾക്കും. അവർക്കും ഇതിന്റെ പ്രാധാന്യം ബോധ്യപ്പെടും. നല്ല സംവാദങ്ങളും നടക്കും.

ജൈവവൈവിദ്ധ്യം, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളിൽ നാട്ടിലെ ഓരോരുത്തരെയും നമുക്കു സാക്ഷരരാക്കാം. മറ്റു ജീവജാലങ്ങളുടെ നിലനിൽപ്പ് നമുക്കുവേണ്ടിത്തന്നെയാണ് എന്ന ബോധ്യം എല്ലാവരിലും ഉണ്ടാക്കാം. എന്താ ശ്രമിച്ചുനോക്കിക്കൂടേ?

സ്നേഹപൂർവ്വം,

**കെ സി ജോസഫ്**

(സാംസ്കാരികവകുപ്പു മന്ത്രി)

22 MAY 2016

INTERNATIONAL DAY FOR BIOLOGICAL DIVERSITY

**Mainstreaming Biodiversity;**

Sustaining People and their Livelihoods

# ഉത്സവം കാണാൻ പോകാം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങൾ ഉത്സവം കണ്ടിട്ടുണ്ടോ? കാണാതെയിരിക്കാൻ സാധ്യമല്ലല്ലോ. എല്ലാ അമ്പലങ്ങളിലും പള്ളികളിലും ഉത്സവമുണ്ട്. ആ പ്രദേശം മുഴുവൻ ആഘോഷിക്കുന്ന ദിവസങ്ങൾ. നിറയെ നിറയെ വിളക്കുകൾ, കച്ചവടങ്ങൾ, വാദ്യമേളങ്ങൾ, അലങ്കരിച്ച ക്ഷേത്ര പരിസരങ്ങൾ. ഉച്ചഭാഷിണിയിലൂടെ 'ഉച്ചത്തിൽ' നിരന്തരം പ്രവഹിക്കുന്ന പാട്ടുകൾ, അറിയിപ്പുകൾ, സ്വർണനെറ്റിപ്പട്ടം കെട്ടിയ കൊമ്പനാനകൾ. അതിഗംഭീരമായ വെടിക്കെട്ട്. ഇതിനിടയിലെങ്ങോ ദേവനോ ദേവിയോ എഴുന്നള്ളിവരും, കടന്നുപോകും. രാത്രിയായാൽ പിന്നെ ഗാനമേളകൾ, മിമിക്രി, സംഘനൃത്തമേളങ്ങൾ, നാടകങ്ങൾ, രാത്രിയിൽ വീണ്ടും ഉഗ്രൻ വെടിക്കെട്ട്. ഇതെല്ലാം കൂടിച്ചേർന്നതാണ് ഉത്സവം.

എന്റെ കുഞ്ഞുങ്ങളേ, ഇതെല്ലാം കണ്ടു രസിച്ച് ഐസ്മിഠായിയും നുണഞ്ഞ് ബലൂണും ഉയർത്തിപ്പിടിച്ച് അച്ഛന്റെയോ അമ്മയുടെയോ കൈപിടിച്ച് വീട്ടിലേക്കു മടങ്ങണമെന്നല്ലേ നിങ്ങളുടെ വിചാരം?

എന്നാൽ ആറായി ചിതറിത്തെറിക്കുന്നവരുടെ ഇടയിൽ കൈകാലുകൾ അറ്റോ പൊള്ളിപ്പിടഞ്ഞോ സ്ട്രെച്ചറിൽ കയറി ആശുപത്രിയിലേക്കു പോകേണ്ടി വന്നാലോ? അച്ഛനമ്മമാരെ കാണാനില്ല. അവർ എവിടെയോ ചിതറി കഷണങ്ങളായി കിടക്കുന്നുണ്ടാവാം. എത്ര നിലവിളിച്ചാലും അവർ വന്നില്ലെങ്കിലോ? നിങ്ങൾക്കെന്തുപറ്റും? നിങ്ങളുടെ കുടുംബത്തിനെന്തുപറ്റും? ഇതൊക്കെ ആലോചിക്കാൻ സമയമായിരിക്കുന്നു.

കഴിഞ്ഞ ഒരു ദശകത്തിൽ ആന ഇടഞ്ഞ് കൊല്ലപ്പെട്ടവർ 415 ആണ് എന്നതുകൂടി ഇതോടു ചേർത്തുവായിക്കുക.

ആർക്കുവേണ്ടിയാണീ വെടിക്കെട്ടും ആനയെഴുന്നള്ളിപ്പും? ഇവയൊന്നും മതം കൽപ്പിച്ചിട്ടുള്ള പൂജാവിധികളല്ല. കുറേപ്പേർക്കു പണമുണ്ടാക്കാൻ വേണ്ടി അഹങ്കാരത്തോടെ, മത്സരബുദ്ധിയോടെ നിലവിലുള്ള നിയമങ്ങൾ ലംഘിച്ചുകൊണ്ടു നടത്തുന്നവയാണ്.

'ഇന്നലെച്ചെയ്തോരബദ്ധം മൂഢർ-
ക്കിന്നത്തെയാചാരമാവാം
നാളത്തെ ശാസ്ത്രമതാവാം അതിൽ
മൂളായ്ക സമ്മതം രാജൻ'

എന്ന് ഇന്നലെ മഹാകവി കുമാരനാശാൻ പാടി. 'കരിയും കരിമരുന്നും വേണ്ട' എന്ന് നമ്മുടെ നാരായണ ഗുരുദേവൻ കൽപ്പിച്ചു. എന്നിട്ടെന്തുണ്ടായി?

കുഞ്ഞുങ്ങളേ, ദേവതകൾക്ക് ഇതൊക്കെ ആവശ്യമുണ്ടോ? ഇതു തെറ്റല്ലേ, ക്രൂരതയല്ലേ, മഹാപാപമല്ലേ?

ആലോചിച്ചു നോക്കുവിൻ. നാട്ടാനകളുടെ എഴുന്നള്ളിപ്പിനെപ്പറ്റി അടുത്ത ലക്കത്തിൽ.

സ്നേഹത്തോടെ,
**സുഗതകുമാരി**



ഒരു പുതിയ പംക്തി തുടങ്ങുകയാണ്. നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും മഹത്തായ സംഭാവനകൾ നൽകിയ വ്യക്തികൾ അവരുടെ കുട്ടിക്കാലം ഓർത്തെടുക്കുന്നു. ആധുനികമായ സൗകര്യങ്ങൾ ഒന്നുമില്ലാത്ത, ഇന്ന് ആലോചിക്കുമ്പോൾ പ്രാകൃതമെന്നു തോന്നുന്ന ആ ഭൂതകാലത്തിൽ നിന്നാണ് അവർ നമുക്കുവേണ്ടി സുന്ദരമായ ഭാവി നെയ്തെടുത്തത്. വായിക്കൂ. കുട്ടിക്കാലത്തിന്റെ 'മധുര'സ്മരണകൾ.

# ഭാവിയിലേക്ക് ചൊല്ലിയും തുഴഞ്ഞും

**വിഷ്ണുനാരായണൻ നമ്പൂതിരി**

ഏതാണ്ടു പത്തു വയസ്സായിക്കാണണം. അപ്പോഴാണ് സർക്കാരിൽ നിന്ന് ഒരുദ്യോഗസ്ഥൻ വന്ന് ഞങ്ങൾ കുട്ടികളുടെയൊക്കെ അറിവു പരിശോധിച്ച് സ്കൂളിൽച്ചേർക്കണ കാര്യം പറഞ്ഞത്. ഞങ്ങളഞ്ചു പേരായിരുന്നു. ഞാൻ, അമ്പാട്ടി, തങ്കമ്മ, മണി, കൊച്ചുകുട്ടായി. രണ്ടുപേരെ അഞ്ചിലും മൂന്നുപേരെ മൂന്നിലും ഇരുത്താമെന്ന് അദ്ദേഹം പറഞ്ഞു. ഒറ്റക്കെട്ടായിട്ടാണ് ഞങ്ങൾ നടന്നിരുന്നത്, കളിച്ചിരുന്നത്. കൂട്ടുപിരിയാൻ വയ്യായിരുന്നു. ഞങ്ങൾ സമപ്രായക്കാരായിരുന്നോ എന്നൊന്നും ഓർമയില്ല. എന്തായാലും മൂന്നിൽ ഒരുമിച്ചു മതിയെന്നു വാശിപിടിച്ചു. എന്നെ അഞ്ചാംക്ലാസ്സിൽ ചേർക്കാമെന്നാണ് തീരുമാനിച്ചിരുന്നത്. ഒടുവിൽ വാശി ജയിച്ചു. എല്ലാവരും മൂന്നാം ക്ലാസ്സിലായി. തുടർന്നു പഠിക്കും, ജോലിക്കു പോകും എന്നൊന്നും അന്നോർത്തിരുന്നില്ല.

മൂന്നാംക്ലാസു മുതൽ എങ്ങനെ സ്കൂളിച്ചേരും എന്നൊന്നും ആലോചിച്ചു തലപുകയ്ക്കണ്ട. അന്ന് അങ്ങനെയാണ്. ഒന്നാം ക്ലാസ്സു മുതലുള്ള സാമ്പ്രദായികവിദ്യാഭ്യാസമൊന്നും അല്ല. വീട്ടിൽ വേദപഠനം നിർബ്ബന്ധമായിരുന്നു. മുത്തശ്ശൻ വിഷ്ണുനാരായണൻ നമ്പൂതിരി സംസ്കൃതം പഠിപ്പിക്കും. ചൊല്ലിയാണു പഠിപ്പിക്കുക. എഴുതിയല്ല. സിദ്ധരൂപവും അമരകോശവും ബാലപ്രബോധനവും ശ്രീരാമോദന്തവും ശ്രീകൃഷ്ണചരിതവും രഘുവംശവുമൊക്കെ ക്രമമായി ചൊല്ലിപ്പഠിച്ചതാണ്.


വിഷ്ണുനാരായണൻ നമ്പൂതിരി

പഠനത്തിന് ഇന്ന സമയമെന്നൊന്നില്ല. ഒഴിവു കിട്ടുമ്പോഴൊക്കെ മുത്തശ്ശൻ സംസ്കൃതം ചൊല്ലിപ്പഠിപ്പിക്കും. ഉരുവിട്ടുരുവിട്ടാണ് കാളിദാസകൃതിവരെ എത്തിയത്. പിൽക്കാലത്ത് കവിതയെഴുത്തിന് ഈ സംസ്കൃതാധ്യയനം ഒരുപാടു സഹായിച്ചിട്ടുണ്ട്. ചിട്ടയായ പഠനം. അതു വലിയ കാര്യമാണ്. കുട്ടികൾക്കു തീർച്ചയായും വേണ്ടത്.

സംസ്കൃതം പഠിച്ചുവന്ന ഞാനെങ്ങനെ

ഇംഗ്ലീഷദ്ധ്യാപകനായെന്നു ചോദിച്ചാൽ അതിനു കടപ്പാട് ഷെപ്പേർഡ് സാറിനോടാണ്. സി എ ഷെപ്പേർഡ് സാറിന്റെ ശിഷ്യനായിരുന്നു ഞാൻ, ചങ്ങനാശ്ശേരി എസ് ബി കോളേജിൽ. സാർ ഇംഗ്ലീഷ് പഠിപ്പിക്കുന്നതു കേട്ടാൽ മുത്തശ്ശനെ ഓർമവരും. ഒരേ താളമായിരുന്നു രണ്ടാൾക്കും. ഒന്നു സംസ്കൃതം മറ്റൊന്ന് ഇംഗ്ലീഷ്. ഭാഷയിലേ വ്യത്യാസമുള്ളൂ. മനുഷ്യൻ എല്ലായിടവും ഒന്നു തന്നെ. ക്ലാസ് കഴിഞ്ഞാലും പിന്നെയും വീട്ടിൽവച്ചുമൊക്കെ ഇംഗ്ലീഷ്സാഹിത്യം പഠിപ്പിക്കാൻ സാർ സമയം കണ്ടെത്തും. ഫിസിക്സ് ഐച്ഛികമായെടുത്തു പഠിച്ച എനിക്ക് ഇംഗ്ലീഷിന് അഡ്മിഷൻ കിട്ടുന്നതുതന്നെ ഷെപ്പേർഡ് സാറിന്റെ ശിഷ്യനാണെന്നു പ്രിൻസിപ്പാളിനോട് പറഞ്ഞതുകൊണ്ടാണ്.

തിരികെ ജന്മനാട്ടിലേക്കു പോയെങ്കിലും വൈകാതെ സാർ കേരളത്തിലേക്കു തിരിച്ചുവന്നു. ഗംഭീരയാത്രയയപ്പു കൊടുത്താണ് ഞങ്ങൾ സാറിനെ തിരിച്ചയച്ചത്. നടൻ പ്രേംനസീർ ആയിരം രൂപയാണു തന്നത്. അന്ന് അത് വലിയ തുകയാണ്. പക്ഷേ ഒരു വർഷത്തിനുള്ളിൽ സാർ മടങ്ങി. പഠിപ്പിക്കാതിരുന്നാൽ വീട്ടിൽ പോയി എന്ന തോന്നലുണ്ടാവില്ല എന്നായിരുന്നു ന്യായം. പാവം, കോഴിക്കോട് വച്ച് ബസ്സിൽ യാത്രചെയ്യുന്ന നേരത്തായിരുന്നു അന്ത്യം.

കുട്ടിക്കാലത്തേക്കു തിരിഞ്ഞു നോക്കുമ്പോൾ ഇന്ന് കൗതുകമെന്നു തോന്നുന്ന ഒരുപാടനുഭവങ്ങൾ ഓർമവരും. അന്നു പ്രത്യേകിച്ച് വേഷമൊന്നും ഉണ്ടായിരുന്നില്ല. വീട്ടിൽ കൗപീനമാണു കുട്ടികൾക്ക്. സ്കൂളിൽ നിക്കറിട്ടുപോകും. ഒരു ഷർട്ടും ഒരു നിക്കറുമേ ഉണ്ടായിരുന്നുള്ളൂ. മുൻകുടുമയും പിന്നെ യഥാവിധി കർമങ്ങൾ


സി എ ഷെപ്പേർഡ്

ചെയ്തു പൂണൂലിട്ടു. അന്നൊക്കെ സമാവർത്തനം കഴിഞ്ഞാലേ മുണ്ടുടുക്കാൻ പാടുള്ളൂ. ഇന്നും മുണ്ടേ ഉടുക്കാറുള്ളൂ. പാന്റ് എന്നൊരു വസ്ത്രം ധരിച്ചിട്ടേയില്ല. ഒരെണ്ണം ഖദർ കൊണ്ടുള്ളതു തയ്പ്പിച്ചിരുന്നു. അതും ഒരു തവണയോ മറ്റോ ഉപയോഗിച്ചിട്ടുള്ളൂ.

വീട്ടിൽ വൈദ്യുതിയുണ്ടായിരുന്നില്ല. കുട്ടിക്കാലത്തും കോളേജിൽ പഠിക്കുമ്പോഴും വിവാഹിതനായപ്പോഴും ഒന്നും വൈദ്യുതിയുള്ള വീട്ടിലല്ല താമസിച്ചത്. മണ്ണെണ്ണവിളക്കും എണ്ണവിളക്കുമായിരുന്നു വായനയ്ക്കും എഴുത്തിനും വീട്ടാവശ്യത്തിനും. വീട്ടിൽ ഒരു കോലുവിളക്കുണ്ടായിരുന്നു. കുട്ടികൾ അതിനു ചുവട്ടിൽ കമിഴ്ന്നു കിടന്ന് പുസ്തകം പിടിച്ചാണ് വായിക്കുക. പുസ്തകം എന്നൊന്നു പ്രൈമറി ക്ലാസിലുണ്ടായിരുന്നില്ല. അദ്ധ്യാപകർ പഠിപ്പിക്കുന്നതു പഠിക്കും. ഭാഷയും ചരിത്രവും ഭൂമിശാസ്ത്രവും കണക്കും. ഹൈസ്ക്കൂൾ ക്ലാസിലെത്തിയപ്പോഴാണ് പാഠപുസ്തകങ്ങൾ കിട്ടുന്നത്. സയൻസ് ഹൈസ്ക്കുളിലേ ഉള്ളൂ.


വര: സചീന്ദ്രൻ കാറഡ്ക്ക

ഏതുനേരവും കളിയാണ്. ഓലകൊണ്ടുണ്ടാക്കിയ ഓലപ്പന്തും പിന്നെ റബർപന്തും. കുടു കുടു എന്നൊരു കളിയുമുണ്ട് ഇടയ്ക്ക്. ചുറ്റും പാടവും വെള്ളവുമായിരുന്നതിനാൽ കൊതുമ്പു തോണിയിൽ കൂട്ടുകാരുമൊന്നിച്ച് യാത്രപോവാറുണ്ട്. ചെറിയ ചെറിയ യാത്രകൾ. പേടിയേ ഉണ്ടായിരുന്നില്ല. പമ്പാ നദിക്ക് അക്കരെയിക്കരെ നീന്തിയിട്ടുണ്ട്. നദിയിൽ ചിലപ്പോൾ ഒഴുക്കു കൂടും. അപ്പോൾ തോണി തുഴയുന്നതിന് ചില പൊടിക്കൈകൾ പ്രയോഗിക്കണം. ഓരം പിടിക്കുക, വാരം പിടിക്കുക അങ്ങനെയൊക്കെ.

ഒരിക്കൽ മാത്രം അച്ഛൻ വഴക്കു പറഞ്ഞിട്ടുണ്ട്. വള്ളവുമായി പോയി തിരികെയെത്താൻ വൈകിയപ്പോൾ മങ്കൊമ്പിലായിരുന്നു അമ്മവീട്. നല്ല ഒഴുക്കുണ്ടാവും നദിക്ക് അവിടെ. ഈ തുഴച്ചിൽപരിശീലനങ്ങൾ പിൽക്കാലത്ത് ഒരുപാടു പ്രയോജനപ്പെട്ടിട്ടുണ്ട്.

കീഴ്ക്കണക്കിൽ ഒന്നിനു താഴെയുള്ള ഭിന്നങ്ങൾക്ക് പേരുകളുണ്ടായിരുന്നു. അവയുടെ പട്ടികയും പഠിപ്പിച്ചിരുന്നു.

| | |
|---|---|
| ഒന്ന് | 1 |
| മുക്കാൽ | 3/4 |
| അര | 1/2 |
| കാൽ | 1/4 |
| അരക്കാൽ | 1/8 |
| മാകാണി | 1/16 |
| അരമാ | 1/40 |
| കാണി | 1/80 |
| മുണ്ടാണി | 3/16 |
| മുന്തിരി | 1/320 |



കൈലാത്ത് ഗോവിന്ദപ്പിള്ളയാശാൻ

ഇംഗ്ലണ്ടിലെ ടെംസ് നദി (River Thames), കേംബ്രിജിലെ കാം (River Cam) നദിയിലൊക്കെ ഞാൻ പലമാതിരി ബോട്ടുകൾ തുഴഞ്ഞിട്ടുണ്ട്. എന്നെ 'പ്രൊഫസർ ഓഫ് പുണ്ടിങ്' (punting*) ആക്കാമെന്ന് ഒരിക്കൽ ഒരു ക്ഷണം കിട്ടിയതുപോലുമാണ്. വള്ളം മാത്രമല്ല കമ്പമുള്ളത്. സൈക്കിളാണ് എന്റെ മറ്റൊരു ഇഷ്ടവാഹനം. എവിടെയും ഞാൻ സൈക്കിൾസവാരി നടത്തും. കോളേജദ്ധ്യാപകനായപ്പോഴും ആ ശീലം ഉപേക്ഷിച്ചില്ല. മറ്റൊരു വാഹനവും ഓടിക്കാനറിയുകയുമില്ല.

അക്ഷരം തുടങ്ങിച്ചത് ആശാനായിരുന്നു. നിലത്തെഴുത്തായിരുന്നു. അന്ന് മേക്കണക്കും കീഴ്ക്കണക്കും പഠിക്കണം. ഒന്നിനു മുകളിലുള്ള



*വള്ളംതുഴയൽ

സംഖ്യകളുടെ പട്ടികയാണ് (എഞ്ചുവടി) മേക്കണക്ക്. ഒന്നിനുതാഴെയുള്ള സംഖ്യയുടെ പട്ടിക കീഴ്ക്കണക്കും. കീഴ്ക്കണക്കു പഠിപ്പിക്കുന്ന ഏകരാജ്യം ഭാരതമാണ്. ഭാരതത്തിൽത്തന്നെ കേരളവും. 1/432 ന്റെ ഭിന്നങ്ങൾ വരെ പഠിച്ചിട്ടുണ്ട്. കൈലാത്ത് (കൈലാസത്ത്) ഗോവിന്ദപ്പിള്ളയാശാനാണ് ഈ കണക്കൊക്കെ പഠിപ്പിക്കുന്നത്. ആശാന്റെ ചിത്രം ഇപ്പോഴും വീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്. എഴുന്നേറ്റാലുടൻ കണികാണുക ആശാനെയാണ്.

മൂന്നുനേരവും വീട്ടിൽ കഞ്ഞിയോ ചോറോ ഒക്കെയായിരിക്കും. പലഹാരം ഒന്നുംപതിവില്ല. പത്തുനാൽപത് അംഗങ്ങൾ ഉള്ള കൂട്ടുകുടുംബമായിരുന്നു. ഉച്ചയ്ക്കുണ്ണാൻ തന്നെ നാൽപതിലേറെപ്പേരുണ്ടാവും.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ തീരെച്ചെറിയ പ്രായമായിരുന്നു. ജാഥയൊക്കെ പോകുന്നതു നോക്കി നിൽക്കുമായിരുന്നു. അച്ഛന്റെ അനിയൻ (പ്രശസ്ത അഡ്വക്കേറ്റായ ഈശ്വരൻ നമ്പൂതിരി) ജാഥയൊക്കെ വിളിച്ചു നടന്നുപോകുന്നതു കാണുമ്പോൾ ഒറ്റയ്ക്കും കൂട്ടമായും ജാഥവിളിക്കും. ഗാന്ധിജി, കോൺഗ്രസ്, ഖദർ ഇതൊക്കെ പരിചയപ്പെടുത്തിയത് ഈശ്വരൻനമ്പൂതിരിയാണ്.

ഒരുപാടൊന്നും ഓർക്കാനില്ല. പഠിച്ചു വളർന്നു. കവിത ആദ്യമെഴുതിയതേത് എന്നൊന്നും ഓർമയില്ല. ചില കവിതകൾ ഉണ്ടാക്കി കുട്ടിക്കാലത്തു ചൊല്ലിക്കാണും. അതൊന്നും ഇപ്പോൾ ഓർക്കുന്നില്ല.

*തയ്യാറാക്കിയത്:*
*ഡോ. രാധിക സി നായർ*


## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പുസ്തകങ്ങൾ

**അപ്പൂന്റെ ഘടികാരം**
കെ പി മുരളീധരൻ
180രൂപ

**തൈ നടാനും ചില കാരണങ്ങൾ**
വെങ്കി
130രൂപ

**ഒളിക്കാൻ ഒരിടം**
ടി ആർ രാജേഷ്
110രൂപ

**എവിടെ എന്റെ ഡിപ്പി**
രാജീവ് എൻ ടി
100രൂപ

**കത്തിരിക്കക്കഥകൾ**
ജി എസ് ഉണ്ണികൃഷ്ണൻ നായർ
75രൂപ

**നെല്ലിക്ക**
രാധാകൃഷ്ണൻ എടച്ചേരി
40രൂപ

**ജി ശങ്കരക്കുറുപ്പ്**
ആര്യനാട് സനൽകുമാർ
100രൂപ

**ലണ്ടൻ യാത്ര**
കുസുമം പുന്നപ്ര
35രൂപ

**മീരയും കൂട്ടുകാരും**
ജോസാന്റണി കുറിപ്പുഴ
85രൂപ

പുസ്തകങ്ങൾ തിരുവനന്തപുരം പാളയം സംസ്കൃതകോളേജ് കാമ്പസിലെ പുസ്തകശാലയിൽ ലഭ്യമാണ്. ഡിഡി/മണിയോർഡർ ആയി പണമയച്ചാൽ കൊറിയറിലും പുസ്തകം ലഭിക്കും. വിശദവിവരത്തിന് എഴുതുക.

സെയിൽസ് വിഭാഗം
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്
തിരുവനന്തപുരം 34 ഫോൺ: 0471 2327276

email: sales@ksicl.org



# അറാൾക്കടലിന്റെ കഥ

എസ് ശാന്തി

*"അറാൾക്കടലേ മാപ്പു തരൂ...*
*ഭൂമിയിലേക്ക് തിരികെ വരൂ..."*



ഒരു വിശാലമരുഭൂമി. അവിടെ മണലിൽ പൂഴ്ന്നു കിടക്കുന്ന ഒരു കപ്പലിന്റെ പുറത്ത് ആരോ എഴുതിവച്ച വരികളാണിവ. അതെ, ഒരിക്കൽ അവിടം വലിയൊരു തടാകമായിരുന്നു. വിസ്തൃതിയിൽ ലോകത്ത് നാലാം സ്ഥാനത്തിന് അർഹയായിരുന്ന അറാൾക്കടൽ എന്ന തടാകം!

സിർദാര്യ, അമുദാര്യ എന്നീ മധ്യേഷ്യൻ നദികളിലെ ജലം ഒഴുകിയെത്തിയുണ്ടായ ഒരു വലിയ തടാകമായിരുന്നു അത്. പ്രകൃതിരമണീയവും ജൈവവൈവിധ്യസമൃദ്ധവുമായിരുന്നു ആ ജലാശയം. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് മുപ്പതുലക്ഷത്തിൽപ്പരം ഗ്രാമീണരാണ് അറാൾക്കടലിനെ മാത്രം ആശ്രയിച്ചു ജീവിച്ചിരുന്നത്. പ്രതിവർഷം 50,000 ടൺ വരെ മീൻ പിടിച്ചിരുന്ന ഭീമൻ കപ്പലുകൾ അവിടെ മത്സ്യബന്ധനം നടത്തിയിരുന്നു.

പക്ഷേ കഴിഞ്ഞ അര നൂറ്റാണ്ടിനിടയിൽ 68,000 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുണ്ടായിരുന്ന കടൽ വറ്റിവരണ്ട് വന്ധ്യവും മലിനവുമായ നരകഭൂമിയായി മാറി. മനുഷ്യമനസ്സാക്ഷിയെ വേട്ടയാടുന്ന ദുരന്തകഥയാണിത്.

## നാമെങ്ങനെ ഒരു കടലിനെ കൊന്നു?

1960 കൾ. അന്നത്തെ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയൻ (USSR) ഒരു തീരുമാനമെടുത്തു. മരുഭൂമിയിൽ പരുത്തിക്കൃഷി നടത്തുക! വെളുത്ത സ്വർണം എന്നറിയപ്പെടുന്ന പരുത്തികൃഷി മരുഭൂമിയിൽ വ്യാപിപ്പിക്കാനുള്ള ബൃഹത് പദ്ധതി. കസാക്കിസ്താനിലെയും ഉസ്ബെക്കിസ്താനിലെയും മരുഭൂമികളിൽ ഇതിനായി വെള്ളമെത്തിക്കണം. സോവിയറ്റ് യൂണിയൻ അതിനൊരു ഉപായം കണ്ടെത്തി. സിർദാര്യ, അമുദാര്യ എന്നീ നദികളിൽ 45 അണക്കെട്ടുകളും 80 ൽപ്പരം കൃത്രിമ ജലാശയങ്ങളും നിർമിക്കുക. എന്നിട്ട് ഏകദേശം 60,000 കി. മീ. നീളത്തിൽ ഭീമൻ കനാലുകൾ പണിത് നദീജലം തിരിച്ചുകൊണ്ടുപോയി മരുഭൂമിയെ ജലഭൂമിയാക്കുക! പരുത്തി, ഗോതമ്പ് വയലുകളിൽ ജലസേചനം നടത്തുന്ന പദ്ധതി അതിവേഗമാണ് നടപ്പിലായത്. ഇതോടെ സിർദാര്യയുടെയും അമുദാര്യയുടെയും ഗതി മാറി. പത്തുവർഷത്തിനകം സിർദാര്യയിൽ നിന്ന് അറാൾക്കടലിലേക്കുള്ള ഒഴുക്ക് പൂർണമായും നിലച്ചു. അമുദാര്യ ഒരു നേർത്ത ചാലായി മാറി.

അറാൾക്കടലിലെ ജലത്തിന്റെ അളവ് വളരെപ്പെട്ടെന്ന് നാലിലൊന്നുപോലും ഇല്ലാതായി. കടലിന്റെ ഉപരിതലവിസ്തൃതി

അറാൽക്കടൽ ആഴം കുറഞ്ഞ, ഉപ്പ് സാന്ദ്രീകരിക്കുന്ന നാലോ അഞ്ചോ തടാകങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. കസാക്കിസ്താനിലെ വടക്കൻ അറാൽക്കടൽ എന്ന ചെറിയ ജലാശയവും ഉസ്ബെക്കിസ്താനിലെ തെക്കൻ അറാൽക്കടൽ എന്ന വലിയ ജലാശയവുമാണ് ഇനി ബാക്കിയുള്ളത്. അടുത്ത ഇരുപതു വർഷത്തിനുള്ളിൽ ഇവയും ഭൂമിയിൽനിന്ന് അപ്രത്യക്ഷമായേക്കാം.

68000 ചതുരശ്രകിലോമീറ്ററിൽ നിന്ന് 1985ൽ 53,660 ചതുരശ്ര കിലോമീറ്ററായി. 1990 കളിൽ 32,780 ച. കിലോമീറ്ററും 2001ൽ 20,780 ച. കിലോമീറ്ററുമായി ചുരുങ്ങി. 2007 ആയപ്പോൾ അറാൽക്കടലിന്റെ വിസ്തൃതി മുമ്പുണ്ടായിരുന്നതിന്റെ 10 ശതമാനം പോലും ഇല്ലാതായി. ആഴമാവട്ടെ 12 മീറ്ററിലധികം കുറയുകയും ചെയ്തു.

അറാൽക്കടൽ നിന്നയിടം 45,000 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള മരുഭൂമിയാണിന്ന്. ബാക്കിയുള്ള അറാൽക്കടൽ ആഴം കുറഞ്ഞ, ഉപ്പ് സാന്ദ്രീകരിക്കുന്ന നാലോ അഞ്ചോ തടാകങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. കസാക്കിസ്താനിലെ *വടക്കൻ അറാൽക്കടൽ* എന്ന ചെറിയ ജലാശയവും ഉസ്ബെക്കിസ്താനിലെ *തെക്കൻ അറാൽക്കടൽ* എന്ന വലിയ ജലാശയവുമാണ് ഇനി ബാക്കിയുള്ളത്. അടുത്ത ഇരുപതു വർഷത്തിനുള്ളിൽ ഇവയും ഭൂമിയിൽനിന്ന് അപ്രത്യക്ഷമായേക്കാം.

ജലചൂഷണം ഇന്നും തുടരുകയാണ്. അമുദാര്യയിൽ ജലമെത്തിക്കുന്ന പാമീർ പർവതത്തിലെ മഴയുടെയും മഞ്ഞിന്റെയും അഭാവം കൂടിയാകുമ്പോൾ അറാൽക്കടലിന്റെ പുനരുജ്ജീവനം അസാധ്യമെന്നു തന്നെ പറയാം.

## എന്താണ് അറാൽക്കടൽ?

കരയാൽ ചുറ്റപ്പെട്ട ദീർഘവൃത്താകൃതിയിലുള്ള തടാകമാണ് അറാൽക്കടൽ. കസാക്കിസ്താനും ഉസ്ബെകിസ്താനും മധ്യേ സ്ഥിതി ചെയ്യുന്ന ഈ ജലാശയത്തിന് അതിന്റെ നല്ല കാലത്ത് 68000 ചതുരശ്ര കിലോമീറ്റർ ഉപരിതലവിസ്തൃതിയുണ്ടായിരുന്നു. മധ്യേഷ്യൻ മരുപ്രദേശത്ത് മോസ്കോ, ബാഗ്ദാദ്, കറാച്ചി എന്നിവിടങ്ങളിൽ നിന്ന് സമദൂരത്തിലാണ് ഈ തടാകം. 2.5 ഏക്കറിലധികം വിസ്തൃതിയുള്ള 1130 ചെറുദ്വീപുകൾ ചിതറിക്കിടന്നിരുന്ന ജലാശയം കൂടിയായിരുന്നു ഇത്. സമുദ്രനിരപ്പിൽ നിന്ന് 174 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന അറാൽക്കടലിന് ഒരു കാലത്ത് ശരാശരി 70 അടി ആഴമുണ്ടായിരുന്നു. പടിഞ്ഞാറൻ തീരത്തിനടുത്ത് ഏറ്റവും അഗാധമായ ഭാഗത്തിന് 226 അടിയായിരുന്നു ആഴം.

അറാൽക്കടലിന്റെ കിഴക്കൻ തീരത്ത് സിർദാര്യനദിയുടെ വിസ്തൃതമായ ഡെൽറ്റയും* തെക്കൻ തീരത്ത് അമുദാര്യനദിയുടെ അത്രതന്നെ വിശാലമായ ഡെൽറ്റയും പടിഞ്ഞാറൻ അതിർത്തിയിൽ 820 അടി ഉയരമുള്ള ഉസ്റ്റ്യുർത് പീഠഭൂമിയും സ്ഥിതിചെയ്യുന്നു.

വർഷത്തിൽ ശരാശരി 100 മില്ലീമീറ്റർ മാത്രം മഴ ലഭിക്കുന്ന മധ്യേഷ്യൻ മരുഭൂമിയിലെ ഏറ്റവും പ്രധാന ജലസ്രോതസ്സാണ് അറാൽക്കടലും മേൽപ്പറഞ്ഞ രണ്ടു നദീതട



* നദികളിലെ എക്കൽമണ്ണ് അടിഞ്ഞുണ്ടാകുന്ന നദീതീരപ്രദേശം.

ങ്ങളും. പാമീർ, റ്റിയാൻഷെൻ എന്നീ പർവതങ്ങളിൽ നിന്നുള്ള നീർവാർച്ചയും ഹിമാനികളുടെ ഉരുകലിൽ നിന്നുള്ള ജലവുമാണ് സിർദാര്യയും അമുദാര്യയും നിറയ്ക്കുന്നത്. കൂടിയ സൗരോർജ്ജവും വളരെ കുറഞ്ഞ അന്തരീക്ഷ ആർദ്രതയും 100 മില്ലീമീറ്റർ മാത്രം മഴയുമുള്ള ഈ വരണ്ട ഭൂപ്രദേശത്ത് ജലം പെട്ടെന്ന് ബാഷ്പീകരിച്ചുപോവുമെന്നും ഓരോ തുള്ളി ജലവും അമൂല്യമാണെന്നും പരമ്പരാഗത സമൂഹങ്ങൾക്കറിയാമായിരുന്നു.

## മലിനീകരണം

മാരകകീടനാശിനികളും രാസവളങ്ങളും ഏറെ വേണം പരുത്തിക്കൃഷിക്ക്. ചുറ്റുമുള്ള കൃഷിയിടങ്ങളിൽ നിന്ന് ഈ രാസവിഷങ്ങൾ കലർന്ന ജലമാണ് വറ്റിവരളുന്ന അറാൾക്കടലിലേക്ക് ഒഴുകിയെത്തുന്നത്. വെള്ളം വറ്റിയതോടെ കടലിലെ ഉപ്പ് അടിഞ്ഞുകൂടാൻ തുടങ്ങി. ഉപ്പും രാസമാലിന്യങ്ങളും സാന്ദ്രീകരിച്ച് വരണ്ടുണങ്ങുന്ന കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടി. അറാൾക്കടലിനു ചുറ്റുമുള്ള ജനങ്ങളുടെ ജീവിതം ഇത് കൂടുതൽ ദുസ്സഹമാക്കി.

വറ്റിവരണ്ട ഈ മരുഭൂമിയിൽനിന്നും ഇടയ്ക്ക് പൊടിക്കാറ്റുയരും. രാസമാലിന്യങ്ങളും ഉപ്പും മണലും അടങ്ങിയ പൊടി. ടൺ കണക്കിനു പൊടിയാണ് ഓരോ ദിവസവും ഇങ്ങനെ പരക്കുന്നത്. 300 കിലോമീറ്റർ അകലെയുള്ള പട്ടണങ്ങളിൽ പോലും ഈ വിഷപ്പൊടിയെത്തുന്നുണ്ട്. പടിഞ്ഞാറേക്ക് കരിങ്കടൽ വരെയും വടക്കോട്ട് റഷ്യൻ ആർട്ടിക് വരെയും ഹിമാലയശൃംഗങ്ങളിലും അത്‌ലാന്റിക് - പസഫിക് സമുദ്രങ്ങളിലും ഈ മാലിന്യങ്ങൾ കാറ്റും മഴയും മൂടൽമഞ്ഞും വഴിയെത്തുന്നു. ഈ പ്രദേശങ്ങളെ കൃഷിഭൂമികളും കന്നുകാലികളുടെ മേച്ചിൽപ്പുറങ്ങളും കാടുകളും ജലാശയങ്ങളുമെല്ലാം ഉപ്പുപൊടി വീണ് നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പരുത്തിക്കൃഷിയിടങ്ങളിൽ ഉപയോഗിച്ച



അറാൾക്കടൽ 1989ലും(ഇടത്) 2014ലും(വലത്) - ഉപഗ്രഹചിത്രം കടപ്പാട്: നാസ



രാസവിഷങ്ങൾ ആ ഭൂപ്രദേശത്തെയും ജലസ്രോതസ്സുകളെയും തീരദേശ ആവാസ വ്യവസ്ഥകളെയും അറാൾക്കടലിനെയും മലിനീകരിച്ചു. ഉപ്പും ലവണങ്ങളും കാർഷിക രാസവസ്തുക്കളും കൊണ്ടു മലിനമായ ജലമാണ് കുടിക്കാനുള്ളതുപോലും.

## കാലാവസ്ഥാവ്യതിയാനം

അറാൾക്കടലിന്റെ നാശത്തെത്തുടർന്ന് വേനൽക്കാല താപനിലയിൽ വലിയ വർധന വാണുണ്ടായത്. അന്തരീക്ഷ ആർദ്രത 44 ശതമാനത്തിൽ നിന്ന് 32 ശതമാനമായി കുറ യുകയും ചെയ്തു. മഴയുടെ വരവും താളം തെറ്റി.

## ജൈവവൈവിധ്യ നാശം

അമുദാര്യ ഡെൽറ്റയിലെ തടാകങ്ങളും ചതുപ്പുകളും ഉപ്പുചതുപ്പുകളായി മാറി. സയ്ഗ ആന്റിലോപ്പ് എന്ന മാനും തുർക് മെഹിയൻ കുലാൻ എന്ന കാട്ടുകഴുതയും വംശനാശഭീഷണിയിലാണ്. നീർപ്പക്ഷികളും ശുദ്ധജലജീവികളും കാട്ടുപന്നിയും മസ്ക് റാറ്റ് എന്ന എലിയും അപ്രത്യക്ഷമായിക്ക ഴിഞ്ഞു. കറുത്ത സാക്സോൾ മരങ്ങളും അറാൾ തീരത്തെ വിസ്തൃതതുഗായ് വന ങ്ങളും ഈറ്റപ്പടർപ്പുകളും പൂർണമായി നശിച്ചു. 20 ജാതി മത്സ്യങ്ങളും അപ്രത്യക്ഷ മായി.

## സാമൂഹികാഘാതങ്ങൾ

മത്സ്യബന്ധനത്തിലും അനുബന്ധതൊഴിലു കളിലും ഏർപ്പെട്ടിരുന്ന പതിനായിരക്കണ ക്കിന് ആൾക്കാരാണ് അവിടെ തൊഴിൽ രഹിതരായത്. മസ്ക്റാറ്റ് എന്ന എലിയെ വളർത്തി രോമമെടുത്ത് പരിഷ്കാരക്കോട്ടു കളും ഷാളുകളും നിർമിച്ച് ജീവിച്ചിരുന്ന ഒത്തിരിപ്പേരുണ്ടായിരുന്നു അവിടെ. പതി നൊന്നു ലക്ഷം എലികളെയാണത്രേ അവർ വളർത്തിയിരുന്നത്. ആ വ്യവസായവും തകർന്നടിഞ്ഞു. വനവിഭവങ്ങളെ ആശ്ര യിച്ചു ജീവിച്ചിരുന്നവരുടെ ഉപജീവനവും ഇല്ലാതായി.

## ആരോഗ്യപ്രശ്നങ്ങൾ

ശിശുരോഗങ്ങളും ജനിതകവൈകല്യങ്ങളും ക്യാൻസറും ക്ഷയവും ഇന്ന് അറാൾക്കട ലിനു ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിൽ വ്യാപ കമാണ്. ഒമ്പതുപേരിൽ ഒന്നെന്ന തോതിൽ മസ്തിഷ്കക്ഷതവും ബുദ്ധിമാന്ദ്യവും ബാധിച്ചാണ് കുഞ്ഞുങ്ങൾ ജനിക്കുന്നത്.

അറാൾക്കടലിന്റെ ദുരന്തകഥ മനുഷ്യ കുലത്തിന് ഒരു മുന്നറിയിപ്പാണ്. ഭൂമി യോടുള്ള മനുഷ്യന്റെ സമീപനത്തിൽ ആഴത്തിലുള്ള മാറ്റം വരുത്താനുള്ള ഒരു മുന്നറിയിപ്പ്. അതുകൊണ്ടു തന്നെ ഹൃദയഭേദകമായ ഈ പരിസ്ഥിതിവിനാശ ത്തിന്റെ ചരിത്രം കുട്ടികൾ പഠിച്ചിരിക്കണം.



# ഒന്ന്, രണ്ട്, മൂന്ന്*

## വൈലോപ്പിള്ളിൽ ശ്രീധരമേനോൻ

പിന്നെയും തൻ ചെറുവിരൽ തൊട്ടെണ്ണീ-
'ഒന്നു, രണ്ടു മൂ'ന്നെന്നാ വയോധിക.

അപ്പുകവണ്ടിയ്ക്കുള്ളിലിരിപ്പവ-
രത്ഭുതപരീഹാസഭരിതരായ്.

പുഞ്ചിരിയൊട്ടടക്കി പട്ടാളക്കാർ,
വെൺചിരിയാൽ പതഞ്ഞൂ യുവതികൾ.

ഏറ്റുചൊല്ലീ വയസ്സനൊരാ, ''ളെന്റെ
കൂട്ടരേ ദയചെയ്തു ചിരിയ്ക്കൊലാ.

അമ്മയായ് ഭാഗ്യംകെട്ടൊരീ മാന്യയാം
പെൺപിറന്നവൾക്കുറ്റ ഭർത്താവു ഞാൻ.

പോയ മാസമിവളുടെയാൺമക്കൾ
പോരിലൊന്നൊന്നായ് വീണുപോയ് മൂവരും.

ഞാൻ തുനിവി,തിവളെയടുത്തൊരു
ഭ്രാന്തശാലയിൽക്കൊണ്ടുപോയാക്കുവാൻ.''

അമ്മുറി മൗനരംഗമാ,യെന്നുതൊ-
ട്ടമ്മ പിന്നെയുമെണ്ണിത്തുടങ്ങിനാൾ.

*ലോർഡ് ഡൻസാനിയുടെ ഒരു കഥ. യുദ്ധത്തിന്റെ ഭയാനകത യുടെ നേരെ തുറന്നുവെച്ചിരിക്കുന്ന ഒരു കിളിവാതിലാണ് ആ കഥ. അതാണ് കവിതയുടെ ആസ്പദം.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



**പുതിയ പംക്തി ആരംഭിക്കുന്നു...**

# വിരലും മണലും

*സ്വന്തം വിരൽ തൂലികയാക്കി മണലിൽ എഴുതിയാണ് മലയാളി ഭാഷ പഠിക്കുന്നത്. ആ പാരമ്പര്യദൃശ്യം ഓർമ്മയിലെത്തിക്കുന്ന ''വിരലും മണലും'' എന്ന ശീർഷകവുമായി മാതൃഭാഷയെപ്പറ്റി പുതിയൊരു പംക്തി ആരംഭിക്കുകയാണ്. ഇത് കൈകാര്യം ചെയ്യുന്നത് കാലിക്കറ്റ് സർവകലാശാലയിൽ മലയാളവിഭാഗം അധ്യക്ഷനായിരുന്ന എം എൻ കാരശ്ശേരി. വായനക്കാർക്ക് പൊതുവിലും, വിദ്യാർത്ഥികൾക്കും ചെറുപ്പക്കാർക്കും പ്രത്യേകിച്ചും, ഭാഷയിൽ താൽപ്പര്യം ഉണർത്തുക എന്നതാണ് ഉദ്ദേശ്യം. പംക്തിയിൽ വായനക്കാരുടെ ചോദ്യങ്ങൾക്ക് ലേഖകൻ മറുപടി പറയുന്നതാണ്. പ്രതികരണങ്ങളും സംശയങ്ങളും തർക്കങ്ങളും എഴുതി അയയ്ക്കാൻ കൂട്ടുകാർ മനസ്സിരുത്തുമല്ലോ.*

*-പത്രാധിപർ*

**വിരലും മണലും**

# ശ്രീബുദ്ധനും പണ്ഡിതനും



എം എൻ കാരശ്ശേരി

മദിരാശിയിൽ വച്ചാണ് ഞാൻ ആ പേരു കേട്ടത് – ബാർബേഴ്സ് ബ്രിഡ്ജ്.

ബാർബറുടെ പേരിൽ പാലമോ എന്ന് അതിശയിച്ച് ചെറിയൊരു ഗവേഷണം നടത്തി. അപ്പോഴല്ലേ രസം! പേര് ഹാമിൽട്ടൻ ബ്രിഡ്ജ് എന്നായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്തെ ഉദ്യോഗസ്ഥനായ ഏതോ സായിപ്പിന്റെ പേരാണത്. നാട്ടുകാർ പറഞ്ഞുപറഞ്ഞ് അമ്പട്ടൻ ബ്രിഡ്ജ് എന്നായി. അമ്പട്ടൻ എന്നൊക്കെ പറഞ്ഞാൽ മോശമല്ലേ എന്നു വിചാരിച്ച് ആരോ പേര് ഇംഗ്ലീഷാക്കി – 'ബാർബേഴ്സ് ബ്രിഡ്ജ്.'

അമ്പട്ടൻ എന്നു പറഞ്ഞാൽ ക്ഷുരകൻ. അത് 'അംബഷ്ഠൻ' എന്ന സംസ്കൃതപദത്തിൽനിന്ന് ഉണ്ടായി വന്നതാണ്. ആ മട്ടിൽ ഉണ്ടായിവരുന്ന പദങ്ങളെ 'തദ്ഭവം'എന്നു പറയും.

അംബഷ്ഠൻ എന്ന വാക്കിന് വൈദ്യൻ എന്നും അർത്ഥമുണ്ട്. ക്ഷുരകർക്ക് പണ്ട് നമ്മുടെ നാട്ടിൽ വൈദ്യവൃത്തി കൂടിയുണ്ട്. അക്കാലത്ത് വീടുകളിൽ ചെന്ന് ക്ഷൗരം ചെയ്ത് കൊടുക്കുകയായിരുന്നു പതിവ്. ആ കൂട്ടത്തിൽ ചികിത്സയും നടക്കും.

ക്ഷുരകന് 'പണ്ഡിതൻ' എന്നും പറയും.

അതിന്റെ ഐതിഹ്യം ഇപ്രകാരമാണ്:

ശ്രീബുദ്ധൻ തപസ്സനുഷ്ഠിക്കുന്നതിനു വേണ്ടി കാട്ടിലേക്ക് പോവുകയാണ്. ഈ വർത്തമാനം കേട്ടറിഞ്ഞ് അനേകായിരം ആളുകൾ ആ പുണ്യപുരുഷനെ യാത്രയാക്കുന്നതിനു വേണ്ടി തടിച്ചുകൂടി. തല മുണ്ഡനം ചെയ്തശേഷം യാത്രയാവാം എന്നു തീരുമാനിച്ച ബുദ്ധൻ അതു ചെയ്തു തരാൻ ആൾക്കൂട്ടത്തിൽ ആരെങ്കിലുമുണ്ടോ എന്ന് വിളിച്ചു ചോദിച്ചു. മിക്കവരും മടിച്ചു നിന്നപ്പോൾ ഒരു യുവാവ് തയാറായി മുന്നോട്ടു ചെന്നു.

അപ്പോൾ ബുദ്ധൻ പറഞ്ഞു:

''സ്നേഹിതാ, ഒരുവന്റെ തല വടിക്കുന്നതിൽ അപമാനകരമായി യാതൊന്നുമില്ലെന്ന് ചിന്തിച്ചു മനസ്സിലാക്കിയ താങ്കൾ പണ്ഡിതനാണ്.''

അതിനുശേഷം ക്ഷുരകൻ 'പണ്ഡിതർ' എന്നറിയപ്പെ

ടാൻ ഇട വന്നു.

നമ്മുടെ നാട്ടുപാരമ്പ ര്യത്തിൽ ജാതി-മതസമുദായങ്ങൾക്ക് വെവ്വേറെ ക്ഷുരകന്മാരുണ്ടായിരുന്നു. അവർക്കുള്ള പേരിലും വ്യത്യാസമുണ്ട്.

ഒരു ഉദാഹരണം നോക്കൂ.

മുസ്‌ലീങ്ങൾക്കിടയിൽ ക്ഷൗരവൃത്തി ചെയ്യുന്ന ആളെ 'ഒസ്സാൻ' എന്നു വിളിക്കുന്നു. 'ഒത്താൻ' എന്നും പറയും. ആ കൂട്ടത്തിലെ സ്ത്രീയെ ഒസ്സാത്തി എന്നോ ഒത്താച്ചി എന്നോ വിളിക്കുന്നു. ഒസ്സാന്മാർക്കും ഒസ്സാത്തിമാർക്കും ചില്ലറ വൈദ്യം അടുത്ത കാലം വരെ ഉണ്ടായിരുന്നു. തലയിൽ 'കൊമ്പു വെയ്ക്കുക', കുട്ടികളുടെ ചേലാകർമം (സുന്നത്ത്) കഴിക്കുക തുടങ്ങിയ പണികൾ ഒസ്സാന്മാർക്കും പേരെടുക്കുക തുടങ്ങിയ പണികൾ ഒസ്സാത്തിമാർക്കും. അറബി ഭാഷയിൽ ക്ഷുരകന് മുസയ്യിൻ എന്ന് പറയും. 'ഭംഗിയാക്കുന്നവൻ' എന്നർത്ഥം. അതിന്റെ തത്ഭവമാണ് ഒസ്സാൻ. അറബിയിൽ ഈ അർത്ഥത്തിൽ ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്ന പദം 'ഹല്ലാഖ്' എന്നതാണ്. നമ്മുടെ നാട്ടിൽ അമ്പട്ടൻ എന്ന പ്രയോഗം ഇപ്പോൾ കുറഞ്ഞു. ആ സ്ഥാനത്ത് 'ബാർബർ' എന്ന ഇംഗ്ലീഷ് വാക്ക് പ്രചാരം നേടിയിരിക്കുന്നു.

അമ്പട്ടന്റെ തൊഴിലിന് ഇന്ന് വളരെയേറെ മാറ്റം വന്നിട്ടുണ്ട്. അയാൾ ആളെ അന്വേഷിച്ച് വീട്ടിലേക്ക് ചെല്ലുകയല്ല, ആളുകൾ അയാളെ അന്വേഷിച്ച് ചെല്ലുകയാണ്. അതൊരു പൊതുസ്ഥലമാണ് - ബാർബർ ഷാപ്പ്. അവിടെ ഏത് ജാതിക്കാർക്കും മതക്കാർക്കും മുടി വെട്ടാനോ താടി വടിക്കാനോ വരാം. അതുപോലെ ഏത് സമുദായത്തിൽ പിറന്ന ആൾക്കും ഈ തൊഴിൽ ചെയ്യാം. മാത്രമല്ല അമ്പട്ടന്റെ കുടുംബത്തിൽ പിറന്നവർക്ക് ഏതു ജോലിയും ചെയ്യാം - അധ്യാപകനോ വക്കീലോ ഗുമസ്തനോ ചായക്കാരനോ ഒക്കെ ആവാം - എന്നും ആയിരിക്കുന്നു.

ഇപ്പോൾ ബാർബർഷാപ്പ് നടത്തുകയോ അവിടെ ജോലി എടുക്കുകയോ ചെയ്യുന്ന സ്ത്രീകളെ കാണാം. ബ്യൂട്ടീഷൻ(ഭംഗിപ്പെടുത്തുന്നവൾ) എന്ന് വിളിക്കും. ഈ തൊഴിൽമേഖലയിൽ ആണുങ്ങളുടെ കുത്തക ഒരുപാട് കാലം നിലനിൽക്കുകയില്ല.

ഓരോ ജാതിക്കും ഓരോ പണി എന്ന താൽപ്പര്യത്തിൽ നിലനിന്നിരുന്ന 'കുലത്തൊഴിൽ' എന്ന സങ്കൽപ്പം തന്നെ തകർന്നുപോയി. ജനാധിപത്യം കൊണ്ടുവന്ന മാറ്റങ്ങളിൽ പ്രധാനപ്പെട്ടതാണിത്.

ക്ഷുരകന്റെ ജോലി മാന്യത കുറഞ്ഞതാണ് എന്നൊരു ധാരണ, നിർഭാഗ്യവശാൽ, അൽപ്പസ്വൽപ്പം ഇപ്പോഴും നാട്ടിലുണ്ട്. ആ തൊഴിലുകാരനെ 'പണ്ഡിതൻ' എന്നു വിശേഷിച്ചപ്പോൾ ശ്രീബുദ്ധൻ ഉയർത്തിപ്പിടിച്ചത് ഏതു തൊഴിലിനും മഹത്വമുണ്ട് എന്ന തത്വമാണ്.



വര: ബാബുരാജൻ



# ഇഴജന്തുക്കളും മനുഷ്യരും

**എൻ എ നസീർ**

പാമ്പുകളെ പിടിച്ച് പ്രദർശിപ്പിക്കുന്നവരെ കണ്ടിട്ടില്ലേ നിങ്ങൾ? അതിനോടു യോജിക്കുന്നുണ്ടോ?
പാമ്പുകളെ കൈകാര്യം ചെയ്യാൻ വളരെയേറെ വൈദഗ്ധ്യം ആവശ്യമാണ്. ശാസ്ത്രീയ പരിശീലനം തന്നെ വേണം. ഉരഗവർഗങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിൽ കുലപതിയായ റോമുലസ് വിറ്റേക്കറുടെ അഭിപ്രായത്തിൽ പാമ്പുപിടിക്കാനറിയുന്നവർ കേരളത്തിൽ ആരും തന്നെയില്ല. ഇവർ പിടിക്കുന്ന പാമ്പുകളിൽ എഴുപതു ശതമാനവും പിന്നീട് മരിച്ചുപോവുകയാണെന്നാണ് അദ്ദേഹം പറയുന്നത്.
പാമ്പുകൾ എന്തുകൊണ്ടായിരിക്കും കാടിറങ്ങി നാട്ടിലെത്തുന്നത്? നമ്മുടെ മാലിന്യ സംസ്കാരവുമായി അതിനു ബന്ധമുണ്ടാവില്ലേ? ഇഴജന്തുക്കളുടെ ജീവിതത്തെക്കുറിച്ചാണ് ഇത്തവണത്തെ കാടനുഭവം.

മഞ്ഞുകാലം. പെരിയാറിലെ താന്നിക്കുടിയിൽനിന്നും വാച്ചർ കണ്ണനൊപ്പമാണ് കാട്ടിലേക്കിറങ്ങിയത്. ഒറ്റയടിപ്പാതയിലൂടെ കാട്ടിലെ വിസ്മയങ്ങളിലേക്കുള്ള സഞ്ചാരം. പെട്ടെന്നാണ് അതു കണ്ടത്. ഒരു മൂർഖൻ പത്തിവിടർത്തി പിന്നിലേക്കു മാറുന്നു. ഞങ്ങളുടെ കാലനക്കം തിരച്ചറിഞ്ഞ് പരിഭ്രമത്തോടെ രക്ഷപ്പെടാനുള്ള ശ്രമം. ഞങ്ങൾ നടത്തം നിർത്തി. ചലിക്കാതെ അവിടെ ത്തന്നെ നിന്നു. പുലരിവെയിൽ കൊള്ളാനായി പുറത്തിറങ്ങിയതാണ് ആ മൂർഖൻ. സൂര്യപ്രകാശം ശരീരത്തിലേറ്റ പാമ്പിനെ കണ്ടാൽ ഒരു സ്വർണനാഗം പോലുണ്ട്. ഏതാനും നിമിഷങ്ങളേ മൂർഖനെ കാണാൻ കഴിഞ്ഞുള്ളൂ. പെട്ടെന്നുതന്നെ അത് തന്റെ മാളത്തിലേക്കു പിൻമാറി.

കാട്ടിലേക്കുള്ള യാത്രകളിൽ പിന്നെയും എത്രയോ തവണ പാമ്പുകൾ മുന്നിലെത്തിയിട്ടുണ്ടെന്നോ. ചിലതെല്ലാം ക്യാമറയ്ക്കു മുന്നിൽ. ചിലത് അല്ലാതെയും. രാജവെമ്പാ

ലയും മലമ്പാമ്പും അണലിയും നീർക്കോലിയും മൂർഖനുമെല്ലാം അക്കൂട്ടത്തിലുണ്ടായിരുന്നു.

നാട്ടിലെത്തി പത്രം നോക്കുമ്പോൾ കാണാം, പാമ്പുപിടുത്തക്കാരുടെ വാർത്തകൾ. പാമ്പിനെ പ്രദർശനമാക്കുന്നവരുടെ വാർത്തകൾ. ഒപ്പം അവർ പിടിച്ച പാമ്പുകളുടെ ദയനീയമായ അവസ്ഥയും. ബലിഷ്ഠമായ കരങ്ങളിൽ അമർന്ന് വായ് പിളർന്ന് ശ്വസിക്കാൻ പോലുമാകാതെ കഷ്ടപ്പെടുന്ന പാമ്പുകൾ.

ആയിടയ്ക്കാണ് സുഹൃത്തായ ഹരീഷ് സുധാകർ ഒരു മൂർഖൻപാമ്പിനെ പിടിച്ച വിവരമറിയുന്നത്. ഏതോ വീട്ടിൽനിന്നും പിടിച്ച മൂർഖനെ കാട്ടിൽ സ്വതന്ത്രമാക്കാൻ കൊണ്ടുപോകുന്നു. ആ കാഴ്ച നേരിൽ കാണണം. പാമ്പിനെ കൈകാര്യം ചെയ്യുന്ന രീതികളും അറിയണം. അങ്ങനെയാണ് ഞാൻ അവിടെയെത്തുന്നത്.

ഹരീഷ് സഞ്ചിയിൽ നിന്നും പ്ലാസ്റ്റിക്കിലുണ്ടാക്കിയ ഒരു മിഠായിഭരണി പുറത്തെടുത്തു. അതിലാണ് പാമ്പ്. വളരെ സൂക്ഷിച്ച് ഭരണിയിലുള്ള പാമ്പിനെ പുൽത്തകിടിയിലേക്കു വിട്ടു. അത് പതുക്കെ ഇഴഞ്ഞു പുറത്തിറങ്ങി. പിന്നെ തന്റെ പത്തി വിടർത്തി നിന്നു. ഹരീഷിന്റെ ഓരോ ചലനവും പാമ്പ് ശ്രദ്ധിക്കുന്നുണ്ട്. അയാൾ അനങ്ങുന്നതിനനുസരിച്ച് പാമ്പും തന്റെ പത്തി അങ്ങോട്ടു തിരിക്കും. ഹരീഷ് ഒരു ചെറുകമ്പെടുത്തു. പിന്നെ പാമ്പിന്റെ വാലറ്റത്ത് ഇടതുകൈകൊണ്ടു പിടിച്ചു. തൽക്ഷണം പാമ്പ് പിന്നിലേക്കു തിരിഞ്ഞു. വലതുകൈയിലെ കമ്പിനാൽ അയാൾ പാമ്പിന്റെ പത്തിയെ തലോടി. എന്നിട്ട് ശ്രദ്ധയോടെ പത്തിയുടെ കുറച്ചു താഴെയായി പാമ്പിനെ ഭൂമിയോടു ചേർത്തുപിടിച്ചു. പെട്ടെന്നു തന്നെ പാമ്പിന്റെ വാലറ്റം ഉയർത്തി അതിനെ ഭരണിയിലാക്കി. ഇതെല്ലാം വളരെ വേഗത്തിലാണു നടന്നത്. നിങ്ങളിതു വായിക്കുന്നതിലും എത്രയോ വേഗത്തിൽ!

ഹരീഷ് ഭരണിയെടുത്ത് പിന്നെയും മുന്നോട്ടു നടന്നു. ചെറിയ നീരൊഴുക്കുള്ള ഒരു സ്ഥലമെത്തി. പാമ്പിനെ വീണ്ടും പഴയപോലെ സ്വതന്ത്രമാക്കി. പാമ്പ് ഫണം വിടർത്തി വീണ്ടും ഞങ്ങളെ നോക്കി നിലയുറപ്പിച്ചു. ആരും അനങ്ങിയില്ല. അതു കണ്ടിട്ടാവണം അത് പത്തി താഴ്ത്തി മെല്ലെ ഈർപ്പമുള്ളിടത്തേക്ക് ഇഴഞ്ഞുനീങ്ങി. പിന്നെയെല്ലാം വേഗത്തിലായിരുന്നു. നീർച്ചാൽ മറികടന്ന് വേഗത്തിൽ അത് കുറ്റിക്കാട്ടിലേക്കു മറഞ്ഞു.

ഇന്നലെ പിടിച്ച പാമ്പായിരുന്നു അത്. ആദ്യം സ്വതന്ത്രമാക്കിയ ഇടം അത്ര ഈർപ്പമുള്ളതായിരുന്നില്ല. കൂടാതെ പാമ്പിന് ഇരകളെ കിട്ടാനും പ്രയാസമായിരിക്കും. അതിനാലാണ് ഹരീഷ് വീണ്ടും പാമ്പിനെ പിടിച്ച് ഈർപ്പമുള്ളിടം തേടി യാത്രയായത്.

റോമുലസ് വിറ്റേക്കർ എന്നൊരു ഗവേഷകനുണ്ട്. ചെന്നൈയിലാണു താമസം. ഉരഗവർഗങ്ങളെക്കുറിച്ചാണ് അദ്ദേഹം ഗവേഷണം നടത്തിയിരിക്കുന്നത്. ഉരഗങ്ങളുടെ കുലപതി എന്നു തന്നെ അദ്ദേഹത്തെ വിശേഷിപ്പിക്കാം. ഈയിടെ ഞാൻ അദ്ദേഹത്തെ അവിടെപ്പോയി കണ്ടിരുന്നു. അമേരിക്കക്കാരനാണ് അദ്ദേഹം. വളരെ ചെറുപ്പത്തിൽ അവിടെ നിന്നും ഇന്ത്യയിലെത്തിയതാണ്. എന്നിട്ട് ഇവിടത്തെ പാമ്പുകളുടെയും മുതലകളുടെയുമൊക്കെ തോഴനായി മാറി. ഇന്ത്യയിലെ ഉരഗവർഗങ്ങളെക്കുറിച്ചുള്ള സംശയങ്ങൾ തീർക്കണമെങ്കിൽ അദ്ദേഹം തന്നെയാണ് അവസാനവാക്ക്.

കേരളത്തിലെ പാമ്പുപിടുത്തക്കാരെ ഓർത്ത് ഞാനന്ന് ലജ്ജിച്ചു. വിറ്റേക്കറിന്റെ അഭിപ്രായത്തിൽ കേരളത്തിൽ ശാസ്ത്രീയമായി പാമ്പുപിടിക്കാൻ അറിയുന്നവർ ആരും തന്നെയില്ല. ഇവർ പിടിക്കുന്ന പാമ്പുകളിൽ എഴുപത്തിയഞ്ചു ശതമാനവും പിന്നീട് ജീവിക്കില്ല എന്നാണ് അദ്ദേഹം വ്യക്തമാക്കിയത്. പിടിക്കുന്ന രീതിയും പിടിക്കുന്നവരുടെ ഉള്ളിലുള്ള ഭീതിയും ക്യാമറയ്ക്കു മുന്നിൽ പാമ്പിനെ പ്രദർശിപ്പിക്കാനുള്ള ശ്രമവും പാമ്പുകൾക്ക് പരിക്കേൽക്കാൻ കാരണമാണ്. പാമ്പുപിടുത്തക്കാരുടെ മുഷ്ടികളിൽ കിടന്ന് ശരീരാന്തർഭാഗങ്ങളിൽ ഏൽ





ക്കുന്ന പരിക്കാണ് പിന്നീട് അവരുടെ ജീവൻ നഷ്ടപ്പെടുത്തുന്നത്. സ്വതന്ത്രമാക്കിയാലും ഉള്ളിലേറ്റ പരിക്ക് പതിയെ അവരുടെ ജീവൻ കവരും.



നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള പാമ്പുകൾ അവിടങ്ങളിലെ എലികളെയും മറ്റും ആഹരിച്ചാണ് ജീവിക്കുന്നത്. അവയുടെ നിയന്ത്രണവും അതിലൂടെ സാധ്യമാകുന്നു. അത്തരം ചുറ്റുപാടുകളിൽ ജീവിച്ച പാമ്പുകൾ കാടുമായി ഇണങ്ങണമെന്നില്ല. നഗരങ്ങളിലെ പാമ്പുകളെ കാടുകളിൽ കൊണ്ടുപോയി സ്വതന്ത്രമാക്കിയാൽ അവയ്ക്കവിടെ ജീവിക്കാൻ ബുദ്ധിമുട്ടായിരിക്കും.



സ്ഥിരമായി പാമ്പുകടി ഏൽക്കുന്ന പാമ്പുപിടുത്തക്കാർ ആ ജോലിക്കർഹരല്ല എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. ഒരു ജോലിയിൽ ഒന്നും രണ്ടും തവണ അബദ്ധം പറ്റാം. എന്നാൽ തുടർച്ചയായി അതുതന്നെ സംഭവിച്ചാലോ. അവർ ആ പ്രവൃത്തിക്കു പറ്റിയവരല്ല എന്നാണ് തിരിച്ചറിയേണ്ടത്. പാമ്പുകടി ഏൽക്കുന്നത് മേനിപറഞ്ഞുനടക്കുന്നവരെ കുറിച്ചോർക്കുമ്പോൾ സഹതാപം തോന്നുന്നു. ഒരു ദംശനം പോലും എനിക്കേറ്റിട്ടില്ല എന്നല്ലേ വിദഗ്ധർ പറയേണ്ടത്.

ഏതൊരു ജീവിയെയും ടിവി പരിപാടികൾക്കും മറ്റുമായി പ്രദർശിപ്പിക്കാൻ പാടില്ല എന്നാണ് ഞാൻ കരുതുന്നത്. ഭയം അകറ്റുവാൻ നാം കരടികളെയും കടുവകളെയും വിദ്യാലയങ്ങളിലും മറ്റും കൊണ്ടുപോയി പ്രദർശിപ്പിക്കാറില്ലല്ലോ?

കാടിറങ്ങുന്ന പാമ്പുകളെപ്പറ്റി ദിനവും വാർത്തകൾ കാണാറുണ്ട്. അത് കാടിനകം ചൂടുകൂടിയിട്ടല്ല. നമ്മുടെ മാലിന്യസംസ്കാരമാണ് അതിനു കാരണം. അവിടവിടെ വലിച്ചെറിയുന്ന മാലിന്യങ്ങളിലേക്ക് എലി മുതലായ ജീവികളെത്തും. പുറകേ അവയെ ആഹാരമാക്കാൻ പാമ്പുകളും.

എന്തായാലും മനുഷ്യന്റെ പുരോഗതിയിലേക്കുള്ള പാതകളിൽ ഒട്ടനവധി വന്യജീവികൾക്കും അവരുടെ ജീവൻ കളയേണ്ടിവന്നിട്ടുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥകൾ ഇല്ലാതാകുന്നത് നാം തിരിച്ചറിഞ്ഞേ മതിയാകൂ. അത് നമ്മുടെ നിലനിൽപ്പിന്റെ കൂടി പ്രശ്നമാണ്.



# വേനൽ

കെ കെ പല്ലശ്ശന

മേടം ചുടുവെയിൽ തുപ്പിനിന്നു
തോടും പുഴകളും പാടെ വറ്റി
പാടങ്ങൾ നീറിത്തപിച്ചുനിന്നു
മാടത്ത പാടാൻ മറന്നിരുന്നു
വറ്റിവരണ്ട കുളവരമ്പിൽ
കൊറ്റികൾ വാടിത്തളർന്നിരുന്നു
ചത്തപരൽമീനു കൊക്കിലാക്കി
ചക്കിപ്പരുന്തു പറന്നകന്നൂ
പച്ചപ്പു തേടിത്തളർന്ന പൈക്കൾ
കച്ചിചവച്ചു പശിയകറ്റി
ഉച്ചവെയിലത്തു കാക്കപോലും
ഒച്ചവെക്കാതെ തണലുപറ്റി
പൊള്ളുന്ന വേനലിലുള്ളുനീറി
പൊൻകണിക്കൊന്ന പകച്ചുനിന്നു
നീലിച്ചമാനത്തിരുണ്ടമേഘം
നീരുചുരത്താൻ മടിച്ചുനിന്നു
കാലത്തിൻ കൽപ്പനയല്ലോവേനൽ
പാലിച്ചു പോരുന്നതന്നുമിന്നും.

വര: സി വി രഘു



# കിളിമരം

ഗ്രേസി



അടിമുതൽ മുടിവരെ കയ്പ്പു നിറഞ്ഞ ഒരു മരം. പൂക്കുകയോ കായ്ക്കുകയോ ചെയ്യാത്തതിൽ ആ മരം സങ്കടപ്പെട്ടു. ഒരു കിളിപോലും തന്റെ ചില്ലകളിൽ വിശ്രമിക്കാനെത്തുന്നില്ല. തന്റെ ജന്മം ഇങ്ങനെ പാഴായിപ്പോയല്ലോ! മരം നെടുവീർപ്പിട്ടു.

കൂട്ടംതെറ്റി പറന്നുവന്നതാണ് ഒരു കിളി. പക്ഷേ മരത്തിന്റെ സങ്കടം അവനു മനസ്സിലായി. മരത്തിനു ചുറ്റിപ്പറന്ന് കിളി ചോദിച്ചു.

''നീയെന്തിനാണ് ഇത്രയേറെ സങ്കടപ്പെടുന്നത്?''

മരത്തിനോട് ഇതുവരെയും ആരും അങ്ങനെയൊരു ചോദ്യം ചോദിച്ചിട്ടില്ല. സന്തോഷത്താൽ മരത്തിന്റെ കണ്ണുനിറഞ്ഞു. രണ്ടുതുള്ളി കണ്ണീർ പൊഴിച്ച് മരം പറഞ്ഞു.

''ഞാനൊരു കയ്പ്പൻ മരമാണ്. ഞാനെങ്ങനെയാണ് ഇങ്ങനെയായത് എന്ന് എനിക്കറിയില്ല. ഇതുവഴി പറന്നുപോകുന്ന കിളികളൊന്നും എന്നെ തിരിഞ്ഞുനോക്കാറില്ല. എല്ലാ മരങ്ങളെയും തഴുകി കടന്നുപോകുന്ന കാറ്റുപോലും എന്നെ ഒഴിവാക്കുകയാണു പതിവ്.''

കിളി നേരെ പറന്നുചെന്ന് മരത്തിന്റെ ഒരു ചില്ലയിലിരുന്നു. മരത്തിന് രോമാഞ്ചമുണ്ടായി.

''ഹാ! ഒരു കിളിയുടെ സ്പർശം എത്ര സുഖകരമാണെന്ന് എനിക്കിപ്പോഴാണ് മനസ്സിലായത്. വളരെ നന്ദിയുണ്ട് ചങ്ങാതീ!''

കിളി അകലേക്കു നോക്കി. ഒരു നിമിഷം എന്തോ ഓർത്തു നിശ്ശബ്ദനായി. പിന്നെ ഒരു നെടുവീർപ്പോടെ പറഞ്ഞു.

''ഇനിമേൽ നമ്മൾ ഏറ്റവും നല്ല ചങ്ങാതിമാരായിരിക്കും. ഞാൻ നിന്റെ ചില്ലയിൽ താമസിച്ച് നിനക്കുവേണ്ടി പാടും.''

മരത്തിന് അതിശയമായി.

''അതെങ്ങനെ? നീ വടക്കുനിന്നല്ലേ വരുന്നത്? നിന്റെ നാട്ടിലെ തണുപ്പുകാലം കഴിയുമ്പോൾ നിനക്കു നിന്റെ കൂട്ടത്തോടൊപ്പം മടങ്ങിപ്പോകാനുള്ളതല്ലേ?''

''ഓ!'' കിളി വിഷാദത്തോടെ പറഞ്ഞു. ''എനിക്കാരുമില്ല!, അച്ഛനോ, അമ്മയോ, കൂടപ്പിറപ്പുകളോ ആരും! അതുകൊണ്ട് ഇവിടെ നിന്നോടൊപ്പം കഴിയുന്നതുകൊണ്ട് കുഴപ്പമില്ല!''

മരത്തിനു തൊണ്ടയിടറി.

വര: സജി വി



''ഒറ്റയ്ക്കായിപ്പോവുന്നതിന്റെ സങ്കടം എന്നെപ്പോലെ മറ്റാർക്കാണു മനസ്സിലാവുക? എന്നാലും പ്രിയചങ്ങാതീ, നീ മടങ്ങിപ്പോവുകതന്നെ വേണം. അതുവരെ ഇവിടെ താമസിച്ച് എനിക്കുവേണ്ടി പാട്ടുകൾ പാടുന്നതിൽ സന്തോഷമേയുള്ളൂ.''

കിളി കണ്ണുകളടച്ച് ഒരു നിമിഷം ധ്യാനനിരതനായി. പിന്നെ അതിമധുരമായ ശബ്ദത്തിൽ കയ്പ്പൻമരത്തിനു വേണ്ടി പാടാൻ തുടങ്ങി. അത്രയും മധുരമായൊരു ശബ്ദം ആ കാട് അതുവരെയും കേട്ടിട്ടുണ്ടായിരുന്നില്ല. മറ്റു മരങ്ങളിൽ കലപില കൂട്ടിക്കൊണ്ടിരുന്ന പക്ഷികളൊക്കെയും പൊടുന്നനെ നിശ്ശബ്ദരായി. അതുവഴി തിടുക്കപ്പെട്ടു പോയിരുന്ന പക്ഷികളാവട്ടെ അടുത്തുകണ്ട മരങ്ങളിലൊക്കെ പറന്നിറങ്ങി ചിറകൊതുക്കി ചെവിയോർത്തു. ചില മൃഗങ്ങൾപോലും കയ്പ്പൻ മരത്തിനു താഴെ വന്നു വായ് പിളർന്നു മേലോട്ടു നോക്കിനിന്നു. പാട്ടുകാരൻ കിളിയാകട്ടെ ഇതൊന്നുമറിയാതെ ശ്രുതിമധുരമായി പാടിക്കൊണ്ടേയിരുന്നു.

പാട്ടു തീർന്നപ്പോൾ മരം പറഞ്ഞു.

''ഹാ! എന്റെ ആത്മാവിൽ മധുരം പുരണ്ടതായി തോന്നുന്നു. ഒരുപക്ഷേ, നിന്റെ പാട്ടുകേട്ട് ഞാനൊരു കയ്പ്പൻ മരമല്ലാതെയായിത്തീരുമെന്നാണു തോന്നുന്നത്.''

നനവൂറുന്ന കണ്ണുകളോടെ കിളി പറഞ്ഞു.

''എങ്കിൽ ഞാനാവും ഏറ്റവും സന്തോഷിക്കുക!''

കിളി ഇടയ്ക്കൊക്കെ പറന്നുപോകും. ഇരതേടിയുള്ള യാത്ര. അതു കഴിഞ്ഞ് വളരെ വേഗം മരച്ചില്ലയിലേക്കുതന്നെ മടങ്ങിവരും.

അവൻ പുതിയ പുതിയ പാട്ടുകൾ മരത്തിനുവേണ്ടി മധുരമധുരമായി പാടി. അതുകേട്ടുകേട്ട് മെല്ലെ മെല്ലെ മരത്തിന്റെ കയ്പിറങ്ങി. ആത്മാവ് തെളിഞ്ഞു.

ഒരു പ്രഭാതത്തിൽ മരം പൂത്തു. അത് ആഹ്ലാദത്തോടെ വിളിച്ചു കൂവി.

''ഹാ! എന്റെ ചില്ലകളൊക്കെയും പൂത്തുലഞ്ഞിരിക്കുന്നു!''

ക്ഷീണിച്ച് മരച്ചില്ലയിലിരുന്ന് മയങ്ങുന്ന കിളിയോട് മരം പറഞ്ഞു.

''പ്രിയപ്പെട്ട ചങ്ങാതീ! ഈ പൂക്കളത്രയും നിനക്കുള്ളതാണ്!''

ഞെട്ടിയുണർന്ന കിളിയുടെ കണ്ണുകളിൽ പൂക്കളുടെ നിറം. നേർത്ത ശബ്ദത്തിൽ അവൻ പറഞ്ഞു.

''എനിക്ക് വളരെയേറെ സന്തോഷം തോന്നുന്നു!''

മരം പറഞ്ഞു.

''ചങ്ങാതീ, നിന്റെ ശബ്ദം വല്ലാതെ നേർത്തുപോയല്ലോ! തീർച്ചയായും എന്തോ സങ്കടം നിന്നെ അലട്ടുന്നുണ്ട്. എന്റെ കയ്പ്പ്

മാറ്റിത്തന്നതിന് ഞാനെന്നും നന്ദിയുള്ളവനായിരിക്കും. ഇനിയെങ്കിലും നീ നിന്റെ കൂട്ടത്തിലേക്ക് മടങ്ങിപ്പോകണം.''

കിളി ഒന്നും മിണ്ടാതെ ചിറകൊതുക്കിയിരുന്നു. അപ്പോഴാണ് ആഹ്ലാദാരവങ്ങളോടെ ഒരു കൂട്ടം കിളികൾ വടക്കോട്ടു പറന്നു പോവുന്നത് മരം കണ്ടത്. അത് കിളിയോടു പറഞ്ഞു.

''നോക്ക്, നിന്റെ കൂട്ടുകാരൊക്കെ വടക്കോട്ടു പറന്നു പോകുന്നു. ചെല്ല്, നീയും അവരോടൊപ്പം ചേര്.''

കിളി തീരെ ഉത്സാഹമില്ലാതെ പറഞ്ഞു.

''അത് ആദ്യത്തെ കൂട്ടരാണ്. ഇനിയും കുട്ടംകൂട്ടമായി അവര് വരും.''

പൂന്തേനുണ്ണാൻ വന്ന തേനീച്ചക്കൂട്ടത്തിന്റെ മൂളിപ്പാട്ടുകൾക്കിടയിലും രണ്ടാമത്തെ കിളിക്കൂട്ടം വടക്കോട്ട് പറക്കുന്ന ശബ്ദം മരം കേട്ടു. അത് വേവലാതിയോടെ പറഞ്ഞു.

''ദാ, രണ്ടാമത്തെ കൂട്ടവും പറന്നു പോവുകയാണല്ലോ? ചങ്ങാതീ നീ എത്രയും വേഗം അവരുടെ പിന്നാലെ ചെല്ലൂ.''

കിളിയാവട്ടെ നിശ്ശബ്ദനായി തന്റെ കൂട്ടുകാര് പറന്നകലുന്നത് നോക്കിയിരുന്നതേയുള്ളൂ. അവന്റെ മനസ്സിലെന്താണെന്ന് വായിച്ചെടുക്കാൻ മരത്തിനു കഴിഞ്ഞില്ല. അത് കണ്ണീരോടെ തുടർന്നു പറഞ്ഞു.

കഷ്ടം നീയെന്നെ വല്ലാതെ സങ്കടപ്പെടുത്തുന്നു. ഇനിയും നീ ഇവിടം ഉപേക്ഷിച്ചു പോയില്ലെങ്കിൽ ഈ കാടു മുഴുവൻ എന്നെ കുറ്റപ്പെടുത്തും. എന്റെ സ്വാർത്ഥതകൊണ്ട് ഞാൻ നിന്നെ പിടിച്ചുനിർത്തിയെന്ന്. നോക്കൂ! ഈ പൂക്കളൊക്കെയും മുതിർന്ന് കായ്കളാകും. പിന്നെ അവയൊക്കെ മൂത്തുപഴുത്ത് അതൊക്കെ തിന്നാൻ ഒരുപാട് പറവകൾ വന്നെത്തും. പക്ഷേ, നിനക്കുവേണ്ടി എന്റെ ചില്ലയിൽ ഞാനൊരൊണ്ണം കരുതി വയ്ക്കും.

''കഷ്ടം നീയെന്നെ വല്ലാതെ സങ്കടപ്പെടുത്തുന്നു. ഇനിയും നീ ഇവിടം ഉപേക്ഷിച്ചു പോയില്ലെങ്കിൽ ഈ കാടു മുഴുവൻ എന്നെ കുറ്റപ്പെടുത്തും. എന്റെ സ്വാർത്ഥതകൊണ്ട് ഞാൻ നിന്നെ പിടിച്ചുനിർത്തിയെന്ന്. നോക്കൂ! ഈ പൂക്കളൊക്കെയും മുതിർന്ന് കായ്കളാകും. പിന്നെ അവയൊക്കെ മൂത്തുപഴുത്ത് അതൊക്കെ തിന്നാൻ ഒരുപാടു പറവകൾ വന്നെത്തും. പക്ഷേ, നിനക്കുവേണ്ടി എന്റെ ചില്ലയിൽ ഞാനൊരൊണ്ണം കരുതി വയ്ക്കും.''

അപ്പോഴാണു മൂന്നാമത്തെ കിളിക്കൂട്ടം പറന്നു പോകുന്ന ശബ്ദം മരത്തിന്റെ കാതിൽ വന്നലച്ചത്.

''ഹാ, ഇതൊരുപക്ഷേ അവസാനത്തെ കൂട്ടമാകും! പ്രിയപ്പെട്ട ചങ്ങാതീ! ഇനിയും അമാന്തിക്കരുതേ! ചെല്ലൂ! വേഗം പറന്നു ചെല്ലൂ.''

അപ്പോഴും കിളി അനങ്ങാതിരിക്കുന്നത് കണ്ട് മരം വിങ്ങിപ്പൊട്ടി.

''മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നതിന്റെ സന്തോഷം നീയല്ലേ എനിക്ക് പഠിപ്പിച്ചു തന്നത്? എന്നാലിപ്പോൾ സങ്കടംകൊണ്ട് പൂക്കളൊക്കെയും കൊഴിഞ്ഞു പോകും. അപ്പോഴെങ്ങനെയാണ് പറവക്കൂട്ടത്തിന് ആഹാരം നൽകാൻ എനിക്കു കഴിയുക?''

കിളി മരച്ചില്ലയിൽ ഒന്നിളകിയിരുന്നു. പിന്നെ ചിറകുകൾ മെല്ലെ നിവർത്തി. ആകാശത്തേക്കു കുതിച്ച് മരത്തെ ഒരുവട്ടം ചുറ്റി. എന്നിട്ട് ക്ഷീണിച്ചതെങ്കിലും മധുരമായ ശബ്ദത്തിൽ വിട ചൊല്ലി അകലേക്ക് പറന്നു പോയി.

മരത്തിലെ കായ്കളൊക്കെയും മൂത്തുപഴുത്തു. മറ്റൊരു പഴത്തിനുമില്ലാത്തത്ര മധുരം. അവ തിന്നാൻ കാടായകാടുകളിലെ പക്ഷികളൊക്കെയും പറന്നുവന്നു. മരം സന്തോഷത്തോടെ ചില്ലകളിളക്കി അവർക്കു സ്വാഗതമോതി. എങ്കിലും അവരാരും കാണാതെ ഒരു പഴം അത് എപ്പോഴും തന്റെ ഹൃദയത്തോടു ചേർത്തു സൂക്ഷിച്ചു വച്ചു.

പക്ഷേ, ആ പാട്ടുകാരൻ കിളി പിന്നീടൊരിക്കലും വന്നില്ല!

അവനെയോർത്ത് സങ്കടപ്പെട്ട മരത്തോടു മറ്റു പക്ഷികൾ പറഞ്ഞു.

''അവൻ തീർച്ചയായും വേറെ ഏതെങ്കിലും മരത്തിന്റെ കയ്പ്പകറ്റാൻ പോയിട്ടുണ്ടാവും!''



# മഞ്ഞ്

ഇന്ദിരാ അശോക്

പുല്ലു ചൂടിയ
വൈരമൂക്കുത്തിയും
കുഞ്ഞുപൂവിന്റെ
കാതിലെക്കമ്മലും
മഞ്ഞുതുള്ളിയാ-
ണെന്നറിയാതെ ഞാൻ
കണ്ടുനിന്നു
കൊതിച്ചുപോയിന്നലെ.
വന്നു സൂര്യൻ
മറഞ്ഞവ നാളെയും
ഭംഗികോർക്കുവാ-
നെത്തുമീ ചില്ലയിൽ.



വര: സുരേഷ് പരിയാരത്ത്

# ഇരട്ടത്തോട്ടിൽ

പി വത്സല

ആറുമാസത്തെ മറുനാടൻ വാസം കഴിഞ്ഞ് ഞങ്ങൾ വീണ്ടും വനഗ്രാമത്തിലെത്തി. പശ്ചിമ ഘട്ടത്തിന്റെ കിഴക്കെച്ചെരിവിലാണ് എന്റെ ഗ്രാമം! കുറെ കൊല്ലങ്ങൾക്കുമുമ്പ് വെറും കാഴ്ചക്കാരിയായി ഇവിടെ എത്തി. ക്രമേണ ഒരു ചെറുവീടു വച്ചു, കാടിനു നടുക്കുള്ള ഗ്രാമത്തിന്റെ പടിഞ്ഞാറതിർത്തിയിൽ. ഉമ്മറത്തിരുന്നാൽ തെക്കു ഭാഗത്തൂടെ ഒഴുകുന്ന കാളിന്ദിപ്പുഴ കാണാം. ഇരുണ്ടു ശീതിച്ചു ഉത്സാഹത്തോടെ ഓടിപ്പോകുന്ന ഒരു പുഴ. ഇടയ്ക്കിടയ്ക്ക് ഓരോ കയം. നൂലിട്ടുകെട്ടിയ ചെറുകല്ലു താഴ്ത്തിയാൽ അടിത്തട്ടിലെത്താത്തത്ര ആഴമുള്ള കയം. ചാരെ നിൽക്കുന്നു, ഗരുഡപ്പാറ, പിന്നെ ഇത്തിരി വയൽ. കാട് അറ്റമില്ലാതെ കിഴക്കോട്ട്. അതിർത്തിയിൽ കാട് ബ്രഹ്മഗിരിയുടെ കൊടുമുടിയിൽ തലചായ്ച്ചു മഞ്ഞിലുറങ്ങി സ്വപ്നം കാണുന്നു. അവിടെ സിംഹാസനത്തിൽ കേറിയിരുന്ന് ഓറഞ്ചുപ്രഭയിൽ ആറാടുന്ന സൂര്യൻ കൈനീട്ടി മാടിവിളിക്കുന്നു.

വരൂ, ഇങ്ങോട്ടുവരൂ. ഇരിക്കൂ, വിശ്രമിക്കൂ. നീ കഴിഞ്ഞകൊല്ലം വെള്ളം കുടിക്കാൻ കൊടുത്തു ശീലിപ്പിച്ച തുളസിപ്പൂ കരിഞ്ഞുണങ്ങി. റോസാമൊട്ടുകൾ കുലച്ചു, കവിൾ വീർപ്പിച്ചു നിന്നെക്കാത്തു നിന്നു. കാത്തുകാത്തു നനകിട്ടാതെ ദാഹിച്ച് ചുണ്ടു പിളർത്താൻ



കഴിയാതെ പൂക്കളെ പുറത്തുവിടാതെ മൊട്ടെല്ലാം കരിഞ്ഞുണങ്ങി. അതാ നിന്റെ മുറ്റത്ത് എലവംഗമരം ചെന്തളിരണിഞ്ഞു. കാണാനാളില്ലാതെ കരഞ്ഞുറങ്ങിപ്പോയി. അതിന്മേൽ വിരിഞ്ഞ നൂറായിരം ചിത്രശലഭപ്പുഴുക്കൾ ചിറകുവയ്ക്കാൻ നൃത്തം ചെയ്തുതളർന്നു. ഒറ്റച്ചിറകും വിരിക്കാനാകാതെ, വർണപ്പുഴുക്കളെല്ലാം ബോധംകെട്ടു വീണു. ഒറ്റ രാത്രികൊണ്ട് ആയിരക്കണക്കിനു പുഴുക്കളെ ഏതോ രാത്രിഞ്ചരപ്പക്ഷികൾ കോരിയെടുത്ത് അപ്രത്യക്ഷരായി.

കവിടിക്കല്ലു പാകിയ മുറ്റം അനാഥമായി ഇടറിക്കിടക്കുന്നു. ഞാൻ മൂകയായി. അടച്ചുപൂട്ടിയ വാതിലിനു മുമ്പിലെത്തി. എന്റെ കൂട്ടുകാരൻ ശ്രദ്ധയോടെ കതകുതുറക്കാൻ ഭാവിച്ചു. അനക്കമില്ല. തേനീച്ച വന്ന് അരികുകൾ മെഴുകിനാൽ അടച്ചു സീൽ വച്ചുപോയിരിക്കുന്നു.

ഞങ്ങൾക്കു വിശപ്പുണ്ട്. കതകുതുറന്നാൽ അകത്തു തിന്നാൻ പറ്റിയ ചിലത്, ചായ, കാപ്പി, ഉണക്കിയ ഈത്തപ്പഴം എന്തെങ്കിലും കിട്ടും.

രണ്ടും കൽപ്പിച്ചു കള്ളനെപ്പോലെ സീല് പൊളിച്ച് കൂട്ടുകാരൻ കതകു തള്ളിത്തുറന്നു.

അപ്പോഴാണ്!

ഒരാളുണ്ട് ഞങ്ങളെ വകവയ്ക്കാതെ, ഉഴറിക്കിതച്ച് കാൽച്ചോട്ടിലൂടെ പാഞ്ഞു മുറ്റത്തേക്കു ചാടുന്നു, ഓടുന്നു. മുറ്റത്തെ പൂവാകമരത്തിന്റെ താണൊരു കൊമ്പിൽ ചാടിക്കേറി ഞങ്ങളെ വാ അടയ്ക്കാതെ ശകാരിക്കുന്നു.

'എന്തു പറ്റിയെടാ?'

ഞങ്ങൾ പതുക്കെ അകത്തു കടന്നു. ഒന്നുമില്ല കീഴെ. ചുവന്ന മണ്ണിഷ്ടിക പതിച്ച കുളിരുന്ന തറയിൽ പൊടി മാത്രം. കസേരയിലും മേശമേലും റേഡിയോ സെറ്റിലും ടേബിൾ ലാമ്പിനു മേലും ആറേഴു മാസത്തെ പൊടി.

ശാസ്ത്ര-അടുപ്പിൽ തീ കൊളുത്താൻ ഒരുങ്ങുമ്പോൾ, അതിന്റെ ഗോളാകൃതിയിലുള്ള വയർ നിറഞ്ഞിരിക്കുന്നു. അടുപ്പിനു കൃത്യമായി നെയ്തു നിറച്ച ഒരു മെത്ത. നൂൽ മെത്ത. ഉണങ്ങിയ നാരിലും വേരിലും പണിത മെത്ത. ഒരു കമ്പെടുത്തു കഷ്ടപ്പെട്ടു പൊക്കിഅടുക്കളമേശമേൽ വച്ചു. മെല്ലെ വിടർത്തി. രണ്ടു തൊട്ടിലുകൾ ചേർത്തുവച്ച് മെടഞ്ഞ് അതിമനോഹരമായ ഇരട്ടത്തൊട്ടിൽ. ആറിഞ്ചിലധികം നീളം. ഓരോന്നിനും നാലിഞ്ചു വീതിയും.

പെട്ടെന്നു അടുക്കളക്കതക് താക്കോലിട്ടു തുറന്നു. അല്പം ഭേദമാണ്. പൊടി കുറവ്. പുലരും മുമ്പ് നഗരത്തിലെ വീട്ടിൽ നിന്നിറങ്ങിയതാണ്. കുപ്പിയിലെ തണുത്ത ചുക്കുവെള്ളം കുടിച്ചു. വിശപ്പിന് ഒരു കുറവുമില്ല.

മരക്കൊമ്പിലിരുന്ന് അപ്പോഴും ഞങ്ങളുടെ നേർക്കു ശകാരം അഴിച്ചു വിടുന്നു, അണ്ണാരക്കണ്ണൻ.

എങ്ങനെ അവൻ വീട്ടിനകത്തെത്തി? എത്രനാൾ തനിച്ച് അന്നം കിട്ടാതെ ജീവനൊടുങ്ങാതെ കഴിഞ്ഞു?

അടുക്കളയിൽ ശാസ്ത്രസാഹിത്യക്കൂട്ടർ പണിതു തന്ന അടുപ്പും ഗ്യാസ് അടുപ്പും ഉണ്ട്. രണ്ടും ഒരേ സമയത്ത് കൊളുത്താം. ചോറും കറിയും ഒന്നിച്ചു പാകമാക്കാം. അതിനു മുമ്പൊരു ചായയും ആവാം.

അണ്ണാരക്കൊട്ടൻ ചിലച്ചുകൊണ്ടേയിരിക്കുന്നു. ശാസ്ത്ര-അടുപ്പിൽ തീ കൊളുത്താൻ ഒരുങ്ങുമ്പോൾ, അതിന്റെ ഗോളാകൃതിയിലുള്ള വയർ നിറഞ്ഞിരിക്കുന്നു. അടുപ്പിനു കൃത്യമായി നെയ്തു നിറച്ച ഒരു മെത്ത. നൂൽ മെത്ത. ഉണങ്ങിയ നാരിലും വേരിലും പണിത മെത്ത. ഒരു കമ്പെടുത്തു കഷ്ടപ്പെട്ടു പൊക്കി അടുക്കളമേശമേൽ വച്ചു.

"എന്തിനാണതു നോക്കി നിൽക്കണത്? വേഗം ചോറും കൂട്ടാനും വയ്ക്കണ്ടേ?"

"വരട്ടെ. ഇതെന്താണെന്ന് നോക്കാം."

മെല്ലെ വിടർത്തി. രണ്ടു തൊട്ടിലുകൾ ചേർത്തുവച്ച് മെടഞ്ഞ് അതിമനോഹരമായ ഇരട്ടത്തൊട്ടിൽ. ആറിഞ്ചിലധികം നീളം. ഓരോന്നിനും നാലിഞ്ചു വീതിയും.

അപ്പോൾ വീടുസൂക്ഷിപ്പുകാരൻ മുറ്റത്തെത്തി.

അണ്ണാരക്കൊട്ടൻ അവനെ കൂടുതലുച്ചത്തിൽ ശകാരിക്കാൻ തുടങ്ങി. 'എടാ പോ, പോ....'

അയാൾ അടുക്കളയിലേക്കെത്തി നോക്കി.

"എന്താദ്?"

"തൊട്ടിൽ -ഇരട്ടത്തൊട്ടിൽ."

"മരക്കൊമ്പീന്നു അടന്നു വീണതാണോ?"

"അല്ലല്ല. വലിയ അടുപ്പിൽനിന്നും കണ്ടെടുത്തതാണ്."

കാവൽക്കാരൻ കുറെ നേരം ആലോചിച്ചുനിന്നു. ഒച്ചയില്ല. അണ്ണാരക്കൊട്ടന്റെ ശകാരം കരച്ചിലായി മാറുന്നു.

നടുമുറ്റത്ത് ജ്വലിക്കുന്ന വെയിൽ. സൂര്യഭഗവാൻ തലയ്ക്കു മേലാകാശത്തിൽ






നിന്ന് കഠിനമായി കീഴോട്ടു നോക്കുന്നു.

“അടച്ചു പൂട്ടിയ വീടിന്റെ അടുക്കളയിലെങ്ങനെ ഇവൻ കടന്നു? ആറുമാസായിട്ട് കതകു തുറന്നിട്ടേ ഇല്ല, ഞാൻ.”

കാവൽക്കാരൻ പറഞ്ഞു.

പിന്നെ ഒറ്റശ്വാസത്തിൽ അവൻ തുടർന്നു.

“കിട്ടി, കിട്ടി.”

“എന്ത്?”

“ഉത്തരം!”

“വീടിന്റേയോ?”

“അല്ല. ചോദ്യത്തിന്.”

“എന്താ?”

“കുറച്ചു നാളായി, ഇവൻ ദാ ആ പുകക്കുഴലിലൂടെ മേലോട്ടും കീഴോട്ടും മണ്ടണ കാണുന്നു. ഒരു മാസത്തിലധികം എടുത്ത്ട്ട്ണ്ടാവും പണിതീർക്കാൻ!”

“എനിക്കു തൊണ്ടയിൽ കണ്ണീർ കനത്തു.”

“എന്നാൽ നമുക്കിത് തിരികെ പ്രതിഷ്ഠിച്ചാലോ?”

“പറ്റില്യ.”

അയാൾ പറഞ്ഞു.

“മനുഷ്യൻ തൊട്ടാപ്പിന്നെ ഒരു പക്ഷീം, മൃഗോം അതിന്റെ കൂട്ടിൽ കുടിപാർക്കാൻ വര്ല്യ. മുട്ടയിടില്ല. പ്രസവിക്കില്ല. കുടിൽ വേറെ കെട്ടീട്ടു വേണം.”

അണ്ണാന്റെ മരിച്ചകൂട്! ഇപ്പോഴും എലവംഗത്തിന്റെ കീഴ്ക്കൊമ്പിൽ ഞാന്നു കിടക്കുന്നുണ്ടാവണം. മഴയ്ക്കും വെയിലിനും കാറ്റിനും സ്പർശിക്കാൻ കഴിയാതെ അനാഥമായി മുറ്റത്ത്.

ഒരു ദിവസം കരഞ്ഞു തീർത്ത് അവൾ (അവൻ) പോയ്മറഞ്ഞു.

## അറിയിപ്പ്

തളിര് വായനാമത്സരം 2015 വിജയികളുടെ ലിസ്റ്റ് മേയ് 20ന് ഇൻസ്റ്റിറ്റ്യൂട്ട് വെബ്സൈറ്റ് ആയ http://ksicl.org ൽ പ്രസിദ്ധീകരിക്കും. ലിസ്റ്റ് തളിര് മാസികയിൽ പ്രസിദ്ധീകരിക്കുന്നതല്ല.

എഡിറ്റർ



വര: ഗോപു പട്ടിത്തറ

# ആരു നൽകി?

ഹിത പി വി

ചെമ്പരത്തിക്കാരു ചോപ്പുനൽകി?
സന്ധ്യയ്ക്കു സിന്ദൂരമാരു നൽകി?
രാവിന്നിരുളിമയാരു നൽകി?
ആഴിക്കുതിരമാലയാരു നൽകി?
പൂവിനു വാസനയാരുനൽകി?
അമ്പിളി, മാനത്തിനാരു നൽകി?

## ആനക്കാര്യം




രാജീവ് എൻ ടി
rajeevnt@hotmail.com

# വലിയവരുടെ രോഗങ്ങൾ കുട്ടികൾക്ക്!

ഡോ. ബി പത്മകുമാർ

ദീപുവിന് പനി വന്നപ്പോൾ കുടുംബ ഡോക്ടറെ കാണിക്കാൻ കൊണ്ടുപോയതാണ് അച്ഛൻ. ഡോക്ടർ പരിശോധിച്ച് മരുന്നുകളെല്ലാം എഴുതി കൊടുത്തു. കൂടാതെ രക്തവും പരിശോധിക്കാൻ പറഞ്ഞു. രക്ത പരിശോധനയുടെ റിസൽട്ട് വന്നപ്പോൾ എല്ലാവരും ഞെട്ടിപ്പോയി. രക്തത്തിലെ ഷുഗറിന്റെ അളവ് 240 മി. ഗ്രാം. ഭക്ഷണം കഴിച്ച ശേഷം രക്തം പരിശോധിച്ചാൽ 140ന് താഴെ ആയിരിക്കണമല്ലോ ഷുഗറിന്റെ സാധാരണ നില.

'ഡോക്ടർ, പ്രമേഹം പ്രായമുള്ളവരുടെ അസുഖമല്ലേ?'

അമ്പരന്നുപോയ അച്ഛൻ ചോദിച്ചു. 'ഇവന് 14 വയസ്സല്ലേ ആയുള്ളൂ.'

'ശരിയാണ്. ദീപു കുട്ടിയാണ്, പക്ഷേ അവന്റെ ശരീരഭാരം 74 കിലോയാണ്.' ഡോക്ടർ പറഞ്ഞു.

ഓടിക്കളിക്കാതെ എപ്പോഴും എന്തെങ്കിലും കൊറിച്ച് ടിവിയുടെ മുമ്പിൽ ചടഞ്ഞിരുന്നും സംഘടിപ്പിച്ചതായിരിക്കണം ഈ പൊണ്ണത്തടി. ഡോക്ടർ ദീപുവിന്റെ രക്തസമ്മർദ്ദം പരിശോധിച്ചു. അതും കൂടുതൽ.

വണ്ണം കുറയ്ക്കാനാവശ്യമായ വ്യായാമമാർഗങ്ങളും ഭക്ഷണരീതികളുമൊക്കെ പറഞ്ഞുകൊടുത്താണ് ഡോക്ടർ അച്ഛനെയും മകനെയും വീട്ടിലേക്കു പറഞ്ഞുവിട്ടത്.

ഒരു കാലത്ത് വലിയവരുടെ രോഗങ്ങളെന്നു കരുതിയിരുന്ന പ്രമേഹവും ഹൈപ്പർടെൻഷനും കൊളസ്ട്രോളിന്റെ പ്രശ്നങ്ങളുമൊക്കെ ആ പരിധി വിട്ട് താഴേക്കിറങ്ങി വരികയാണ്. എന്തുകൊണ്ടാണ് കുട്ടികൾ പ്രായമാകുന്നതിനുമുമ്പുതന്നെ വയസ്സായി പോകുന്നത്? അനാരോഗ്യകരമായ ഭക്ഷണശീലങ്ങളും വ്യായാമമില്ലാത്ത ജീവിതരീതികളും തന്നെ. പണ്ട് പാടത്തും പറമ്പിലും ശലഭങ്ങളെ പോലെ പാറിനടന്ന



വര: ടി ആർ രാജേഷ്

കുട്ടികൾ ഇപ്പോൾ ക്ലാസ് മുറിയുടെ നാലു ചുവരുകൾക്കുള്ളിൽ അടയ്ക്കപ്പെട്ടിരിക്കുകയാണ്. വ്യായാമമില്ലാത്ത ശരീരത്തിൽ പൊണ്ണത്തടി പെട്ടെന്നു കുടിയേറും. ഒപ്പം പ്രായമായവരെ ബാധിക്കുന്ന രോഗങ്ങളും.

കുട്ടികൾ പെട്ടെന്ന് വയസ്സരായി പോകുന്നതിനു പ്രധാന കാരണം പൊണ്ണത്തടി തന്നെയാണ്. പൊണ്ണത്തടി രോഗങ്ങളിലേക്കു നയിക്കുന്ന ഒരു ദേശീയപാതയാണെന്നും പറയാം. എന്തൊക്കെ രോഗങ്ങളാണ് പൊണ്ണത്തടിയുള്ളവരെ കാത്തിരിക്കുന്നതെന്നോ. ഇൻസുലിന്റെ പ്രവർത്തന ശേഷി കുറയ്ക്കുന്നതു മൂലം പ്രമേഹമുണ്ടാകാം. രക്തത്തിലെ കൊഴുപ്പിന്റെ അളവ് ഉയരും. ഹൃദയാരോഗ്യം ദുർബലമായെന്നും വരാം. ബിപി കൂടാനും സാധ്യതയുണ്ട്. പഴങ്ങളും പച്ചക്കറികളുമൊക്കെ ധാരാളമായടങ്ങിയ ലളിതമായ ഭക്ഷണരീതിയാണ് പൊണ്ണത്തടിയും മറ്റുരോഗങ്ങളും അകറ്റിനിർത്താനുള്ള വഴി.

നിങ്ങൾക്ക് പൊണ്ണത്തടിയുണ്ടോ എന്ന് തിരച്ചറിയാൻ ഒരു എളുപ്പമാർഗം. സാധാരണ അളവെടുക്കാൻ ഉപയോഗിക്കുന്ന ഒരു ടേപ്പു മാത്രം മതി. ആദ്യം വയറിന്റെ അളവെടുക്കുക. പൊക്കിളിന്റെ ഭാഗത്തുകൂടെ വേണം അളവെടുക്കാൻ. ഇതേ പോലെ അരക്കെട്ടിന്റെ അളവും എടുക്കണം. എന്നിട്ട് വയറിന്റെ അളവിനെ അരക്കെട്ടിന്റെ അളവുകൊണ്ട് ഭാഗിക്കുക. ഇതിനെ വെയ്സ്റ്റ് ഹിപ് റേഷ്യോ (Waist–hip ratio) എന്നാണു വിളിക്കുന്നത്. പുരുഷന്മാരിൽ ഇത് 0.9ലും സ്ത്രീകളിൽ 0.8ലും താഴെയായിരിക്കണം. അനുപാതം ഈ അളവിൽ കൂടുതലാണെങ്കിൽ വണ്ണം കൂടുതലാണെന്നു പറയാം.

ഇനി നമുക്ക് ദീപുവിനെപ്പോലെ ആകാതിരിക്കാൻ എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടതെന്ന് മനസ്സിലാക്കാം. പൊണ്ണത്തടി ഉണ്ടാകുന്നതിന് പ്രധാന കാരണം അമിത ഭക്ഷണവും അതോടൊപ്പം വ്യായാമക്കുറവുമാണ്. കൊഴുക്കട്ട, ഇലയട, മോദകം തുടങ്ങിയവ ആർക്കും വേണ്ട. ബേക്കറിയിൽവെച്ചു വിളമ്പുന്ന പഫ്സും സമോസയും പിസയുമൊക്കെയാണു പ്രിയം. ഹോട്ടൽ ഭക്ഷണത്തിലൂടെയും ബേക്കറി പലഹാരങ്ങളിലൂടെയും നാം അകത്താക്കുന്നത് ആവശ്യത്തിലേറെ കൊഴുപ്പും മധുരവും ഉപ്പുമൊക്കെയാണ്. ഇതാണ് പിന്നീട് പൊണ്ണത്തടിയായി മാറുന്നത്.

രാത്രിയിലെ ഭക്ഷണവും കുറയ്ക്കണം. പണ്ടൊക്കെ വീടുകളിൽ കഞ്ഞിയും പയറുമായിരുന്നു അത്താഴം. പിന്നീടാണ് പൊറോട്ടയും ബീഫുമൊക്കെ ആ സ്ഥാനം കരസ്ഥമാക്കിയത്. അത്താഴം അത്തിപ്പഴത്തോളം എന്നല്ലേ പ്രമാണം. പെട്ടെന്ന് ദഹിക്കുകയും ആഗിരണം ചെയ്യുകയും ചെയ്യുന്ന കഞ്ഞി അത്താഴത്തിനു നല്ലതാണ്. ചപ്പാത്തിയും കുഴപ്പമില്ല. അത്താഴത്തിന് വറുത്തതും പൊരിച്ചതും എണ്ണപ്പലഹാരവും വേണ്ട.

കൂട്ടുകാർക്ക് പ്രഷറും ഷുഗറുമൊന്നും പിടിപെടാതെയിരിക്കണമെങ്കിൽ ഓടിച്ചാടി നടക്കാൻ സമയം കണ്ടെത്തണം. ദിവസവും അര മണിക്കൂറെങ്കിലും ശരീരമനങ്ങുന്ന കളികൾ



കളിക്കണം. സൈക്കിൾ ചവിട്ടുന്നത് നല്ലതാണ്. നല്ലൊരു വ്യായാമമാണത്.

ഇനി ഫ്ളാറ്റിലാണ് താമസം, ഓടിക്കളിക്കാൻ സ്ഥലമില്ല എന്നു പറയുന്ന കൂട്ടുകാരോട്. ലിഫ്റ്റ് ഉപയോഗിക്കാതെ കോണിപ്പടി ചവിട്ടിക്കയറാൻ ശീലിക്കുക. പടികൾ കയറുന്നതും ഇറങ്ങുന്നതും നല്ല വ്യായാമമാണ്.

ഓർക്കുക- കുട്ടികൾ കുട്ടികളെപ്പോലെ ജീവിക്കണം. എന്നാലേ കുട്ടികളായിത്തന്നെ ഇരിക്കാനാവൂ. അല്ലെങ്കിൽ പണ്ടാരാണ്ടോ പറഞ്ഞതുപോലെ മൂക്കും മുമ്പേ പഴുത്തുപോയെന്നു വരും!

# മനസ്സുറപ്പില്ലാത്ത ചെന്നായ

(ജാതകകഥ)

ചിത്രീകരണം വെങ്കി



ഗംഗാനദിയിൽ വലിയ വെള്ളപ്പൊക്കം. ഇരു കരകളും വെള്ളത്തിനടിയിലായി. ദേവരാജാവായ ശക്രനായി ബോധിസത്വൻ ജന്മമെടുത്ത കാലമായിരുന്നു അത്.



നദിക്കരയിലെ ഒരു പാറപ്പുറത്തു കിടന്ന് ഉറങ്ങിപ്പോയതാണ് ചെന്നായ. ഉണരുമ്പാൾ ചുറ്റിലും വെള്ളം. കര വളരെ ദൂരെ. പാറപ്പുറത്തു തന്നെ കഴിയേണ്ടി വരും..

ചെന്നായയ്ക്ക് വിശന്നു തുടങ്ങി. പക്ഷേ ആഹാരത്തിന് എന്തു ചെയ്യും?





പെട്ടെന്ന് ചെന്നായയ്ക്ക് ഒരു ബുദ്ധിതോന്നി.
എന്തായാലും പട്ടിണി കിടക്കണം. എങ്കിൽപ്പിന്നെ
ഉപവാസവ്രതം അനുഷ്ഠിക്കാം. പുണ്യവും
കിട്ടും. പിന്നെ ഒന്നും ആലോചിച്ചില്ല.
ചെന്നായ പാറപ്പുറത്ത് നീണ്ടുനിവർന്നു നിന്ന്
ദൈവത്തെ ധ്യാനിക്കാൻ തുടങ്ങി.



ഈ ചെന്നായയെ ഒന്നു പരീക്ഷിക്കുക
തന്നെ. ശക്രൻ തീരുമാനിച്ചു.



അദ്ദേഹം ഒരു ആടിന്റെ രൂപത്തിൽ
ചെന്നയയ്ക്കരികിലെത്തി.





വിശന്നുവലഞ്ഞ തന്റെ മുന്നിലതാ ഒരു ആട്. ഇനിയെന്തു നോക്കാൻ. ആടിനെ പിടിക്കുകതന്നെ. ചെന്നായ പതുങ്ങിപ്പതുങ്ങി അതിന്റെ അടുത്തെത്തി.



ചെന്നായ ആക്രമിക്കാൻ തൊട്ടടുത്തെത്തുമ്പോഴേക്കും ആട് അവിടെ നിന്നും മാറിക്കളയും. ചെന്നായയാകട്ടെ അതിന്റെ പിന്നാലെയും. ദിവസം മുഴവൻ ആട് ആ പാറപ്പുറത്ത് ചെന്നായയെ ഇട്ടോടിച്ചു. ചെന്നായ തളർന്നവശനായി. നോക്കിനിൽക്കെ ആട് അപ്രത്യക്ഷനായി!



ചെന്നായ മനസ്സിൽ വിചാരിച്ചു.
“ആടിനെ കിട്ടാത്തതു നന്നായി. തന്റെ വ്രതം മുടങ്ങിയില്ലല്ലോ.”



അപ്പോൾ ആകാശത്തുനിന്നും ഒരു അശരീരി.
“മനസ്സുറപ്പില്ലാത്ത നീയെന്തിനാണ് വെറുതേ വ്രതമെടുക്കുന്നത്...”
ചെന്നായ ലജ്ജിച്ചു തല താഴ്ത്തി.



വര: തപതി പ്രിയങ്ക



# കീടാണു

**കുരീപ്പുഴ വിൻസെന്റ്**

ഉച്ചയൂണു നേരമായി ബെല്ലടിച്ചപ്പോൾ
കുട്ടികളിരുവരിയിലായ് നിരന്നിരുന്നപ്പോൾ
കൈയിൽ മൈക്രോസ്കോപ്പുമായി ടീച്ചർ ചൊല്ലുന്നു;
'കൈകഴുകാതെത്ര പേര്, കൈയുയർത്തീടു'
അപ്പുക്കുട്ടനും ഗോപിക്കുട്ടനും കൈയുയർത്തുമ്പോൾ
അമ്മുക്കുട്ടിയും ചമ്മലോടെ കൈയുയർത്തുന്നു.
കൈയിൽ മൈക്രോസ്കോപ്പു നൽകി ടീച്ചർ ചൊന്നപ്പോൾ;
'കുട്ടികളേ കൈ കഴുകാതാരിരുന്നാലും, ആ
കൈകളിലാരാരിരിപ്പതു കണ്ടറിഞ്ഞോളൂ!
കൈയിൽ മൈക്രോസ്കോപ്പു വച്ചിട്ടതിൽ നോക്കുമ്പോൾ
കൈയിലുള്ള കാഴ്ച കണ്ടിട്ടമ്മു ഞെട്ടുന്നു.
'കൈയിൽ നിങ്ങൾ എന്തു കണ്ടു? ചൊല്ലു കൂട്ടരേ'
'ഇമ്പമിത്രയിമ്പമുള്ള കൈകളല്ലല്ലോ'
കണ്ടു ഞങ്ങളീക്കുഴലിലൂടെ നോക്കുമ്പോൾ
ഉണ്ടു; കൈയിലുഗ്രനായൊരുണ്ട വൈറസും*,
കൂടെ നിന്നു പല്ലുകാട്ടും നീണ്ട ബാക്ടീര്യേം
ചൊല്ലി വേഗമമ്മുക്കുട്ടി കൈതുടയ്ക്കുമ്പോൾ
തോളിലൊന്നു തട്ടിമെല്ലെ ടീച്ചർ ചൊല്ലുന്നു:
പേടിവേണ്ട! ഉഗ്രരല്ല കണ്ട രണ്ടാളും,
കീടമാണ്, കൈകഴുകൂ, ഓടിമണ്ടിടും.

*വൈറസിനെ സാധാരണ മൈക്രോസ്കോപ്പുകളാൽ കാണാൻ കഴിയില്ല.

# ഗ്രാനൈറ്റ് തറയാണോ മരപ്പലകയാണോ കൂടുതൽ തണുത്തത്?

**വൈശാഖൻ തമ്പി**

ഒരു ദിവസം തിരക്കൊഴിഞ്ഞ അടുക്കളിയിലേക്കൊന്നു കയറി, സ്റ്റീൽ പാത്രം, ഗ്ലാസ്, അമ്മിക്കല്ല്, തടിപ്പെട്ടി, ഫ്രൈയിങ്പാനിന്റെ പിടി എന്നിങ്ങനെ അവിടെ കാണുന്ന ഓരോ വസ്തുക്കളിലായി ഒന്ന് തൊട്ടുനോക്കുമോ? സ്റ്റീൽ പാത്രം ഗ്ലാസിനെക്കാൾ തണുത്തിരിക്കുന്നു എന്നു തോന്നും. അതുപോലെ, ഗ്രാനൈറ്റ്തറയിലും അവിടിട്ടിരിക്കുന്ന മരപ്പലകയിലേക്കും മാറി മാറി ചവിട്ടിനോക്കൂ. പലകയെക്കാൾ ഗ്രാനൈറ്റ്തറ തണുത്തിരിക്കുന്നു എന്നു കാണാം.

എന്താണ് അതിന്റെ അർത്ഥം?

ഗ്ലാസിനെക്കാൾ താപനില കുറവാണ് സ്റ്റീലിന്, മരത്തെക്കാൾ താപനില കുറവാണ് ഗ്രാനൈറ്റിന് എന്നാണോ?

പക്ഷേ ഇവിടൊരു കുഴപ്പമുണ്ട്. സ്റ്റീൽപാത്രവും ഗ്ലാസും ഫ്രൈയിങ് പാനും ഒക്കെ ഒരേ മുറിയിൽ കുറെ നേരം ഇരുന്നവയാണ്. അവയെല്ലാം ഒരേ താപനിലയിൽ തന്നെ ആയേ തീരൂ. ഒന്ന് മറ്റൊന്നിനെക്കാൾ തണുത്തതോ ചൂടുള്ളതോ ആയി നിൽക്കില്ല. പ്രകൃതിയിലെ ഒരു അടിസ്ഥാന ഭൗതിക നിയമമാണിത്. വ്യത്യസ്ത താപനിലയിലുള്ള വസ്തുക്കൾ ഒരുമിച്ചു വന്നാൽ അതിൽ ചൂട് കൂടിയതിൽ നിന്ന് കുറഞ്ഞതിലേയ്ക്ക് താപോർജം ഒഴുകുകയും അവയെല്ലാം ഒരേ താപനിലയിലേക്ക് വരികയും ചെയ്യും.

മുറിയിൽ വെറുതേ വച്ചിരിക്കുന്ന പക്ഷം ചൂടുചായ 'തണുക്കുക'യും ഐസുവെള്ളം 'ചൂടാവുകയും' ചെയ്യുന്നത് അതിനാലാണ്. ചായ അന്തരീക്ഷത്തിലേക്ക് ചൂട് കൊടുക്കുകയും ഐസുവെള്ളം ചൂട് അതിലേക്ക് വലിച്ചെടുക്കുകയും ചെയ്യും. ഇതിന്റെ ഫലമായി ഇവയെല്ലാം ഒരേ താപനിലയിലേക്ക് എത്തിച്ചേരും. പക്ഷേ ലോഹപ്പാത്രത്തിലും പ്ലാസ്റ്റിക്പാത്രത്തിലും തൊട്ടുനോക്കിയാൽ ലോഹപ്പാത്രം കൂടുതൽ 'തണുത്തിരിക്കുന്നു' എന്ന കാര്യത്തിൽ നിങ്ങൾ തർക്കിക്കാൻ തയ്യാറാകുമെന്ന് ഉറപ്പാണ്. ഇവ രണ്ടും ഒരേ താപനിലയിലാണ് ഇരിക്കുന്നത് എന്ന കാര്യം സമ്മതിക്കാൻ ബുദ്ധിമുട്ടായിരിക്കും.

എന്തായിരിക്കും ഇങ്ങനെ തോന്നാൻ കാരണം? ഇതിന്റെ ഉത്തരം ശരിക്കും താപനില (Temperature) യുമായി ബന്ധപ്പെട്ട് അല്ല. മറിച്ച് താപചാലകത (Thermal conductivity) യുമായി ബന്ധപ്പെട്ടാണു പറയേണ്ടത്.

അപ്പോൾ ഒരു ചോദ്യം വരും എന്നറിയാം. എന്താണ് ഈ താപചാലകത. എന്തായാലും അതിനുമുൻപ് ചില അടിസ്ഥാനകാര്യങ്ങൾ നമുക്കു മനസ്സിലാക്കാം.

താപവും താപനിലയും തമ്മിലുള്ള വ്യത്യാസമാകട്ടെ ആദ്യം. താപം എന്നത് ഒരു ഊർജവും താപനില എന്നത് അതിന്റെ ഒരു ഫലവുമാണ് എന്ന് ഒറ്റയടിക്കു പറയാം. താപോർജം എന്നത് സത്യത്തിൽ ഒരു വസ്തുവിലെ കണങ്ങളുടെ ഗതികോർജം (Kinetic energy) ആണ്. ഊർജം പകർന്നു കിട്ടുമ്പോൾ ഒരു വസ്തുവിലെ കണങ്ങൾ അതിനനുസരിച്ച് ചലിക്കാൻ തുടങ്ങും.

ഖരവസ്തുക്കളിൽ കണങ്ങളെല്ലാം ക്രമമായ രീതിയിൽ അടുക്കപ്പെട്ടിരിക്കുന്നതിനാൽ, കണങ്ങളുടെ ചലനം എന്നത് ഒരു കമ്പനചലനമായിരിക്കും (Vibration). കണങ്ങൾ അവയുടെ സ്ഥാനത്തിരുന്ന് അങ്ങോട്ടുമിങ്ങോട്ടും കമ്പനം ചെയ്യും. എത്രത്തോളം കൂടുതൽ ഊർജം കിട്ടുന്നുവോ അത്രത്തോളം വേഗത്തിലായിരിക്കും കണങ്ങളുടെ കമ്പനം.

ഇങ്ങനെ ഒരു വസ്തുവിലെ കണങ്ങളുടെ കമ്പനത്തിന്റെ ശരാശരി അളവാണ് നമ്മൾ താപനിലയായി അളക്കുന്നത്. താപനില കൂടിയ വസ്തുവിൽ കണങ്ങൾ വളരെ വേഗത്തിലും മറ്റേതിൽ അവ പതിയെയും ആയിരിക്കും കമ്പനംചെയ്തുകൊണ്ടിരിക്കുന്നത്. അവയെ തമ്മിൽ ചേർത്തുവച്ചാൽ ഊർജം കൂടുതലുള്ള വസ്തുവിൽ നിന്ന് കുറഞ്ഞതിലേക്ക് ഊർജം ഒഴുകും. ഊർജം നഷ്ടപ്പെടുന്ന വസ്തുവിൽ കണങ്ങളുടെ വേഗത കുറയുകയും മറ്റേതിൽ അത് കൂടുകയും ചെയ്യും. രണ്ടിലും ഒരേ താപനില എത്തുന്നതു വരെ ഈ ഒഴുക്ക് നടക്കും.

അതായത് താപോർജത്തിന്റെ ഒഴുക്കുകൊണ്ട് താപനില മാറുന്നു എന്നർത്ഥം.

ഇനി ഈ ഒഴുക്കിന്റെ വേഗത കൂടി കണക്കിലെടുക്കണം. അതാണ് താപചാലകത എന്ന് അളക്കപ്പെടുന്ന ഗുണവിശേഷം. ഒരു വസ്തു അതിന് കിട്ടുന്ന താപോർജത്തെ അതിനുള്ളിലൂടെ കടത്തിവിടുന്നു എന്നതിനെയാണ് താപചാലകസ്വഭാവം എന്ന് പറയുന്നത്.

നല്ല താപചാലകസ്വഭാവം ഉള്ള വസ്തുവിലെ കണങ്ങൾ തങ്ങൾക്ക് കിട്ടുന്ന ഊർജത്തെ ഉടൻ തന്നെ മറ്റു കണങ്ങൾക്ക് പകർന്നു കൊടുക്കുകയും പുറത്തെ ഊർജസ്രോതസ്സിൽനിന്നും വീണ്ടും ഊർജം സ്വീകരിക്കുകയും ചെയ്യും.

ഒരു ഓഡിറ്റോറിയത്തിൽ നിരന്നിരിക്കുന്ന ആളുകൾക്ക് ചായ കൊടുക്കുന്ന കാര്യം സങ്കൽപ്പിച്ചാൽ മതി. ഒരു മൂലയിലിരിക്കുന്ന ഒന്നോ രണ്ടോ പേരുടെ കൈയിൽ ചായ കൊടുത്ത് ഉള്ളിലേക്ക്



ഒരു വസ്തുവിലെ കണങ്ങളുടെ കമ്പനത്തിന്റെ ശരാശരി അളവാണ് നമ്മൾ താപനിലയായി അളക്കുന്നത്. താപനില കൂടിയ വസ്തുവിൽ കണങ്ങൾ വളരെ വേഗത്തിലും മറ്റേതിൽ അവ പതിയെയും ആയിരിക്കും കമ്പനംചെയ്തു കൊണ്ടിരിക്കുന്നത്. അവയെ തമ്മിൽ ചേർത്തുവച്ചാൽ ഊർജം കൂടുതലുള്ള വസ്തുവിൽ നിന്ന് കുറഞ്ഞതിലേക്ക് ഊർജം ഒഴുകും. രണ്ടിലും ഒരേ താപനില എത്തുന്നതു വരെ ഈ ഒഴുക്ക് നടക്കും.

പാസ് ചെയ്ത് കൊടുക്കാൻ പറയുന്നു. ആദ്യം ചായ വാങ്ങുന്ന ആളുകൾ വേഗം വേഗം അത് അകത്തേക്കു പാസ് ചെയ്തുകൊടുത്താൽ വളരെ വേഗം ചായ എല്ലാവർക്കും എത്തും. അല്ലെങ്കിലോ വളരെ പതുക്കെയാവും എല്ലാവർക്കും ചായ കിട്ടുക.

താപോർജത്തിന്റെ കാര്യമാണെങ്കിൽ, വലിയ കണങ്ങളോ, വളരെ ശക്തമായി അടുക്കിയിരിക്കുന്ന കണങ്ങളോ ആണെങ്കിൽ അത്രയെളുപ്പത്തിൽ ഇങ്ങനെ ഊർജം വിതരണം ചെയ്യപ്പെടില്ല. അത്തരം വസ്തുക്കൾ മോശം താപചാലകമായിരിക്കും. പ്ലാസ്റ്റിക്, തടി തുടങ്ങിയ വസ്തുക്കൾ ഇക്കൂട്ടത്തിൽ പെടും.

ലോഹങ്ങളാണ് ഇക്കാര്യത്തിൽ കേമം. ലോഹങ്ങളിൽ ഏതാണ്ടു സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിയുന്ന ഇലക്ട്രോണുകൾ ധാരാളമുണ്ട്. അതിനാൽ വളരെ വേഗം താപോർജം വിതരണം ചെയ്യപ്പെടും. ഒരു മരക്കമ്പും ഇരുമ്പുകമ്പിയും എടുത്ത് ചൂടുവെള്ളത്തിൽ മുക്കിപ്പിടിച്ചാൽ ആദ്യം കൈയിൽ ചൂടെത്തുന്നത് ഇരുമ്പുകമ്പിയിലൂടെ ആയിരിക്കും എന്നു മനസിലാവും. ഇതേ കാരണം കൊണ്ടു തന്നെയാണ് ലോഹങ്ങൾ

വൈദ്യുതിക്കും പ്രിയങ്കരമാവുന്നത്.

ഒരു വസ്തുവിന് എത്രത്തോളം താപചാലക സ്വഭാവം ഉണ്ടോ അത്രത്തോളം എളുപ്പത്തിൽ അത് താപോർജം സ്വീകരിച്ച് അകത്തോട്ട് കടത്തിവിടും. നിങ്ങൾ ഒരു കാൽ തടിപ്പലകയിലും മറ്റേത് ഗ്രാനൈറ്റ്ടൈലിലും ചവിട്ടി നിന്നാൽ ഈ വ്യത്യാസമാണ് അനുഭവപ്പെടുന്നത്. നമ്മുടെ ശരീരം ചുറ്റുപാടുകളെക്കാൾ ചൂടായിട്ടാവും ഇരിക്കുക. ഗ്രാനൈറ്റിന് തടിയെക്കാൾ ഇരുപതുമടങ്ങ് താപചാലകശേഷിയുണ്ട്. അത് വളരെ വേഗം നിങ്ങളുടെ കാലിൽ നിന്ന് താപോർജം വലിച്ചെടുത്ത് അതിനുള്ളിലേക്കു വിതരണം ചെയ്യും. നിങ്ങളുടെ തലച്ചോറ് ആ കാലിൽനിന്ന് ഊർജം നഷ്ടം വരുന്നത് മനസിലാക്കി 'തണുക്കൽ' എന്ന അനുഭവം ഉണ്ടാക്കും. കരയിൽനിന്ന് വെള്ളത്തിലേക്ക് കാല് തൊട്ടാൽ മണ്ണിനെക്കാൾ പതിനഞ്ചുമടങ്ങ് ചാലകശേഷിയുള്ള വെള്ളവും നിങ്ങൾക്കു തണുത്തതായി തോന്നും. വെള്ളിലോഹമാണ് (silver) ഏറ്റവും നല്ല താപചാലകം, അതിന് തടിയെക്കാൾ മൂവായിരം മടങ്ങ് താപചാലകശേഷിയുണ്ട്. അലമാര തുറന്ന് വെള്ളിച്ചെയിൻ കൈയിലെടുത്താൽ അത് നല്ല തണുത്തിരിക്കുന്നതായി തോന്നുന്നത് അതിനാലാണ്. എന്നാൽ കുറെ നേരം അത് കൈയിൽ പിടിച്ചിരുന്നാൽ താപത്തിന്റെ ഒഴുക്ക് പതിയെ നിലയ്ക്കുകയും തണുപ്പ് എന്ന അനുഭവം മാറുകയും ചെയ്യും.

വാതകങ്ങളാണ് ഏറ്റവും മോശം താപചാലകം. അവയുടെ കണങ്ങൾ തമ്മിലുള്ള അകലം വളരെ കൂടുതലായതിനാൽ അവയ്ക്കിടയിലുള്ള താപകൈമാറ്റം വളരെ ബുദ്ധിമുട്ടാണ്. അത് ഒരു കണക്കിനു നല്ലതാണ്. ഇല്ലെങ്കിൽ നമ്മളെ പൊതിഞ്ഞു നിൽക്കുന്ന അന്തരീക്ഷം ശരീരത്തിലെ താപം പെട്ടെന്നു വലിച്ചെടുത്തേനെ.

അതായത്, വസ്തുക്കളെ തൊടുമ്പോൾ നമുക്ക് അനുഭവപ്പെടുന്നത് അവയുടെ താപനില മാത്രമല്ല, അവയുടെ താപചാലകശേഷി കൂടിയാണ് എന്നർത്ഥം.



**Form I (See Rule 8)**

| | | |
|---|---|---|
| Place of Publication | : | Thiruvananthapuram |
| Periodicity of Publication | : | Monthly |
| Printer's Name | : | Dr. Paul Manalil |
| Whether citizen of India | : | Yes, Indian |
| Address | : | Director,<br>Kerala State Institute of Children's Literature,<br>Thiruvananthapuram - 34 |
| Publisher's Name | : | Dr. Paul Manalil |
| Whether citizen of India | : | Yes, Indian |
| Address | : | As above |
| Editor's Name | : | Dr. Paul Manalil |
| Address | : | As above |

Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital: Kerala State Institute of Children's Literature, Thiruvanathapuram - 34

I hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Date: 1-5-2016
Dr. Paul Manalil
Director

# എസ് എസ് എൽ സി കഴിഞ്ഞു, ഇനി എന്ത്?

**പ്രൊഫ. സി പി അരവിന്ദാക്ഷൻ**

ഒന്നാം ക്ലാസുമുതൽ പത്താംക്ലാസ് വരെ എത്തി പൊതുപരീക്ഷയും എഴുതി കാത്തിരിപ്പാണ് അല്ലേ?

നിങ്ങളുടെ മനസ്സിലും വീട്ടുകാരുടെ മനസ്സിലും ഉള്ള ചിന്ത ഒന്നുതന്നെ. എസ് എസ് എൽ സി കഴിഞ്ഞു, ഇനി എന്ത്? സംശയം വേണ്ട. തുടർപഠനം തന്നെ.

മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകാൻ രക്ഷിതാക്കൾക്കും അറിവിനെ വളർത്തി ജീവിതവിജയം നേടാൻ കുട്ടികൾക്കും കഴിയണം. പത്താംക്ലാസ്സുവരെ കൂട്ടുകാർ പഠിച്ചത് ഒരേ പുസ്തകങ്ങൾ, ഒരേ വിഷയങ്ങൾ. ഈ രീതിയിൽ നിന്നു ചില മാറ്റങ്ങൾ വരുന്നു. അതിനു തയ്യാറെടുക്കണം. ശാസ്ത്രം, ചരിത്രം, ഹ്യുമാനിറ്റീസ്, സാമ്പത്തികശാസ്ത്രം, വാണിജ്യം എന്നീ വിവിധ വിഷയങ്ങൾക്കു പുറമെ മറ്റു സാങ്കേതിക പഠന മേഖലകളും ഉൾപ്പെടുന്നതാണ് ഇനിയുള്ള തുടർവിദ്യാഭ്യാസം. ഹയർ സെക്കൻഡറി തലത്തിൽ നിങ്ങളുടെ അഭിരുചിക്കനുസരിച്ച് ഒട്ടേറെ കോഴ്സുകൾ ഉണ്ടാവും. അതു തിരഞ്ഞെടുക്കേണ്ടത് നിങ്ങളാണ്. ഹയർ സെക്കൻഡറിയിൽ പ്രവേശനം ലഭിച്ചില്ലെങ്കിൽ പിന്നീട് തുല്യത പരിപാടിയിലൂടെ പ്ലസ് ടു യോഗ്യത നേടിയെടുത്ത് പഠനം തുടരാനും സൗകര്യമുണ്ട്.



പ്ലസ്ടു കോഴ്സിനു ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾ 'ഏകജാലകം' വഴിയാണു പ്രവേശനം നേടേണ്ടത്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് കൃത്യമായ വിവരങ്ങൾ അപേക്ഷാഫോറത്തിൽ എഴുതേണ്ടതാണ്. 'ഹെൽപ് ഡസ്ക്' ന്റെ പ്രവർത്തകരിൽനിന്നും വിശദമായ വിവരം ലഭിക്കാൻ വേണ്ട സംവിധാനങ്ങൾ ഇന്നുണ്ട്. കുട്ടികളുടെയും രക്ഷിതാക്കളുടെയും ഭാഗത്തു നിന്നും വേണ്ടത്ര ശ്രദ്ധയും ജാഗ്രതയും വേണം. സമയബന്ധിത പ്രവേശനമാണ് ഏകജാലകം കൊണ്ട് ഉദ്ദേശിക്കുന്നത്. പഠിക്കാൻ ആഗ്രഹിക്കുന്ന കോഴ്സിന്റെ ബ്രാഞ്ചുകൾ എഴുതുമ്പോഴും ഹയർ സെക്കൻഡറി സ്കൂളിന്റെ പേരും മേൽവിലാസവും എഴുതുമ്പോഴും പ്രത്യേകം ശ്രദ്ധിക്കണം.

ഹയർ സെക്കൻഡറി പോലെ വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകൾക്കും പ്രത്യേകം പ്രത്യേകം അപേക്ഷാ ഫോറങ്ങൾ പൂരിപ്പിക്കേണ്ടതുണ്ട്. നിരവധി തൊഴിൽസാധ്യതകളുള്ള മേഖലയാണ് വി എച്ച് എസ് സി. തുടർ സാങ്കേതികവിദ്യാഭ്യാസത്തിനും നല്ലതാണ്. വല്ലവിധത്തിൽ എന്തെങ്കിലും പഠിച്ചാൽ പോരാ. നല്ല വിധത്തിൽ താത്പര്യമുള്ളതു പഠിക്കണം.

അതുപോലെ പോളിടെക്നിക് കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കണം. സമയാസമയങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന അറിയിപ്പുകൾ ശ്രദ്ധിക്കണം. കാര്യങ്ങൾ അവസാനദിവസങ്ങളിലേക്ക് മാറ്റിവയ്ക്കാതെ വേണ്ട മുൻകൂർ തയ്യാറെടുപ്പുകൾ നടത്തണം.

# സ്വർണക്കോട്ടയിലെ മയിൽ

## (ഫെലൂദയുടെ സാഹസങ്ങൾ)

**സത്യജിത് റായ്**
**പുനരാഖ്യാനം - എം ചന്ദ്രപ്രകാശ്**

### അഞ്ച്

രക്തമോ? ഞാൻ രാജസ്ഥാനിയുടെ നേരേ നോക്കി. അയാൾ നല്ല ഉറക്കത്തിലാണ്. എന്റെ കണ്ണുകൾ സീറ്റിൽ കയറ്റി വച്ചിരുന്ന അയാളുടെ കാലിൽ പതിഞ്ഞു. അവിടെ പെരുവിരലിനു ചുറ്റുമുള്ള തൊലി ഇളകി വാർന്ന് രക്തം കട്ടപിടിച്ചിരുന്നു. ഒരു കാര്യം എനിക്കു മനസ്സിലായി. മൺകറയെന്നു തോന്നിപ്പിക്കുന്ന പാടുകൾ ഉണങ്ങിയ രക്തക്കറയാണ്.


വര: ടി ആർ രാജേഷ്

ഞാൻ ഫെലൂദയെ നോക്കി. അദ്ദേഹം ഇതൊന്നും ശ്രദ്ധിക്കാതെ പുസ്തകം വായിക്കുന്നു. ഫെലൂദയുടെ താത്പര്യമില്ലായ്മ ലാൽമോഹൻ ബാബുവിന് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. അയാൾ വീണ്ടും പറഞ്ഞു.

“മിസ്റ്റർ മേത്തർ, നമ്മുടെ രാജസ്ഥാനി സഹയാത്രികന്റെ ദേഹത്ത് സംശയാസ്പദമായ രക്തക്കറ!”

ഫെലൂദ തലയുയർത്തി രാജസ്ഥാനിയെ നോക്കിയിട്ടു പറഞ്ഞു.

“മൂട്ട കടിച്ചതായിരിക്കും!”

ലാൽമോഹൻ ബാബുവിന്റെ മുഖം വിളറി.

ട്രെയിൻ രണ്ടരമണിക്ക് മാർവാർ ജംഗ്ഷനിലെത്തി. അവിടെ ഒരു ഹോട്ടലിൽ നിന്നും ഉച്ചഭക്ഷണം കഴിച്ച് ഒരു മണിക്കൂറോളം ഞങ്ങൾ പ്ലാറ്റുഫോമിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു. മൂന്നു മണിക്ക് ജോധ്പുരിലേക്ക് പോകാനായി മറ്റൊരു ട്രെയിനിൽ കയറി. ചുവന്ന ഷർട്ടു ധരിച്ച ആ രാജസ്ഥാനിയെ പിന്നീട് ഞങ്ങൾ കണ്ടില്ല.

ജോധ്പൂരിലേക്കുള്ള യാത്ര രണ്ടരമണിക്കൂർ നീണ്ടു. വഴിയിൽ ഒട്ടകക്കൂട്ടങ്ങളെ കണ്ടു. ജോധ്പുരിൽ എത്തിയപ്പോൾ സമയം ആറ് പത്ത്. ഇരുപതു മിനിറ്റ് വൈകി. കൽക്കത്തയിലായിരുന്നെങ്കിൽ സൂര്യൻ അസ്തമിച്ചിരിക്കും. ഇന്ത്യയുടെ പടിഞ്ഞാറു ഭാഗത്തായതിനാൽ സൂര്യൻ ഇപ്പോഴും കത്തിജ്വലിക്കുകയാണ്. ഞങ്ങൾ സർക്യൂട്ട് ഹൗസിൽ മുറി ബുക്ക് ചെയ്തിരുന്നു. ലാൽമോഹൻ ബാബുവിന്റെ താമസം ബോംബെ ലോഡ്ജിലായിരുന്നു.

സർക്യൂട്ട് ഹൗസ് ഒരു സാധാരണ കെട്ടിടമാണ്. അകത്തുകടന്നാൽ തുറസ്സായ സ്ഥലം. ഇടതുവശത്തായി അതിഥികളെ സ്വീകരിക്കുന്ന ഇടവും മാനേജരുടെ മുറിയും. ഒരു ജോലിക്കാരൻ വന്ന് ഞങ്ങളുടെ ബാഗുകൾ എടുത്തു. ഞങ്ങൾ മൂന്നാംനമ്പർ മുറിയിലേക്കു നടന്നു.

ഇടനാഴിയിലെ കസേരയിൽ കട്ടിമീശയുള്ള ഒരാൾ

രാജസ്ഥാനിത്തൊപ്പി ധരിച്ച ഒരാളുമായി സംസാരിച്ചിരിപ്പുണ്ടായിരുന്നു. ഞങ്ങൾ അവർക്കു മുമ്പിലൂടെ നടന്നപ്പോൾ ആദ്യത്തെയാൾ ചോദിച്ചു.

''നിങ്ങൾ ബംഗാളികളാണോ?''

ഫെലൂദ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു; ''അതേ.''

വിശാലമായ മുറിയായിരുന്നു ഞങ്ങളുടേത്. വലിയ രണ്ടു കട്ടിലുകൾ. ഓരോന്നിനും കൊതുകുവലയും. ഫെലൂദ ഫാനിന്റെ സ്വിച്ച് ഓൺ ചെയ്തു.

''നീ ആ രണ്ടു പേരുകൾ ശ്രദ്ധിച്ചോ?''

രജിസ്റ്ററിൽ നേരത്തെ ഡോ. ഹാജ്റ എന്നൊരു പേരു കണ്ടതിനെക്കുറിച്ചാണ് ഫെലൂദ ചോദിക്കുന്നത് എന്ന് എനിക്കു മനസ്സിലായില്ല. ഞാൻ പരുങ്ങുന്നത് കണ്ട് ഫെലൂദ പറഞ്ഞു.

''നിനക്ക് അയാളെ ഇഷ്ടപ്പെട്ടില്ല അല്ലേ? ഡോ. ഹാജ്റ എപ്പോഴും പുഞ്ചിരിക്കുന്ന, ആഹ്ലാദവാനായ സൗഹാർദ്ദമായി ഇടപെടുന്ന ഒരാളാകണമെന്നാണ് നിന്റെ ആഗ്രഹം അല്ലേ?''

ഫെലൂദ പറഞ്ഞതു ശരിയാണ്. ഇപ്പോൾ ഞങ്ങൾ കണ്ടയാൾക്ക് ഒരു കള്ള ലക്ഷണമുണ്ടായിരുന്നു.

ചായ എത്തി. വെയിറ്റർ പോയ ഉടനെ ആരോ ഞങ്ങളുടെ വാതിലിൽ മുട്ടി.

''അകത്തു വരൂ.''

ഫെലൂദ ഗൗരവത്തോടെ പറഞ്ഞു.

കട്ടിമീശക്കാരൻ കർട്ടൻ മാറ്റി അകത്തു വന്നു.

''ഞാൻ നിങ്ങൾക്കു ബുദ്ധിമുട്ടായില്ലല്ലോ?''

''ഇല്ല ഇരിക്കൂ. നിങ്ങൾക്ക് ഒരു ചായ ഒഴിക്കട്ടേ?''

''വേണ്ട. നന്ദി. ഞാൻ ഇപ്പോൾ ചായ കുടിച്ചതേയുള്ളൂ. ഇന്ത്യ തേയിലയുടെ നാടാണെങ്കിലും നല്ല ചായ കുടിക്കാൻ വിദേശത്തു പോകണം.''

''താങ്കൾ ഒരുപാട് യാത്ര ചെയ്തിട്ടുണ്ട് അല്ലേ?''

ഫെലൂദ ചോദിച്ചു.

''ഉണ്ട്. ഞാൻ ഒരു ലോകസഞ്ചാരിയാണ്. മൃഗവേട്ടയാണ് മുഖ്യവിനോദം. പേര് മന്ദാർബോസ്.''

''ലോകസഞ്ചാരിയായ ഉമേഷ് ഭട്ടാചാര്യയെക്കുറിച്ച് കാര്യങ്ങൾക്കുവേണ്ടി സമയം കളയില്ല. എന്തോ പ്രത്യേക ഉദ്ദേശ്യം വച്ചാണ് ഈ ചോദ്യം.

''ഉണ്ട്. അതാണ് എനിക്ക് അത്ഭുതമായി തോന്നുന്നത്. കൽക്കത്തയിലെ ജനങ്ങൾക്ക് അവിടത്തെ ജീവിതം മടുത്തു തുടങ്ങി. അതുകൊണ്ട് അവിടെനിന്നു പുറത്തുകടക്കാനുള്ള ഒരു അവസരവും അവർ പാഴാക്കുന്നില്ല. ഞാൻ ഇവിടെ കണ്ട വ്യക്തി ഒരു മനശ്ശാസ്ത്രജ്ഞനാണ്.

**അയാളുടെ കൂടെ ഒരു എട്ടുവയസ്സുകാരനുമുണ്ട്. അവനു തന്റെ പൂർവജന്മം ഓർമയുണ്ടത്രേ! ഒരു കാലത്ത് രാജസ്ഥാനിലെ ഏതോ ഒരു കോട്ടയിലാണ് താൻ ജനിച്ചതെന്നാണ് അവൻ അവകാശപ്പെടുന്നത്. ആ കോട്ട തേടി അവനുമൊത്ത് അയാൾ എല്ലായിടത്തും കറങ്ങുകയാണ്.**

ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ മന്ദാർബോസ് എന്ന പേര് ആദ്യമായി കേൾക്കുകയാണ്.''

''എന്റെ പേരു നിങ്ങൾ കേട്ടിരിക്കാൻ ഇടയില്ല. ഞങ്ങൾ ആദ്യം വീടുവിട്ടപ്പോൾ എന്റെ പേര് മാധ്യമങ്ങളിൽ വന്നിരുന്നു, മുപ്പത്തിയാറുവർഷം മുമ്പ്. ഇന്ത്യയിൽ തിരിച്ചെത്തിയിട്ട് മൂന്നു മാസമേ ആയിട്ടുള്ളൂ.''

''ആണോ! ഇത്രയും കാലം രാജ്യത്തിനു പുറത്തായിട്ടും താങ്കൾ ബംഗാളി നന്നായി സംസാരിക്കുന്നു!''

''അത് ഓരോരുത്തരുടെയും സ്വഭാവത്തെ ആശ്രയിച്ചിരിക്കും. വേണമെങ്കിൽ മാതൃഭാഷ മൂന്നുമാസം കൊണ്ടു മറക്കാം. സ്നേഹമുണ്ടെങ്കിൽ മുപ്പതുവർഷം കഴിഞ്ഞാലും മറക്കില്ല.''

''ഈ സർക്യൂട്ട്ഹൗസിൽ വേറെ ബംഗാളികൾ ആരെങ്കിലുമുണ്ടോ?''

ഫെലൂദ അത്യാവശ്യ

അയാളുടെ കൂടെ ഒരു എട്ടു വയസ്സുകാരനുമുണ്ട്. അവനു തന്റെ പൂർവജന്മം ഓർമയുണ്ടത്രേ! ഒരുകാലത്ത് രാജസ്ഥാനിലെ ഏതോ ഒരു കോട്ടയിലാണ് താൻ ജനിച്ചതെന്നാണ് അവൻ അവകാശപ്പെടുന്നത്. ആ കോട്ട തേടി അവനുമൊത്ത് അയാൾ എല്ലായിടത്തും കറങ്ങുകയാണ്. പെരുമാറ്റം വളരെ വിചിത്രമാണ്. എന്തെങ്കിലും ചോദിച്ചാൽ മറുപടിയില്ല.''

''ലോകസഞ്ചാരമാണോ താങ്കളെ ഇവിടെ എത്തിച്ചത്?''

മന്ദാർബോസ് പുഞ്ചിരിച്ചുകൊണ്ട് എഴുന്നേറ്റു.

''സത്യം പറഞ്ഞാൽ ഈ രാജ്യം ശരിക്കും ഞാൻ കണ്ടിട്ടില്ല. നിങ്ങളുടെ പേരു ചോദിക്കാൻ മറന്നു.''

ഫെലൂദ സ്വയം പരിചയപ്പെടുത്തി. എന്നിട്ടു പറഞ്ഞു.

''ഞാൻ ഈ രാജ്യത്തിനു വെളിയിൽ കാലു കുത്തിയിട്ടില്ല.''

''എന്നാൽ ശരി, എട്ടര യ്ക്കു ഡൈനിങ് ഹൗസിൽ വന്നാൽ നമുക്കു വീണ്ടും കാണാം.''

ഞങ്ങൾ മന്ദാർബോസു മൊത്തു മുറിയിൽനിന്നും ഇറങ്ങി ഇടനാഴിയിലെത്തി. ഗെയ്റ്റിലൂടെ ഒരു കാർ കട ന്നുവരുന്നുണ്ടായിരുന്നു. അത് പോർട്ടിക്കോയിൽ വന്നു നിന്നു. 40 വയസ്സു തോന്നിക്കുന്ന ഒരാൾ ഒരു ബാലനുമൊത്ത് കാറിൽ നിന്നു പുറത്തിറങ്ങി. അത് ഡോ. ഹേമാംഗ ഹാജ്റയും മുകൽ ധറുമാണെന്ന് എനിക്ക് ആരും പറയാതെ തന്നെ മനസ്സിലായി.

ഡോ. ഹാജ്റ കടന്നു പോയപ്പോൾ മന്ദാർബോസ് അയാളെ അഭിവാദ്യം ചെയ്തു. എന്നിട്ടു സ്വന്തം മുറിയിലേക്കു പോയി. ഹാജ്റ പയ്യന്റെ കൈയും പിടിച്ച് ഇടനാഴിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടക്കു കയാണ്. ഞങ്ങളെ അയാൾ അൽപ്പം സംശയത്തോടെ നോക്കി. ഫെലൂദ ചിരിച്ചു കൊണ്ട് അയാളെ അഭി വാദ്യം ചെയ്തു.



''ഡോ. ഹാജ്റയല്ലേ? നമസ്കാരം.''

''അതേ, പക്ഷേ എനിക്കു നിങ്ങളെ..''

ഫെലൂദ പോക്ക റ്റിൽ നിന്നും തന്റെ കാർഡ് എടുത്ത് ഡോ. ഹാജ്റയ്ക്കു നീട്ടി.

''എനിക്കു നിങ്ങ ളോടു സംസാരി ക്കണം. സത്യത്തിൽ മി. ധറിന്റെ അപേക്ഷ മാനിച്ചാണ് ഞങ്ങൾ ഇവിടെ എത്തിയത്. അദ്ദേഹം താങ്കൾക്ക് ഒരു കത്തു തന്നുവി ട്ടിട്ടുണ്ട്.''

''ഓ... അതു ശരി മുകൽ നീ റൂമിലേക്കു പോയ്ക്കൊള്ളൂ... ഞാൻ ഇവരുമായി അൽപ്പം സംസാ രിച്ചിട്ടു വരാം. എന്താ?''

''ഞാൻ തോട്ടത്തി ലേക്കു പോകാം.'' മുകൽ പറഞ്ഞു.

''ശരി. തോട്ടത്തിലേക്കു പൊയ്ക്കൊള്ളൂ. പക്ഷേ ഗെയ്റ്റിനു വെളിയിൽ പോക രുത്. കേട്ടോ...''

മുകൽ മറുപടിയൊന്നും പറയാതെ ഇടനാഴിയിൽ നിന്നും തോട്ടത്തിലേക്കുള്ള കൽപ്പാതയിലേക്കു ചാടി. ഡോ. ഹാജ്റ ഞങ്ങൾക്കു നേരെ തിരിഞ്ഞ് അൽപ്പം ചമ്മലോടെ ചിരിച്ചുകൊണ്ടു ചോദിച്ചു.

''നമ്മൾ എവിടെ ഇരിക്കും?''

''ഞങ്ങളുടെ മുറിയി ലേക്കു പോകാം.''

ഡോ. ഹാജ്റയുടെ ചെവി ക്കു ചുറ്റുമുള്ള മുടി നരച്ചു തുടങ്ങിയിരിക്കുന്നതായി ഞാൻ ശ്രദ്ധിച്ചു. ഫെലൂദ അദ്ദേഹത്തിന് മിസ്റ്റർ ധറിന്റെ കത്തു കൈമാറി. കത്തു വായിച്ചു കഴിഞ്ഞപ്പോൾ ഫെലൂദ നീലുവിന്റെ തട്ടി ക്കൊണ്ടുപോകലിനെക്കുറിച്ച് വിശദീകരിച്ചു.

''അവർ മുകലിനെ അന്വേഷിച്ച് ഇവിടെ എത്തി യിരിക്കാമെന്ന ആശങ്കയി ലാണ് മിസ്റ്റർ ധർ. അതു കൊണ്ടാണ് അദ്ദേഹം എന്നെക്കാണാൻ വന്നത്. ഞങ്ങൾ ഇവിടെ വന്നത് അദ്ദേഹത്തിന്റെ ആവശ്യ പ്രകാരമാണ്.''

ഡോ. ഹാജ്റ അൽപ്പ നേരം ആലോചിച്ചു. എന്നിട്ടു പറഞ്ഞു.

''മിസ്റ്റർ ധറിനോടു എന്റെ അന്വേഷണം കഴിയുന്നതു വരെ കാത്തിരിക്കാൻ ഞാൻ പറഞ്ഞതാണ്. അതിനു ശേഷം അദ്ദേഹത്തിന് മുക ലിനെ എത്ര പത്രപ്രവർത്ത കരുടെ മുമ്പിലും സംസാരി ക്കാൻ വിടാമായിരുന്നു. ആ കഥ അടിസ്ഥാനരഹിതമാ ണെന്നാണ് ഞാൻ കരുതു ന്നത്. പക്ഷേ പ്രലോഭിത

രായി ചിലർ നിധി അന്വേഷിച്ച് വന്നേക്കാം..''

''പൂർവജന്മം ഓർത്തെടുക്കുന്നതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്? ജാട്ടിസ്മാറിൽ താങ്കൾക്ക് വിശ്വാസമുണ്ടോ?''

''ഇതുപോലുള്ള സംഭവങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ട്. അന്ന് ഇത്തരം ആളുകൾ ഓർത്തെടുക്കുന്നതെല്ലാം വളരെ ശരിയായിരുന്നു. അതുകൊണ്ടാണ് മുകലിനെക്കുറിച്ചു കേട്ടപ്പോൾ വിശദമായി അന്വേഷണം നടത്തിക്കളയാമെന്ന് വച്ചത്. മുകൽ പറയുന്നതൊക്കെ ശരിയാണെങ്കിൽ അവന്റെ കേസ് ഞാൻ ഒരു തുടക്കമായി കരുതും. അതിനെ അടിസ്ഥാനമാക്കിയായിരിക്കും എന്റെ ഭാവി ഗവേഷണങ്ങൾ...''

''താങ്കളുടെ അന്വേഷണത്തിൽ എന്തെങ്കിലും പുരോഗതിയുണ്ടോ?''

''ഒരു കാര്യം വ്യക്തമായിട്ടുണ്ട്. രാജസ്ഥാൻ എന്ന എന്റെ ഊഹം ശരിയായിട്ടുണ്ട്. രാജസ്ഥാനിൽ കാലുകുത്തിയതിനുശേഷം മുകലിന്റെ സ്വഭാവത്തിൽ കാര്യമായ മാറ്റമുണ്ടായിട്ടുണ്ട്. ഒന്നോർത്തുനോക്കൂ, ജീവിതത്തിൽ ആദ്യമായാണ് അവൻ മാതാപിതാക്കളെയും കുടുംബത്തെയും പിരിഞ്ഞുനിൽക്കുന്നതും ഒരു അപരിചിതനുമൊത്തു യാത്രചെയ്യുന്നതും. എന്നിട്ടും കഴിഞ്ഞദിവസങ്ങളിലൊന്നും അവൻ കുടുംബത്തെക്കുറിച്ച് ഒന്നു ചോദിക്കുകപോലും ചെയ്തിട്ടില്ല.''

''താങ്കളോടുള്ള അവന്റെ പെരുമാറ്റം എങ്ങനെയാണ്?''

''ഞങ്ങൾ തമ്മിൽ പ്രശ്നമൊന്നുമില്ല. അവന്റെ സ്വപ്നലോകത്തിലേക്കു കൊണ്ടുപോകുന്ന ഒരാളായിട്ടാണ് എന്നെ കാണുന്നത്. മുകലിന്റെ മനസ്സുനിറയെ സ്വർണക്കോട്ടയാണ്.''

''സ്വർണക്കോട്ടയെക്കുറിച്ച് എന്തെങ്കിലും വിവരം?''

ഡോ. ഹാജ്റ തലയാട്ടി,

''ഇല്ല, ഒന്നുമില്ല. പല കോട്ടയിലും അവനെ കൊണ്ടുപോയി. എല്ലാത്തവണയും അവൻ പറയും. 'അല്ല, ഇതല്ല, നമുക്കു വേറെ സ്ഥലത്തു പോകാം' എന്ന്. ഇത്തരമൊരു പ്രശ്നത്തിൽ ഒരാൾക്കു നല്ല ക്ഷമവേണം. ചിത്തോറിലോ ഉദയ്പുരിലോ അവനെ കൊണ്ടുപോകുന്നതിൽ വലിയ അർഥമില്ലെന്ന് എനിക്കറിയാം. കാരണം അവിടെ അടുത്തൊന്നും മണലില്ല. അതുലുമൊത്ത് കോട്ട കാണാൻ പോയ സമയത്താണ്. ഒരു ബാലനുമായി കൽക്കത്തയിൽ നിന്നു ഒരാൾ വന്നിട്ടുണ്ടോയെന്നു തിരക്കി. സ്വാഭാവികമായും മാനേജർ ഉണ്ടെന്നു പറഞ്ഞു. ആരാണെന്ന് അയാൾ വെളിപ്പെടുത്തിയില്ല. മാത്രമല്ല എന്നെ കാണാൻ അങ്ങനെ ഒരാൾ വന്നുമില്ല.''

''ഒരുപക്ഷേ, കൽക്കത്തയിൽ വന്ന പത്രറിപ്പോർട്ടിനെക്കുറിച്ച് അറിഞ്ഞിട്ട് അത് ശരിയാണോ എന്നറിയാൻ ആരെങ്കിലും വിളിച്ചതാവാം.''

''അതാവാം.''

''പക്ഷേ ആരും എന്നെ തേടിവന്നില്ല. അതാണ് സംശയമുണ്ടാവാൻ കാരണം.''

**രാജസ്ഥാനിൽ കാലുകുത്തിയതിനുശേഷം മുകലിന്റെ സ്വഭാവത്തിൽ കാര്യമായ മാറ്റമുണ്ടായിട്ടുണ്ട്. ഒന്നോർത്തുനോക്കൂ, ജീവിതത്തിൽ ആദ്യമായാണ് അവൻ മാതാപിതാക്കളെയും കുടുംബത്തെയും പിരിഞ്ഞുനിൽക്കുന്നതും ഒരു അപരിചിതനുമൊത്ത് യാത്ര ചെയ്യുന്നതും. എന്നിട്ടും കഴിഞ്ഞദിവസങ്ങളിലൊന്നും അവൻ കുടുംബത്തെക്കുറിച്ച് ഒന്നു ചോദിക്കുകപോലും ചെയ്തിട്ടില്ല.**

കൊണ്ട് നാളെ ബിക്കാനേറിലേക്കു പോകാമെന്ന് കരുതുന്നു.''

''ഞങ്ങൾ കൂടെ വരുന്നതിൽ താങ്കൾക്കു വിരോധമുണ്ടോ?''

''ഇല്ല. ഒരിക്കലുമില്ല.'' വാസ്തവത്തിൽ നിങ്ങൾ കൂടെയുണ്ടെങ്കിൽ എനിക്കു ധൈര്യമാകും. കാരണം എന്തെങ്കിലും സംഭവിച്ചാൽ...''

ഡോ. ഹാജ്റ നിർത്തി.

''ഇന്നലെ വൈകിട്ട് ഒരു ഫോൺകോൾ വന്നു..''

''എവിടെ നിന്ന്?''

''അതറിയില്ല. ഇവിടെ സർക്യൂട്ട് ഹൗസിലേക്കാണ് ഫോൺ വന്നത്. ഞാൻ മുകലിനെ...''

''ഏതായാലും മുകിലിനെ ഒറ്റയ്ക്കു എങ്ങോട്ടും വിടാതിരിക്കുന്നതാണ് നല്ലത്...''

''ഒരിക്കലുമില്ല. നാളെ ഒരു ടാക്സി പറഞ്ഞിട്ടുണ്ട്. നമുക്കു ഒരുമിച്ചു പോകാം...''

ഞങ്ങൾ ഡോ. ഹാജ്റയ്ക്കൊപ്പം മുറിയിൽനിന്നും പുറത്തുവന്നു. പക്ഷേ, മുകലിനെ അവിടെയെങ്ങും കണ്ടില്ല... ഹാജ്റ വേഗത്തിൽ തന്റെ മുറിയിൽ നോക്കിയിട്ടു വന്നിട്ടുപറഞ്ഞു. ''അവൻ മുറിയിലുമില്ല.''

ഞങ്ങൾ ഇടനാഴിയിൽ നിന്നും കൽപ്പാതയിലേക്കിറങ്ങി.

മുകൽ തോട്ടത്തിലുമുണ്ടായിരുന്നില്ല.

# മഹാഭാരതം

സുഗതകുമാരി

# കീചക വധം

അങ്ങനെയിരിക്കെ വിരാടരാജ്യത്ത് ബ്രഹ്മോൽസവകാലം വന്നു. ആഘോഷങ്ങൾക്കിടയിൽ മല്ലന്മാരുടെ വരവായി. അക്കൂട്ടത്തിൽ ഭയങ്കരനും കിടയറ്റവനുമായ ജീമൂതനെന്ന മല്ലയുദ്ധക്കാരൻ ''എന്നോടെതിരിടാൻ ആരുണ്ടിവിടെ?'' എന്നുറക്കെ വെല്ലുവിളിച്ചപ്പോൾ വിരാടൻ അടുക്കളക്കാരനായ വല്ലവനെ ഓർമിച്ചു. രാജകല്പന പ്രകാരം വല്ലവൻ മല്ലയുദ്ധവേദിയിലെത്തി. ഉഗ്രനായ ജീമൂതൻ വല്ലവനെ മുഷ്ടിചുരുട്ടി പ്രഹരം തുടങ്ങി. വല്ലവനാകട്ടെ നിസ്സാരമട്ടിൽ അതൊക്കെ തടുത്തു. മല്ലയുദ്ധം മുറുകി. തമ്മിൽ അടിച്ചും ഇടിച്ചും ശിരസ്സുകൊണ്ടു താഡിച്ചും കെട്ടിപ്പിണഞ്ഞും ഉഗ്രമായ യുദ്ധം ചെയ്യുന്നതിനിടയിൽ വല്ലവനതാ മല്ലനെ എടുത്തുയർത്തി ചുഴറ്റുന്നു. വലിച്ചെറിഞ്ഞിട്ട് അവിടെയിട്ട് ചവിട്ടിയരയ്ക്കുന്നു! കാഴ്ചകണ്ടുനിന്ന ജനക്കൂട്ടം ആർത്തിരമ്പി. സന്തുഷ്ടനായ വിരാടനൃപൻ വല്ലവന് ഏറെ സമ്മാനങ്ങളും ധനവും നൽകി. വരുന്ന മല്ലയുദ്ധക്കാരോടും ആന, സിംഹം മുതലായവയോടും പോരാടി എല്ലാറ്റിനെയും തോൽപ്പിച്ച് വല്ലവൻ രാജാവിനെയും പരിവാരങ്ങളെയും അന്തപ്പുരനാരിമാരെയുമെല്ലാം വിനോദിപ്പിച്ചു പോന്നു. ബൃഹന്നളയാകട്ടെ തന്റെ പാട്ടും ആട്ടവുംകൊണ്ട് എല്ലാവരെയും ആനന്ദിപ്പിച്ചു. കുതിരകളെ പാലിക്കുന്നതിലും മെച്ചപ്പെടുത്തുന്നതിലും മികവുകാട്ടി നകുലനും ഗോധനത്തെ അന്നോളമില്ലാത്തവിധം വർധിപ്പിച്ചു സഹദേവനും വിരാടനെ അതീവസന്തുഷ്ടനാക്കി. രാജരാജന്മാരായ തന്റെ പതികൾ ദാസന്മാരായി ക്ലേശിക്കുന്നതുകണ്ട് ദ്രൗപദി മാത്രം ഖിന്നയായി ദിനങ്ങളെണ്ണിക്കഴിച്ചു. ഒരുവർഷത്തെ അജ്ഞാതവാസകാലത്തിലെ പത്തുമാസവും ഇങ്ങനെ കഴിഞ്ഞുപോയി.

രാജ്ഞി സുദേഷ്ണയുടെ സഹോദരനായ കീചകൻ അന്തപ്പുരത്തിൽവെച്ച് യദൃച്ഛയാ ഒരുനാൾ ദ്രൗപദിയെ കണ്ടുപോയി. ആ സൗന്ദര്യധാമത്തെ കണ്ടതോടെ മതിമറന്നുപോയ കീചകൻ സുദേഷ്ണയുടെ അരികിലേക്ക് ഓടിച്ചെന്നു.

''സോദരി, പറയൂ പറയൂ ആരാണവൾ! ഈവിധമൊരു രൂപമുണ്ടോ ഭൂമിയിൽ, ഈവിധമൊരു സുഗന്ധമുണ്ടോ? അവൾക്ക് എന്തുവേണമെങ്കിലും ഞാൻ നൽകാം. പൊന്നും പണ്ടങ്ങളും മണിമന്ദിരങ്ങളും എല്ലാം നൽകി അവളെ എങ്ങനെയെങ്കിലും വശപ്പെടുത്തണം.''

''അരുത്.'' എന്നു സുദേഷ്ണ തടഞ്ഞിട്ടും മോഹിതനായ കീചകൻ അന്തപ്പുരത്തിൽ പാഞ്ചാലി ഇരിക്കുന്നിടത്തേക്കു കടന്നുചെന്ന് കുറുക്കൻ സിംഹിയോടെന്നവണ്ണം ചപലവാക്കുകൾ പറയാൻ തുടങ്ങി.

''സുന്ദരി, കല്യാണി, മോഹനാംഗി, നിന്റെ മുഖം പൂർണചന്ദ്രനെപ്പോലെ മനോഹരം, നിന്റെ നിറമോ നീലത്താമരപ്പൂവിന്റേത്, ഹാ! നിന്നെപ്പോലൊരു മഹാസുന്ദരിയെ ഇന്നോളം ഞാൻ കണ്ടിട്ടില്ല. ആരാണു നീ? ലക്ഷ്മീദേവിയോ? സാക്ഷാൽ രതീദേവിയോ? നിന്നെക്കണ്ട് എനിക്കു മോഹം സഹിക്കാനാവുന്നില്ല. വരൂ എന്നോടൊപ്പം. എന്റെ പത്നിമാരെയെല്ലാം ഞാൻ ത്യജിക്കാം. നിന്നെ പൊന്നുകൊണ്ടു മൂടാം. സർവാഭരണങ്ങളും ചാർത്തി പട്ടാടയുടുത്ത് എന്റെ കൊട്ടാരത്തിൽ നീ മഹാലക്ഷ്മിയെപ്പോലെ വിളങ്ങുക. ഇവിടെ ദാസീവൃത്തി ചെയ്യേണ്ടവളല്ല നീ. എന്റെ പത്നിമാരെല്ലാം നിനക്കു ദാസീവൃത്തി ചെയ്യും. ഞാനും നിന്റെ ദാസനാകാം. വരൂ, സുന്ദരീ എന്നോടൊപ്പം.''

കറുത്തുവളഞ്ഞ പുരികക്കൊടികൾ കഠിനമായി ചുളിഞ്ഞൊടിഞ്ഞു. താമരക്കണ്ണുകൾ ചുവന്നു. മുഖംതിരിച്ചുനിന്ന് ആ ദാസീവേഷധാരിണി മൊഴിഞ്ഞു.

''ഹേ രാജകുമാര, ഞാൻ സൈരന്ധ്രിയാണ്, സ്വൈരിണിയല്ല. പരസ്ത്രീയെ മോഹി

ക്കുന്നതു പാപമത്രേ. മറ്റൊരാളുടെ പത്നി യോട് ഈ വിധത്തിലുള്ള വാക്കുകൾ പറഞ്ഞുകൂടാ. ആപത്തും ദുഷ്കീർത്തിയും ഉണ്ടാകുമെന്ന് ഓർത്തുകൊള്ളുക.''

''വരൂ, സുന്ദരീ, ഈ രാജ്യം മുഴുവൻ നിനക്കായി ഞാൻ തരാം. എന്നെപ്പോലൊരു വീരൻ ഈ ഭൂമിയിലില്ല. വിരാട സേനാപതി യാണു ഞാൻ. കല്യാണീ, നീ എന്റേതാവുക.'' ഈവിധം നിർബന്ധിക്കുന്ന കീചകനോട് ദ്രൗപദി വീണ്ടും പറഞ്ഞു.

**വെട്ടിത്തിരിഞ്ഞ് ദ്രുതഗതിയിൽപ്പോയ ആ ഗജഗാമിനിയെ കണ്ണുകളാൽ പിന്തുടർന്ന കീചകൻ വീണ്ടും പോയത് തന്റെ സഹോദരി യായ സുദേഷ്ണാരാജ്ഞിയുടെ അരികിലേ ക്കാണ്. സൈരന്ധ്രിയെ തനിക്കു വശംവദയാ ക്കിത്തരണമെന്ന് കീചകൻ നിർബന്ധം പിടി ക്കുകയും പലവുരു കേണപേക്ഷിക്കുകയും ചെയ്തപ്പോൾ അങ്ങനെയാവാമെന്നു രാജ്ഞിയും ഒടുവിൽ സമ്മതംമൂളി.**

''നോക്കൂ, നിന്റെ പ്രാണൻ നീ കളയരുത്. മഹാവീരന്മാരായ അഞ്ചുഗന്ധർവന്മാർ എന്നെ രക്ഷിച്ചുകൊണ്ട് ഒപ്പമുണ്ടെന്നറിയുക. അവരു ടെ പത്നിയാണു ഞാൻ. എന്നെ ദ്രോഹിക്കു ന്നവരെ അവർ നശിപ്പിക്കുമെന്നതു നിശ്ചയം. ചന്ദ്രനെ പിടിക്കാൻ മോഹിപ്പിക്കുന്ന കിടാവി നെപ്പോലെ മൂഢത്വം കാട്ടാതിരിക്കൂ. പ്രാണ നിൽ കൊതിയുണ്ടെങ്കിൽ, രാജകുമാരാ, എന്നിലുള്ള കൊതിക്ക് അറുതിവരുത്തി ക്കൊള്ളുക.''





വര: ജയേന്ദ്രൻ

വെട്ടിത്തിരിഞ്ഞ് ദ്രുതഗതിയിൽപ്പോയ ആ ഗജഗാമിനിയെ കണ്ണുകളാൽ പിന്തുടർന്ന കീചകൻ വീണ്ടും പോയത് തന്റെ സഹോദരിയായ സുദേഷ്ണാരാജ്ഞിയുടെ അരികിലേക്കാണ്. സൈരന്ധ്രിയെ തനിക്കു വശംവദയാക്കിത്തരണമെന്ന് കീചകൻ നിർബന്ധം പിടിക്കുകയും പലവുരു കേണപേക്ഷിക്കുകയും ചെയ്തപ്പോൾ അങ്ങനെയാവാമെന്നു രാജ്ഞിയും ഒടുവിൽ സമ്മതംമൂളി.

പിറ്റേന്ന് സന്ധ്യയ്ക്ക് രാജ്ഞി സൈരന്ധ്രിയോടു പറഞ്ഞു.

''മാലിനീ, നീ എന്റെ സഹോദരൻ കീചകന്റെ കൊട്ടാരംവരെ ഒന്നു പോകണം. അവൻ അവിടെ രാജാവിനു വേണ്ടി വിശിഷ്ടമായ മദ്യം തയ്യാറാക്കി വെച്ചിരിക്കുന്നു. നീ പോയി അതു വാങ്ങിക്കൊണ്ടു വരൂ.''

''ദേവീ, അവന്റെ ഭവനത്തിൽ ഞാൻ പോവുകയില്ല. നാണംകെട്ടവനാണ് ആ കീചകൻ- യാതൊരു അവമാനവുമുണ്ടാകാതെ എന്നെ സംരക്ഷിച്ചുകൊള്ളാമെന്ന് മഹാറാണീ, അവിടുന്നു വാക്കു നൽകിയിട്ടുള്ളതോർക്കുക. എന്റെ പതികൾ ഇതറിഞ്ഞാൽ ക്രുദ്ധരാകും. അവിടേക്ക് വേറെ ദാസികൾ ഏറെപ്പേരുണ്ടല്ലോ. അവരെയാരെയെങ്കിലും അയച്ചാലും. എന്നെ കണ്ടാൽ ആ മദാന്ധൻ അവമാനിക്കുമെന്നു നിശ്ചയം. എന്നെ നിർബന്ധിക്കരുതേ ദേവി.''

എന്നാൽ സുദേഷ്ണ ശാസിച്ചു പറഞ്ഞു.

''അവൻ നിന്നെ ഒന്നും ചെയ്യുകയില്ല. ഞാനാണു നിന്നെ അയയ്ക്കുന്നത് എന്നോർക്കുക. ഇതാ ഈ സ്വർണ്ണപ്പാത്രത്തിൽ മദ്യം വാങ്ങി ഉടൻ കൊണ്ടുവരുക.''

കർശനമായ ഈ കൽപ്പനകേട്ട് ആകുലയായ ദ്രൗപദി പാത്രവുമായി കീചകഗൃഹത്തിലേക്ക് പേടിച്ചുപേടിച്ച് നടകൊണ്ടു. നീചമായ ദാസ്യവൃത്തിയോർത്തു കരഞ്ഞും കീചകനെയോർത്തു ഭയാകുലയായും ദാസ്യവേല ചെയ്തുകഴിയുന്ന തന്റെ ഭർത്താക്കന്മാരുടെ അവസ്ഥയോർത്ത് ഉള്ളുനൊന്തും പതുക്കെ നടന്ന അവൾ കടുവയുടെ കൂട്ടിലേക്കു പോകുന്ന മാൻപേടയെപ്പൊലെ പേടിച്ചരണ്ട് പതുക്കെ നടന്നും ഇടയ്ക്കിടെ നിന്നും കണ്ണീരുകൊണ്ട് ഉടയാട നനഞ്ഞും വല്ലപാടും കീചകമന്ദിരത്തിൽ എത്തിച്ചേർന്നു. ആ ലാവണ്യമയിയുടെ പേടിച്ചുതളർന്ന വരവുകണ്ട് കീചകൻ സന്തുഷ്ടനായി. ഇരുകൈയും നീട്ടി മുന്നോട്ടണഞ്ഞ്, ''സ്വാഗതം മാലിനീ, സുന്ദരിയായ നീ എന്റെ അരികിലേക്കു വന്നല്ലോ. ഇതാ നിനക്കുവേണ്ടി ഞാൻ ഒരുക്കിവെച്ചിരിക്കുന്ന സുവർണഭൂഷണങ്ങളും പട്ടാടകളും നോക്കുക. ഈ ദിവ്യമായ പട്ടുമെത്ത നോക്കുക. ഇവിടെയിരുന്ന് ഈ വിശിഷ്ടമായ മദ്യം നമുക്കൊന്നിച്ചു സേവിക്കാം. വരൂ സുന്ദരീ, വരൂ വരൂ'' എന്നു വിളിച്ചു.

പാഞ്ചാലി പറഞ്ഞു. ''രാജകുമാരാ, ഈ പാത്രത്തിൽ മദ്യം വാങ്ങിക്കൊണ്ടുവരാൻ എന്നോടു രാജ്ഞി കൽപ്പിച്ചിരിക്കുന്നു. വേഗം തന്നാലും. എനിക്കുപോകണം.''

''സുന്ദരീ, മദ്യം ഞാൻ വേറെ കൊടുത്തയച്ചുകൊള്ളാം.'' എന്നുപറഞ്ഞ് കീചകൻ പാഞ്ചാലിയുടെ താമരത്താരൊത്ത വലംകൈയിൽ പിടിച്ചു വലിക്കുകയായി. 'വിടൂ.. വിടൂ...' എന്ന് പിടഞ്ഞകലുന്ന അവളുടെ ചേലത്തലപ്പിൽ കീചകൻ പിടികൂടി വലിച്ചപ്പോൾ ക്രുദ്ധയായ ദ്രൗപദി ഒറ്റത്തട്ടിൽ അവനെ നിലംപതിപ്പിച്ചു. കരഞ്ഞുകൊണ്ട് ഓടുന്ന അവളെ, പിടഞ്ഞെഴുന്നേറ്റ് പിന്നാലെ ചെന്ന് തലമുടിക്കു പിടിച്ചുനിർത്താൻ കീചകൻ ശ്രമിച്ചപ്പോൾ വീണ്ടും കുടഞ്ഞുകളഞ്ഞിട്ട് അവൾ രാജാവ് ഇരിക്കുന്നിടത്തേക്ക് ഓടിച്ചെന്നു. ക്രുദ്ധനായ കീചകൻ പിന്നാലെ ഓടിയെത്തി പാഞ്ചാലിയുടെ തലമുടിയിൽ പിടിച്ച് അവളെ തള്ളിയിട്ട് ആഞ്ഞുചവിട്ടി.

രാജസന്നിധിയിൽ നടന്ന ഈ ദുഷ്കർമം കണ്ട് രാജാവും സദസ്യരുമെല്ലാം സംഭ്രാന്തരായി. രാജാവിനൊപ്പം ചൂതുകളിച്ചുകൊണ്ടിരുന്ന കുങ്കന്റെ നെറ്റിത്തടം വിയർത്തു. ദ്രൗപദി എഴുന്നേറ്റ് രാജാവിനെ നോക്കി ഉഗ്രഭാവേന ഇങ്ങനെ പറഞ്ഞു.

''മഹാരാജാവേ, ആരുടെ ഞാണൊലി ഭേരീനാദം പോലെ മുഴങ്ങി ശത്രുക്കളെ


## തളിര് തപാലിൽ ലഭിക്കാൻ

തളിര് വാർഷിക വരിസംഖ്യ 160രൂപ.
ഡിഡി/മണിയോർഡർ ആയി
പണമയയ്ക്കാം.
അയയ്ക്കേണ്ട വിലാസം:

എഡിറ്റർ
തളിര്
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം,
സംസ്കൃത കോളേജ് കാമ്പസ്
തിരുവനന്തപുരം 34

തളർത്തുന്നുവോ, ആ വീരന്മാരുടെ ധർമ പത്നിയെയാണ് ഇതാ ഇവൻ ചവിട്ടിയത്. തേജസ്സും ശക്തിയും അഭിമാനവുമുള്ള മഹാരഥന്മാരുടെ പത്നിയെയാണ് ഇവൻ ചവിട്ടിയത്. ധർമത്തിൽ അടിയുറച്ചവരും ശരണാർഥികൾക്കു ശരണം നൽകുന്നവരുമായ ആ മഹാപുരുഷന്മാർ ഈ നീചൻ അവമാനിച്ച സതിയായ പത്നിയെ സംരക്ഷിക്കാതെ എവിടെപ്പോയിരിക്കുന്നു! ഹേ, വിരാടരാജാവേ, എവിടെപ്പോയീ അങ്ങയുടെ ധർമം! അങ്ങയുടെ മുന്നിൽ ഈ നീചകർമം ചെയ്യുന്നവനെ ശിക്ഷിക്കാൻ എന്തുകൊണ്ട് അങ്ങയുടെ ഹസ്തം ഉയരുന്നില്ല! ഹാ! കീചകനു മാത്രമല്ല ധർമമറിയാത്തത്. വിരാടരാജാവിനും ധർമമറിയുകയില്ല, ഈ സഭാവാസികളും ധർമമെന്തെന്നറിയുന്നില്ല!''

കണ്ണീരൊഴുക്കിക്കൊണ്ടു ശാപവാക്കുകൾ പറയുന്ന പാഞ്ചാലിയോട് പരിഭ്രാന്തനായ രാജാവു പറഞ്ഞു.

''നിങ്ങൾ തമ്മിലുള്ള ശത്രുതയ്ക്കു കാരണം ഞാനറിയുന്നില്ലല്ലോ. കാര്യമറിയാതെ ഞാൻ എന്തുചെയ്യാനാണ്?''

രാജാവിങ്ങനെ പറഞ്ഞിട്ടും സദസ്യർ കീചകനെ ഭത്സിച്ചും സൈരന്ധ്രിയെ സ്തുതിച്ചും ശബ്ദമുയർത്തി. കുങ്കബ്രാഹ്മണൻ മേഘഗംഭീരസ്വരത്തിൽ അപ്പോൾ അവളോടിങ്ങനെ പറഞ്ഞു.

''സൈരന്ധ്രീ, നീയിവിടെ നിൽക്കേണ്ട, സുദേഷ്ണയുടെ അന്തപ്പുരത്തിലേക്കു പോകൂ. ഭർത്താവിനെ പിന്തുടരുന്ന വീരപത്നിയുടെ കഠിനക്ലേശഫലമായി അവളുടെ പതി ലോകം ജയിക്കും.''

അപ്പോൾ സഭാഗൃഹത്തിനു വാതിലിൽ ക്രോധോഗ്രമായ ഒരു മുഖം കാണായി. പുരികങ്ങൾ വളഞ്ഞും ചുണ്ടുകടിച്ചും വിയർത്തും വീണ്ടും വീണ്ടും കൈകൊണ്ടു നെറ്റി അമർത്തിത്തുടച്ചും മുന്നോട്ടു കുതിക്കാനായുന്ന, സിംഹംപോലെ നിൽക്കുന്ന വല്ലവനെക്കണ്ട് കുങ്കൻ ചോദിച്ചു.

''എന്താണ് വൃക്ഷത്തെ നോക്കുന്നതു വല്ലവാ? വിറകിനാണോ? അതിന് കുറച്ചു ദൂരെയുള്ള മരം നോക്കുക.''

അരികിൽച്ചെന്ന് കാൽവിരൽകൊണ്ട് വല്ലവന്റെ കാലിൽ അമർത്തി.

''അടങ്ങുക. നമ്മെ ആരും തിരിച്ചറിയാനിടവരരുത്.''

കുങ്കൻ ആ കഠിനക്രോധത്തെ അടക്കി. അഗ്നിജ്വാലപോലെ ജ്വലിച്ചു കൊണ്ടുനിൽക്കുന്ന സൈരന്ധ്രിയോടു കുങ്കൻ വീണ്ടും

**അപ്പോൾ സഭാഗൃഹത്തിനു വാതിലിൽ ക്രോധോഗ്രമായ ഒരു മുഖം കാണായി. പുരികങ്ങൾ വളഞ്ഞും ചുണ്ടുകടിച്ചും വിയർത്തും വീണ്ടും വീണ്ടും കൈകൊണ്ടു നെറ്റി അമർത്തിത്തുടച്ചും മുന്നോട്ടു കുതിക്കാനായുന്ന, സിംഹംപോലെ നിൽക്കുന്ന വല്ലവൻ.**

പറഞ്ഞു.

''സൈരന്ധ്രീ, നിന്റെ കാന്തന്മാർക്ക് ക്രോധത്തിന്റെ കാലമായിട്ടില്ല. അതാണ് ആ ഗന്ധർവന്മാർ ഉടൻ എത്താത്തത്. അരങ്ങിൽ നിന്നുകരഞ്ഞ് രാജാവിന്റെ ചൂതുകളിക്ക് വിഘ്നമുണ്ടാക്കാതെ പോകൂ, ഗന്ധർവന്മാർ നിന്റെ ദു:ഖം തീർത്തുകൊള്ളും.''

സൈരന്ധ്രി ചൊടിച്ചു.

''അവർ വലിയ ദയാലുക്കളാണ്! ചൂതുകളിക്കാരനായ ഒരു ജ്യേഷ്ഠനുള്ള അവരെ ആർക്കാണ് അടക്കാൻ വയ്യാത്തത്?''

കോപംകൊണ്ടു ചുവന്നുകലങ്ങിയ കണ്ണുകളും അഴിഞ്ഞു ചിതറിയ കാർകൂന്തലുമായി സൈരന്ധ്രി അന്തപ്പുരത്തിലേക്കു പോയി. ആശ്വസിപ്പിക്കുവാൻ ശ്രമിച്ച സുദേഷ്ണയോട് അവൾ കഠിനസ്വരത്തിൽ പറഞ്ഞു.

''മഹാറാണീ, കുറ്റം ചെയ്തവൻ കൊല്ലപ്പെടും. അതു നിശ്ചയം.'' ഇതുപറഞ്ഞ് അവൾ സ്വസ്ഥാനത്തേക്കു പോയി.

അടിച്ചുനനച്ചു കുളിച്ച് കീചകൻ തൊട്ട മേനി ശുദ്ധമാക്കിയിട്ട് പാഞ്ചാലി നനഞ്ഞ വസ്ത്രവും കണ്ണീരുകൊണ്ടു നനഞ്ഞ മുഖവുമായി അർധരാത്രിയിൽ രാജാവിന്റെ അടുക്കളയിലേക്കു ചെന്നു. അവിടെ ഗിരിസന്നിഭനായ ഭീമൻ ഉറങ്ങിക്കിടക്കുന്നതുകണ്ട് സുപ്ത സിംഹത്തെ ഉണർത്തുന്ന പെൺസിംഹത്തെപ്പോലെ പാഞ്ചാലി ഭീമനെ കോപത്തോടെ പുണർന്നുകൊണ്ട് ചോദിച്ചു.

''ഭീമസേനാ, അങ്ങ് ചത്തുവോ? ഭാര്യയെ തൊട്ട ദുഷ്ടൻ അല്ലെങ്കിൽ ജീവിച്ചിരിക്കുമോ!''

ഭീമൻ മഴമേഘംപോലെ എഴുന്നേറ്റിരുന്നു.

''പ്രിയേ, എന്താണുണ്ടായതെന്നു പറയൂ. നിനക്ക് വേണ്ടതു ചെയ്തുതരുന്നവനാണു ഞാൻ. ആപത്തിനു കാരണമെന്തെന്ന് എന്നോടു പറഞ്ഞിട്ട് ആരെങ്കിലും അറിയുന്നതിനു മുമ്പ് കിടപ്പറയിലേക്കു പോകൂ. വേഗമാവട്ടെ.''

(തുടരും.)

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## 48 ത്യാഗത്തിനു ചില ഉദാഹരണങ്ങൾ

ചളുങ്ങിയ സ്റ്റീൽപാത്രത്തിൽ
പകർന്നുവച്ച ചൂടുകഞ്ഞിയിൽ
വീണലിഞ്ഞുപോം ഉപ്പുതരികളും
അരണ്ടവെളിച്ചം പുറത്തുവിടുന്ന
മണ്ണെണ്ണവിളക്കിന്റെ കരിന്തിരിയും
വൃത്തികേടുകൾ നീക്കം ചെയ്യാൻ
ഒത്തുകൂടിയ ഈർക്കിൽചൂലും
ഇറ്റുവീഴും കണ്ണുനീര്
ഒപ്പിയെടുക്കും തൂവാലയും
കറികൾക്കെല്ലാം രുചിപകർന്നാലും
ആർക്കുംവേണ്ടാക്കറിവേപ്പിലയും
ത്യാഗത്തിന്റെ ഉദാഹരണങ്ങൾ.



**ലൂക്കോസ് ജോർജ്,**
**ക്ലാസ്സ് 9,**
**ഗവ. എച്ച് എസ് എസ് പുത്തൂർ, പുത്തൂർ**
**പി ഒ, കൊല്ലം 691507**



# വിരലുകൾ

കരഞ്ഞു-കരഞ്ഞ്
കണ്ണു കഴയ്ക്കുമ്പോൾ
പല തവണ വന്നു
തലോടിയിട്ടുണ്ടെന്റെ
വിരലുകൾ.

**റൊമീല കെ പി,**
**ക്ലാസ് 9 എ,**
**ജി വി എച്ച്. എസ് എസ്**
**പത്തിരിപ്പാല.**



# കള്ളപ്പൂച്ച

പമ്മിപ്പമ്മി വരുന്നുണ്ടേ
കുഞ്ഞിപ്പൂച്ച കരിംപൂച്ച
പാത്രംതട്ടി ഉടയ്ക്കാനോ
പാല് കട്ടുകുടിക്കാനോ
അമ്മയറിഞ്ഞാൽ കിണ്ടിണ്ടം
കള്ളപ്പൂച്ചേ ഓടിക്കോ.

**അദ്വൈത് ആർ ജി,**
**ക്ലാസ് 2 സി,**
**ശബരിഗിരി സ്കൂൾ,**
**അഞ്ചൽ**



വര: ഗോപു പട്ടിത്തറ

# മോട്ടോർ പമ്പ്

**അരവിന്ദ് ഗുപ്ത**

**ഡിസൈൻ:
സഞ്ജയ് കപൂർ**



കുഞ്ഞുമോട്ടോറും ഫിലിം ഡപ്പിയും ഉപയോഗിച്ച് ഒരു പമ്പ് നിർമ്മിച്ചാലോ..?



**ആവശ്യമുള്ള സാധനങ്ങൾ**

- മോട്ടോർ
- ഫിലിം ഡപ്പി
- പ്ലാസ്റ്റിക് കുഴൽ 2 എണ്ണം
- ഇരുവശത്തും പശയുള്ള ടേപ്പ്
- കത്രിക • പശ • ബാറ്ററി
- ഫോംറബറിന്റെ ഒരു കഷണം
- ബാൾപെൻ റീഫിൽ
- അലൂമിനിയം സ്ട്രിപ് (6cm x 1cm)



ഈ പമ്പ് പ്രവർത്തിക്കുന്നത് എങ്ങനെയായിരിക്കും? എല്ലാ പമ്പുകളുടെയും പ്രവർത്തനം ഇങ്ങനെ തന്നെ ആണോ? അന്വേഷിച്ചു കണ്ടെത്തൂ. എന്നിട്ട് തളിരിനെഴുതൂ.




**1** ഫിലിംഡപ്പിയിൽ ചിത്രത്തിലേതുപോലെ രണ്ട് തുളകൾ ഇടുക. ഒരു തുള അടപ്പിനു നടുവിലും വേണം. തുളകളിൽ ഇരുവശത്തും പശയുള്ള ടേപ്പ് ഒട്ടിക്കുക. ടേപ്പിനു നടുവിലും തുളയിടണം.



**2** പ്ലാസ്റ്റിക്കുഴൽ ഡപ്പിയുടെ പുറകിലെ തുളയിൽ ഉറപ്പിക്കുക.



**3** ഡപ്പിയുടെ വശത്തെ തുളയിൽ ഒട്ടിച്ച ടേപ്പിൽ ഒരു ഫോംറബർ കഷണവും ഒട്ടിക്കണം. പ്ലാസ്റ്റിക് റ്റ്യൂബ് ഇതിനുള്ളിൽ ഉറപ്പിക്കണം.



**4** അലൂമിനിയം കഷണം എടുത്ത് മടക്കിഒരുഫാൻ ഉണ്ടാക്കുക. ബാൾപെൻ റീഫിൽ മുറിച്ചെടുത്ത് ഇതിനുള്ളിൽ പശയുപയോഗിച്ച് ഉറപ്പിക്കണം.



**5** ഡപ്പിയുടെ അടപ്പിലെതുളയിലും ഇരുവശത്തും പശയുള്ള ടേപ്പ് ഒട്ടിക്കണം ഇതിനു നടുവിലൂടെ മോട്ടോറും ഉറപ്പിക്കാം. മോട്ടോറിന്റെ ഷാഫ്റ്റിൽ ഫാൻ പിടിപ്പിക്കുക.



**6** ഇനി ബാറ്ററി കണക്റ്റ് ചെയ്ത് ഫാൻ കറങ്ങുന്നു എന്നുറപ്പാക്കുക. ഈ സംവിധാനം കുഴലുകൾ ഘടിപ്പിച്ച ഡപ്പിയിൽ ഘടിപ്പിക്കുക.





**7** ഡപ്പിയിൽ നിറയെ വെള്ളം നിറയ്ക്കുക. ഫാൻ ഉള്ള അടപ്പുപയോഗിച്ച് അടയ്ക്കുക. ഡപ്പിയുടെ പുറകിലുറപ്പിച്ച കുഴൽ വെള്ളത്തിൽ ഇറക്കിയശേഷം മോട്ടോർ കറക്കിനോക്കൂ. വെള്ളം പമ്പു ചെയ്തു തുടങ്ങുന്നതു കാണാം!

Printed and Published by **Dr. Paul Manalil** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# കഥോത്സവം - 100 രാജ്യം 100 കഥ
## പ്രകാശനം ചെയ്തു.






കഥാകൃത്ത് ജോൺ സാമുവൽ പുനരാഖ്യാനം ചെയ്ത് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച **'കഥോത്സവം - 100 രാജ്യം, 100 കഥ'** എന്ന പുസ്തകം പ്രശസ്ത ചലച്ചിത്രസംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ പ്രകാശനം ചെയ്തു. കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരൻ പുസ്തകം ഏറ്റുവാങ്ങി. 2016 ഏപ്രിൽ 20നു രാവിലെ 11 മണിക്ക് തിരുവനന്തപുരം പ്രസ് ക്ലബിൽ നടന്ന ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ പോൾ മണലിൽ അദ്ധ്യക്ഷനായിരുന്നു. തിരുവനന്തപുരം പ്രസ് ക്ലബ് പ്രസിഡന്റ് ആർ അജിത് കുമാർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റന്റ് ഡയറക്ടർ ബി പ്രസാദ്, അസിസ്റ്റന്റ് എഡിറ്റർ രാധികാദേവി ടി ആർ എന്നിവർ സംസാരിച്ചു. 100 രാജ്യങ്ങളിൽ നിന്നും തിരഞ്ഞെടുത്ത 100 നാടോടിക്കഥകളാണ് പുസ്തകത്തിൽ. അരുണ ആലഞ്ചേരി വരച്ച ഇരുന്നൂറോളം ചിത്രങ്ങളും പുസ്തകത്തിലുണ്ട്.

# അക്ഷരചിത്രം

**ഭരണിക്കാവ് കൃഷ്ണൻ**

5, 6 എന്നീ അക്ഷരങ്ങളാൽ ചൂണ്ടയിടുന്ന കുട്ടിയെ വരയ്ക്കാം.






**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70
Regd KL/TV (N)/399/2015-2017

May2016
Published on 29-04-2016 Vol:22, Issue:5, ₹15

# ഇന്ററാക്ടീവ് പുസ്തകങ്ങൾ

## ഇനി കളിക്കാനും ചിന്തിക്കാനും കൂട്ടുകൂടാനും പുസ്തകങ്ങൾ

- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നു
- മലയാളത്തിൽ ആദ്യമായി ഇന്ററാക്ടീവ് പുസ്തകങ്ങൾ
- പ്രൈമറി കുട്ടികൾക്കുള്ള ഉപഹാരം

